# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 ഒക്ടോബർ വോള്യം: 10 ലക്കം: 2

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള

ചുമട്ടുതൊഴിലാളി നിയമം സംരക്ഷിക്കണം



എളമരം കരീം എം.പി 08




ലേബർ കോഡുകളും 1979ലെ മൈഗ്രന്റ് ലേബർ ആക്ടും താരതമ്യ പഠനം

കെ.എൻ. ഗോപിനാഥ് 13

സമീപകാല ചരിത്രത്തിലെ ഉയർന്ന ഭക്ഷ്യ വിലക്കയറ്റം




ജോസ് ടി എബ്രഹാം 18

കൽക്കരി ക്ഷാമം : ജനം ദുരിതത്തിൽ



22

ഒരു ചീത്ത ബാങ്കും ബാക്കി നല്ല ബാങ്കുകളും




25 തോമസ് ഐസക്ക്

നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ

35 തപൻ സെൻ

ലോക ചരിത്രത്തിൽ തൊഴിലാളി പ്രസ്ഥാനം




എൻ. പത്മലോചനൻ

36

സമരഭേരി മുഴക്കി സർവീസ് മേഖല

എം.എ. അജിത്കുമാർ 42

ക്ഷേമനിധി നേടാൻ ചെത്തു തൊഴിലാളികളുടെ സമരങ്ങൾ

45 കെ.എം. സുധാകരൻ

# ഇന്ത്യയെ തകർക്കുന്ന മോഡി ഭരണം

1991-ൽ ആരംഭിച്ച നവ ഉദാരവത്കരണനയങ്ങൾ തന്നെയാണ്, ബി.ജെ.പി സർക്കാരുകളും നടപ്പാക്കിവരുന്നത്. 1998-2004 കാലത്തെ വാജ്പെയ് സർക്കാരും, 2014 മുതലുള്ള മോഡിസർക്കാരും, ഉദാരവത്കരണ നയങ്ങൾ തീവ്രമായി നടപ്പാക്കുന്നവരാണ്. ഈ നയങ്ങൾ രാജ്യത്തെ സാമ്പത്തിക, കാർഷിക, തൊഴിൽ മേഖലകളിൽ, ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഇതിനകം സൃഷ്ടിച്ചത്.

1992-ൽ ബജറ്റവതരിപ്പിച്ചുകൊണ്ട്, ഡോ. മൻമോഹൻസിംഗ് നടത്തിയ പ്രസംഗത്തിൽ രാജ്യത്ത് നടപ്പാക്കിയ സാമ്പത്തിക നയങ്ങളിൽ വലിയ പിശകുണ്ടെന്നും, അത് തിരുത്തേണ്ട സമയം ആസന്നമായി എന്നുമാണ് പറഞ്ഞിരുന്നത്. "ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി എന്നിവരെല്ലാം നടപ്പാക്കിയത് തെറ്റായ നയങ്ങളായിരുന്നു എന്നാണോ താങ്കൾ പറയുന്നത്." കോൺഗ്രസ്സ് പാർലമെന്ററിബോർഡ് യോഗത്തിൽ അംഗങ്ങൾ ചോദ്യമുയർത്തി എനിക്ക് മൂന്ന് വർഷങ്ങൾ തരു; എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. എന്നായിരുന്നു മൻമോഹൻസിംഗിന്റെ മറുപടി. 30 വർഷം പിന്നിടുന്ന അദ്ദേഹത്തിന്റെ നയങ്ങൾ, രാജ്യത്തെ ഗുരുതരമായ അവസ്ഥയിലാണ് എത്തിച്ചിരിക്കുന്നത്.

സമ്പദ്ഘടനയിൽ പരിഷ്ക്കാരങ്ങൾ ആവശ്യമായിരുന്നു. "അഴിമതി നിർമ്മാർജ്ജനം ചെയ്യൽ, ഭരണ സംവിധാനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കൽ, വികസനത്തിന്റെ ദിശ ജനക്ഷേമം എന്ന ലക്ഷ്യമുള്ളതാക്കൽ" ഇത്തരം പരിഷ്ക്കാരങ്ങളാണ് വേണ്ടിയിരുന്നത്. എന്നാൽ രാജ്യത്ത് നടപ്പാക്കപ്പെട്ടത്, കോർപ്പറേറ്റനുകൂല പരിഷ്ക്കാരനയങ്ങളാണ്. പൊതുമേഖല സ്വകാര്യവത്കരിക്കൽ, എല്ലാ മേഖലയിൽ നിന്നും സർക്കാർ പിൻവാങ്ങൽ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ തുടങ്ങിയ മേഖലകൾ പോലും സ്വകാര്യ കുത്തകകളെ ഏൽപ്പിക്കൽ തുടങ്ങിയ നടപടികളാണ്, പരിഷ്ക്കാരങ്ങളുടെ പേരിൽ നടപ്പാക്കപ്പെട്ടത്. അഴിമതി നിർമ്മാർജ്ജനം ചെയ്യൽ, ദാരിദ്ര്യം തുടച്ചുനീക്കൽ, ജാതി ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കൽ, ജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കൽ തുടങ്ങിയ പരിഷ്ക്കാരങ്ങളായിരുന്നു ജനങ്ങൾക്ക് വേണ്ടിയിരുന്നത്. ചൈന ഉയർത്തിയ മാതൃക ഈ ദിശയിലാണ്. ഇന്ത്യയുടേത് നേർവിപരീതവും.

കഴിഞ്ഞ 30 വർഷങ്ങളിലെ ഉദാരവത്കരണ നയങ്ങൾ, വിമർശിക്കപ്പെടുമ്പോൾ, എന്തിനായിരുന്നു പൊതു മേഖലാ സംരക്ഷണം, സർക്കാർ നേതൃത്വത്തിലുള്ള സാമൂഹ്യ സുരക്ഷ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കപ്പെടണം. ബാങ്ക് ദേശസാത്ക്കരണത്തിന്റെ ഉദാഹരണമെടുക്കാം. ദേശസാത്ക്കരണത്തിന് ശേഷം ഗ്രാമങ്ങളിൽ ബാങ്ക് ശാഖകൾ വ്യാപിച്ചു. ബാങ്ക് നിക്ഷേപം വർദ്ധിച്ചു. ചെറുകിടക്കാർക്കും, ദരിദ്രർക്കും, ബാങ്ക് വായ്പ, ഉദാരവ്യവസ്ഥയിൽ ലഭ്യമായി. ഒരു പിടി കുത്തകകളുടെ നിയന്ത്രണത്തിൽ നിന്നും ബാങ്കുകൾ മോചിതമായി; ബാങ്ക് മാനേജ്മെന്റ് വൈദഗ്ധ്യം ഉയർന്നു, സാധാരണജനങ്ങൾ ദേശസാത്കൃത ബാങ്കുകളിൽ ഇടപാടുകാരായി. 1990 ആവുമ്പോഴേക്ക് ഗ്രാമ പ്രദേശങ്ങളിലും ചെറു നഗരങ്ങളിലും ദേശസാത്കൃത ബാങ്കുകളുടെ ബ്രാഞ്ചുകളുടെ എണ്ണം വർദ്ധിച്ചിരുന്നു. ഗ്രാമീണ ജനതക്കുള്ള കാർഷികസ്വയം തൊഴിൽ വായ്പകളും, ചെറുകിട സംരംഭകർക്കുള്ള വായ്പകളും വർദ്ധിച്ചു. വായ്പകൾ ലഭ്യമാക്കുന്നതിന്, സർക്കാർ മുൻഗണനാവിഭാഗങ്ങളെ നിശ്ചയിച്ചിരുന്നു. ബാങ്കുകളിൽ ധാരാളം യുവജനങ്ങൾക്ക് ജോലി ലഭിക്കാനിടയായി. സംവരണതത്വം പാലിക്കപ്പെട്ടു.

ആ കാലത്ത്, സാമ്പത്തിക അസമത്വം കുറഞ്ഞ് വന്നിരുന്നു. ദരിദ്ര്യ ജനതയുടെ വരുമാനത്തിൽ, കുറഞ്ഞ തോതിലാണെങ്കിലും വർദ്ധനവുണ്ടായി. 2018 ആവുമ്പോൾ സ്ഥിതി നേരെ വിപരീതമായി. 2018-ലെ "ഇന്ത്യാ സോഷ്യൽ ഡവലപ്മെന്റ് റിപ്പോർട്ട് " അനുസരിച്ച്, ജനസംഖ്യയുടെ മുകൾത്തട്ടിലെ 10 ശതമാനം വരുന്ന സമ്പന്ന വിഭാഗങ്ങളുടെ സമ്പത്ത്, ആകെ സമ്പത്തിന്റെ 80.7 ശതമാനമായി കുത്തനെ ഉയർന്നു. താഴെത്തട്ടിലുള്ള 50 ശതമാനം ജനതയുടെ സമ്പത്ത് കേവലം 2.8 ശതമാനം മാത്രമായിരുന്നു. സമ്പത്തുള്ളവർ കൂടുതൽ സമ്പന്നരായി, ദരിദ്ര്യർ പാപ്പരായി. ബാങ്ക് സ്വകര്യവത്കരണമുൾപ്പെടെയുള്ള നയങ്ങളുടെ അനന്തരഫലമാണീ അവസ്ഥ.

245 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ ദേശസാത്കരിച്ച്, ഒരുമിച്ച് ചേർത്താണ് 1956- ൽ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ (LIC ) രൂപീകരിച്ചത്. 5 കോടി രൂപയാണ്, പ്രാഥമിക മൂലധനമായി കേന്ദ്ര സർക്കാർ നൽകിയത്. ഇപ്പോൾ എൽ.ഐ.സിയുടെ ആസ്തികളുടെ വില കണക്കാക്കിയാൽ, 38 ലക്ഷം കോടി രൂപ വരും. ഈ സ്ഥാപനത്തെയും സ്വകാര്യ കുത്തകകൾക്ക് നൽകാനാണ് മോഡി സർക്കാർ നീക്കം. ലാഭത്തിന്റെ 95 ശതമാനവും, പോളിസിയുടമകൾക്ക് നൽകുന്ന സ്ഥാപനമാണ് എൽ.ഐ.സി. എൽ.ഐ.സിയുടെ ക്ലെയിംസ് സെറ്റിൽമെന്റ് നിരക്ക് 99.6 ശതമാനമാണ്. ലോകത്തിലെ മികച്ച ഇൻഷ്വറൻസ് കമ്പനികളിലൊന്നാണ് എൽ.ഐ.സി.

ലോകത്തിലെ ഒന്നാംകിടയിലുള്ള സ്ഥാപനമാണ് ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ (GIC); 2015-ൽ മോഡി സർക്കാർ കൊണ്ടു വന്ന ഇൻഷുറൻസ് നിയമ ഭേദഗതി അനുസരിച്ച് ഇൻഷ്വറൻസ് മേഖലയിലെ വിദേശ ഓഹരി പങ്കാളിത്തം 26 ശതമാനത്തിൽ നിന്ന് 49 ശതമാനമായി ഉയർത്തി. ഇപ്പോൾ, ജി.ഐ.സി.യെ സമ്പൂർണ്ണമായി സ്വകാര്യവത്കരിക്കാനുള്ള നിയമം, പാർലമെന്റ് പാസ്സാക്കി. പ്രതിപക്ഷത്തിന്റെ കൂട്ടായ എതിർപ്പിനെ സർക്കാർമാനിച്ചില്ല.

ജനസംഖ്യയുടെ മുന്നിൽ രണ്ട് ഭാഗം കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഉദാരവത്കരണനയങ്ങൾ, കാർഷിക മേഖലയിൽ, ഗുണപരമായ മാറ്റങ്ങളല്ല സൃഷ്ടിച്ചത്. വരുമാനം ഉയരാത്തതിനാൽ, ഇന്ത്യൻ കർഷകരിൽ പകുതിയും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഗ്രാമീണ ജനതയുടെ വാങ്ങൽ കഴിവ് ഉയരുന്നില്ല. ഇത് കാരണം, വ്യവസായ വളർച്ചയും മുരടിക്കാനിടയാകുന്നു. കാർഷികരംഗത്തെ നാടുവാഴിത്തജന്മിത്ത സമ്പ്രദായങ്ങൾ, ഇപ്പോഴും ഊനം തട്ടാതെ തുടരുന്നതും, കാർഷിക മേഖലയിലെ ഗുരുതര പ്രശ്നമാണ്. കേരളം, ബംഗാൾ, ത്രിപുര, സംസ്ഥാനങ്ങളിൽ മാത്രമാണ് കാർഷിക പരിഷ്കരണ നടപടികൾ ഉണ്ടായത്. ഈ സ്ഥിതികളെല്ലാം, 1991- ലെ നവ ഉദാരവത്കരണ നയങ്ങൾ മൂലം സങ്കീർണമായി.

കാർഷിക ഉത്പാദന വളർച്ചാ നിരക്ക് ഉയർത്താൻ കേന്ദ്ര സർക്കാർ ഫലപ്രദമായ നടപടി സ്വീകരിച്ചില്ല. കാർഷിക മേഖലയിലെ മൊത്തം സമ്പത്ത് ഉത്പാദനത്തിന്റെ 2 ശതമാനമെങ്കിലും, കൃഷി വികസനത്തിനും ഗവേഷണത്തിനും മറ്റുമായി ചെലവഴിക്കപ്പെടണം. ചൈന കൃഷിയെ വികസിപ്പിക്കുന്നത്, ഈ നിലപാട് സ്വീകരിച്ചുകൊണ്ടാണ്.

തദ്ദേശീയ ഗവേഷണ പ്രവർത്തനം ശക്തിപ്പെടുത്തിയ ശേഷം, ബഹു രാഷ്ട്ര കുത്തക കാർഷിക കമ്പനിയായ 'മോൺസാന്റോ'യെ ചൈന പുറത്താക്കി. മോൺസാന്റോ ഈടാക്കിയിരുന്ന വിലയുടെ 25 ശതമാനം വിലയ്ക്ക് അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ചൈന വികസിപ്പിച്ചെടുത്തു. പൊതുനിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ടാണ് ചൈന ഈ നേട്ടം കൈവരിച്ചത്. ഇക്കാര്യത്തിൽ ഇന്ത്യ പരാജയപ്പെട്ടു. നമ്മുടെ രാജ്യം ഇപ്പോഴും 'മോൻസാന്റോ' പോലുള്ള അന്തർ ദേശീയ കുത്തക കമ്പനികളെ ആശ്രയിക്കുകയാണ്. പൊതുനിക്ഷേപം വർദ്ധിക്കുന്നില്ല.

നവഉദാരവത്കരണനയങ്ങൾആരംഭിക്കുന്നതിന്മുമ്പ് 1980 കളിൽകാർഷികവളർച്ചഇപ്പോഴത്തേതിനേക്കാൾ കൂടുതലായിരുന്നു. ഉദാരവത്കരണ നയങ്ങൾ ഇന്ത്യൻ കാർഷിക മേഖലയെ തളർത്തി. 2015–22 കാലയളവിൽ, കാർഷിക വരുമാനം, ഇരട്ടിപ്പിക്കുമെന്നായിരുന്നു മോഡിയുടെ വാഗ്ദാനം. ഈക്കാര്യത്തിൽ മോഡിസർക്കാർ ദയനീയമായി പരാജയപ്പെട്ടു. നോട്ടു നിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി, മുതലായവ കാർഷിക മേഖലയിലും, പ്രത്യാഘാതങ്ങളുണ്ടാക്കി. ഉദാരവത്കരണ നയങ്ങളാണ് തങ്ങളെ തകർത്തതെന്ന് ബോദ്ധ്യമുള്ള കർഷകർ കടുത്ത രോഷത്തിലാണ്.

1995 ന് ശേഷം ഉദാരവത്കരണ കാലഘട്ടത്തിൽ 4 ലക്ഷം കർഷകരാണ് ആത്മഹത്യ ചെയ്തത്. പാർലമെന്റ് പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങൾ, ഇന്ത്യൻ കർഷകരെ കൂടുതൽ ദുരിതത്തിലേക്ക് തള്ളുമെന്ന് അവർ തിരിച്ചറിയുന്നു. അതാണ് കഴിഞ്ഞ പത്ത് മാസമായി തുടരുന്ന ഐതിഹാസികമായ കർഷക പ്രക്ഷോഭം. സർക്കാരിന്റെ എല്ലാ വിധ അടിച്ചമർത്തൽ നയങ്ങളെയും ചെറുത്ത് കൊണ്ട് കർഷക സമരം കൂടുതൽ കരുത്താർജ്ജിക്കുകയാണ്.

'മൃഗതൃഷ്ണ'യോടെ ലാഭം വർദ്ധിപ്പിച്ച് സമ്പത്ത് വാരികൂട്ടാൻ ശ്രമിക്കുന്ന വൻകിട കോർപ്പറേറ്റുകളുടെ

വാഴ്ചയാണ് നവഉദാരവത്കരണ കാലം. പൊതുസമ്പത്ത്, സ്വകാര്യ വത്കരണത്തിലൂടെ കൈക്കലാക്കുന്നു. എല്ലാ ധാതുവിഭവങ്ങളും കൈവശപ്പെടുത്തുന്നു. കുത്തകകൾക്ക് നൽകുന്ന നികുതി നിരക്കുകൾ, ആഗോളതലത്തിൽ 79 ശതമാനം കുറഞ്ഞു. ഇന്ത്യയിലും വൻ തോതിൽ കുറവ് വരുത്തി. 2008 -ലെ ലോക സാമ്പത്തിക പ്രതിസന്ധിയ്ക്ക് ശേഷം, മൂന്ന്‌വർഷം കൊണ്ട് കോർപ്പറേറ്റുകൾ അവരുടെ നഷ്ടമെല്ലാം നികത്തി. 2018 ആവുമ്പോൾ അവരുടെ സമ്പത്ത് ഇരട്ടിയാക്കി. ഊഹക്കച്ചവടത്തിലൂടെയാണ് കോർപ്പറേറ്റുകൾ വൻ തോതിൽ സമ്പത്താർജ്ജിക്കുന്നത്.

ലോക ജനതയിൽ, തൊഴിൽ ചെയ്ത് വരുമാനം നേടുന്നവരുടെ 80 ശതമാനവും, 2008 ന് മുമ്പുള്ള അവസ്ഥയിലേക്ക് തിരിച്ചെത്തിയിട്ടില്ല. തൊഴിലാളികൾക്കും, അവരുടെ ട്രേഡ് യൂണിയനുകൾക്കും നേരെ കടുത്ത ആക്രമണമാണ് നടക്കുന്നത്. അമേരിക്കയിൽ, 1979 ൽ 4 ൽ 1 എന്ന തോതിലാണ് തൊഴിലാളികൾ ട്രേഡ് യൂണിയനിൽ ചേർന്നത് എങ്കിൽ, ഇപ്പോഴത് 10 ൽ 1 ആയി കുറഞ്ഞു. ഓക്സ്ഫാം ഇന്റർനാണൽ (സാമ്പത്തിക അസമത്വം സംബന്ധിച്ച് പഠനം നടത്തുന്ന ഏജൻസി). തലവൻ ദീപക് സേവ്യർ പറഞ്ഞത്, ഇപ്രകാരമാണ്. "ഒരു മിനുട്ടിൽ 11 പേർ എന്ന തോതിലാണ് പട്ടിണി മൂലം ലോകത്ത് മനുഷ്യൻ മരിക്കുന്നത്. ഈ സന്ദർഭത്തിലാണ്, ലോക സമ്പന്നനായ ജെഫ് ബെസോസ് (ആമസോൺ മേധാവി) 11 മിനുട്ട് ബഹിരാകാശ യാത്ര നടത്തുന്നത്." സമ്പന്നർക്ക് എല്ലാം ഒരു തമാശ! ന്യായീകരണമില്ലാത്ത നികുതി സമ്പ്രദായവും, തൊഴിൽ മേഖല ഉദാരമാക്കിയതുമാണ്, കുത്തകകളുടെ ലാഭത്തിൽ വർദ്ധനവുണ്ടാക്കുന്ന പ്രധാന ഘടകങ്ങൾ. കോവിഡ് മഹാമാരിയുടെ ആരംഭകാലത്ത് അമേരിക്കൻ കുത്തകൾ 1.8 ട്രില്ല്യൺ (1 ട്രില്ല്യൻ=1 ലക്ഷം കോടി) ഡോളർ സമ്പത്ത് ആർജ്ജിച്ചു. ഫാർമസ്യൂട്ടിക്കൽ വ്യവസായരംഗത്ത്, 9 പുതിയ ശതകോടീശ്വരന്മാർ സൃഷ്ടിക്കപ്പെട്ടു.

കോവിഡ് മഹാമാരി കാലത്ത്, ആഗോള സാമ്പത്തിക രംഗം തകരാതെ പിടിച്ച് നിർത്താൻ, ആഗോള കേന്ദ്ര ബാങ്കുകൾ 11 ട്രില്ല്യൺ ഡോളർ 18 മാസക്കാലത്തിനിടയിൽ ചെലവഴിച്ചു. ഓരോ മണിക്കൂറിലും 834 ദശലക്ഷം ഡോളർ എന്ന തോതിൽ. മഹാമാരി പടർന്ന് പിടിച്ച്, തൊഴിൽ നഷ്ടപ്പെട്ടും, വരുമാനം നഷ്ടപ്പെട്ടും, സാധാരണ ജനങ്ങൾ വലിയ കഷ്ടതകൾ നേരിടുന്ന സന്ദർഭത്തിലാണ്, കുത്തകകൾ നേട്ടമുണ്ടാക്കിയത്.

നെഹ്റുവിന്റെ കാലത്തെ സാമ്പത്തിക നയങ്ങളെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾ വിമർശിച്ചിരുന്നു. സ്വാതന്ത്ര്യസമര സേനാനികളുടെ പ്രതീക്ഷകളെ സാക്ഷാൽകരിക്കുന്നതായിരുന്നില്ല പ്രസ്തുത നയങ്ങൾ. ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, നിരക്ഷത തുടങ്ങിയ നിർമ്മാർജ്ജനം ചെയ്യാൻ ഉതകുന്നതായിരുന്നതല്ല പ്രസ്തുത നയം. "സോഷ്യലിസ്റ്റ് രീതിയിലുള്ള സാമ്പത്തിക നയം" എന്ന കോൺഗ്രസ്സിന്റെ വാദം തെറ്റായിരുന്നു. മുതലാളിത്ത വികസന പാതയായിരുന്നു നെഹ്റു കാലഘട്ടത്തിലെ നയങ്ങൾ. ചൂഷണത്തിലൂടെ ലാഭം വാരി കൂട്ടി സമ്പത്താർജ്ജിക്കലാണ് മുതലാളിത്ത വ്യവസ്ഥ.

നവഉദാര വത്കരണനയങ്ങളെ, ഇപ്പോൾ വിമർശിക്കുന്നത് തികച്ചും വ്യത്യസ്തമായ സാഹചര്യത്തിലാണ്. നെഹ്റുവിന്റെ കാലത്ത്, പരിമിതമായ തോതിൽ ജനങ്ങൾ അനുഭവിച്ചിരുന്ന നേട്ടങ്ങളെയെല്ലാം ഉന്മൂലനം ചെയ്യുന്നതാണ് നവഉദാരവത്കരണം. പഞ്ചവത്സര പദ്ധതികൾ, പൊതുമേഖല പടുത്തുയർത്തൽ തുടങ്ങിയ സ്വതന്ത്രഭാരതത്തിന്റെ അടിത്തറയായിരുന്ന എല്ലാറ്റിനെയും, പുതിയ നയം തകർക്കുകയാണ്. മോഡിസർക്കാർ നടപ്പാക്കുന്ന "സാമ്പത്തിക പരിഷ്ക്കാര" നയങ്ങൾ രാഷ്ട്രത്തിന്റെ നിലനിൽപ്പിന്റെ അടിത്തറയെ തന്നെ തകർക്കലാണ്.

പൊതുമേഖലയിൽ വികസിപ്പിച്ച പശ്ചാത്തല മേഖല ഉപയോഗിച്ചാണ് സ്വകാര്യ മൂലധന ശക്തികൾ, ഇന്ത്യയിൽ വളർച്ച നേടിയത്. സ്വാതന്ത്ര്യാനന്തരം വളർന്ന് വികസിച്ച സ്വകാര്യമേഖല, പാശ്ചാത്യ മുതലാളിത്ത രാഷ്ട്രങ്ങളുടെ ആശ്രിതത്വത്തിലേക്കാണ് രാജ്യത്തെ നയിച്ചത്. ഇന്ത്യയുടെ സ്വാതന്ത്രമായ സാമ്പത്തിക വ്യവസ്ഥയെ സംരക്ഷിക്കുക എന്ന ലക്ഷ്യം വെച്ചാണ്, ഇടത്പക്ഷവും, തൊഴിലാളി സംഘടനകളും, നവ ഉദാരവത്കരണ നയങ്ങളെ എതിർക്കുന്നത്.

ഉദാരവത്കരണ നയങ്ങൾ സാമ്പത്തിക അസമത്വം വർദ്ധിപ്പിക്കുന്നു. "തിളങ്ങുന്ന ഇന്ത്യ" സഞ്ചരിക്കുന്നത് ദുരിതം പേറുന്നവരുടെ ചുമലിലേറിയാണ്. 2020 മാർച്ചിന് ശേഷം ഇന്ത്യയിലെ 100 ശതകോടീശ്വരന്മാർ, അവരുടെ സമ്പത്തിൽ വർദ്ധിപ്പിച്ചത്, 12,97,822 കോടി രൂപയാണ്. രാജ്യത്തെ പരമദരിദ്ര്യരായ 138 ദശലക്ഷം പേർക്ക്, ഓരോരുത്തർക്കും, 94,045 രൂപ വീതം നൽകാൻ ഈ തുക മതിയാകും. കോവിഡ് ദുരിതകാലത്ത് മുകേഷ് അമ്പാനി ഒരു മണിക്കൂറിൽ സമ്പാദിച്ച തുക സമ്പാദിക്കാൻ, ഇന്ത്യയിലെ ഒരു അവിദഗ്ധതൊഴിലാളി 10,000 വർഷങ്ങൾ ജോലി ചെയ്യേണ്ടിവരും (ഇന്നത്തെ

കൂലി നിരക്ക് വെച്ച്). ഒരു സെക്കന്റിൽ അമ്പാനി നേടിയ സ്വത്ത് നേടാൻ, 3 വർഷം ജോലി ചെയ്യണം. ഓക്സ്ഫാം എന്ന ഏജൻസിയാണ് ഈ കാര്യം റിപ്പോർട്ട് ചെയ്തത്.

2020 ഏപ്രിൽ മാസം, ഇന്ത്യയിൽ ഓരോ മണിക്കൂറിലും 1,70,000 പേരുടെ തൊഴിൽ നഷ്ടപ്പെട്ട് കൊണ്ടിരുന്നു. 2020 ലെ ലോക്ഡൗൺ കാലത്ത്, രാജ്യത്തെ ശതകോടീശ്വരന്മാരുടെ സമ്പത്തിൽ 35 ശതമാനം വർദ്ധനവുണ്ടായി. 2009–20 വർഷങ്ങളിൽ 90 ശതമാനവും, (422.9 ബില്ല്യൺ ഡോളർ) (1 ബില്ല്യൺ 100 കോടി) വർദ്ധനവുണ്ടായി. കോവിഡ് കാലത്ത് 11 ശതകോടീശ്വരന്മാർ വർദ്ധിപ്പിച്ച സമ്പത്ത് ഉപയോഗിച്ചാൽ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് 10 വർഷം വേതനം നല്കാൻ മതിയാവും. അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ 10 വർഷത്തെ ബജറ്റ് ചെലവ് നിർവഹിക്കാനാവും. രാജ്യത്തെ അതി ദരിദ്ര്യരായ, ജനസംഖ്യയിൽ 20 ശതമാനംവരുന്നവരുടെ 6 ശതമാനത്തിന് മാത്രമാണ്, സുരക്ഷിതമായ ശൗചാലയമുള്ളത്. ഇന്ത്യൻ ജനതയുടെ 59.6 ശതമാനവും ജീവിക്കുന്നത് ഒറ്റമുറിയിലാണ്.

സർക്കാർ ചെലവുകളുമായി തട്ടിച്ച് നോക്കുമ്പോൾ, ആരോഗ്യ സംരക്ഷണത്തിന്, ഏറ്റവും കുറഞ്ഞ തുക ചെലവഴിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. 11 ശതകോടീശ്വരന്മാരുടെ സമ്പത്തിൽ, കോവിഡ് കാലത്തുണ്ടായ വർദ്ധനവിന്മേൽ 1 ശതമാനം നികുതി ചുമത്തിയാൽ, “ജൻ ഔഷധി പദ്ധതി” (കേന്ദ്രത്തിന്റെ ഒരു ആരോഗ്യ പദ്ധതി) ചെലവിന്റെ 140 മടങ്ങ് വരും. അത്രയും കൂടി ചെലവഴിച്ചാൽ ദരിദ്രരായ ഇന്ത്യാക്കാർക്ക് ചുരുങ്ങിയ വിലക്ക് മരുന്ന് നൽകാനാവും.

സമ്പത്തുണ്ടാക്കുന്നവരെ ബഹുമാനിക്കണമെന്നാണ് മോഡിയുടെ ഉത്ബോധനം. അധ്വാനിക്കുന്ന ജനത അദ്ധാനത്തിലൂടെ സൃഷ്ടിക്കുന്ന സമ്പത്തിന്റെ പണ മൂല്യമാണ് സമ്പത്ത് എന്ന് പറയുന്നത്. ജനങ്ങൾക്കായി ‘സമ്പത്ത്' സൃഷ്ടിക്കാൻ അദ്ധ്വാനം ചെലവഴിക്കുന്നവരെയാണ് ബഹുമാനിക്കേണ്ടത്.

ജനങ്ങളുടെ പോഷകാഹാരം സംബന്ധിച്ച മാനദണ്ഡങ്ങളിലും മാറ്റങ്ങൾ വരുത്തി ഗ്രാമ പ്രദേശങ്ങളിൽ ഒരാൾക്ക് 2,200 കലോറിയും, നഗരങ്ങളിൽ 2100 കലോറിയുമാണ് നേരത്തെ നിശ്ചയിച്ചിരുന്നത്. നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ (N.S.S.O) സർവ്വേ റിപ്പോർട്ടിൽ പറയുന്നത്, ഗ്രാമീണ ജനതയുടെ 58 ശതമാനവും, നഗരജനതയുടെ 57 ശതമാനവും 1993–1994 ൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ആയിരുന്നു. 2011 2012 ലെ എൻ.എസ്.എസ്.ഒ സർവ്വേ പ്രകാരം ഇവ യഥാക്രമം 68 ശതമാനവും 65 ശതമാനവുമായി ഉയർന്നു. 2017 2018 ലാണ് അടുത്ത സർവ്വേ നടന്നത്. ഈ സർവ്വേയുടെ റിപ്പോർട്ട്, സത്യം മറച്ചുവയ്ക്കാനായി, മോഡി സർക്കാർ പുറത്തുവിട്ടില്ല. ലോകം അംഗീകരിക്കുന്ന സ്ഥിതി വിവര കണക്കിന്റെ സ്ഥാപനത്തെപോലും മോഡി നിഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. ഗ്രാമീണ മേഖലയിൽ ജനങ്ങളുടെ യഥാർത്ഥ ചെലവിൽ 9% ഇടിവുണ്ടായി എന്നാണ് എൻ.എസ്.എസ്.ഒ റിപ്പാർട്ടിലുള്ളതെന്ന് ചോർന്ന് കിട്ടിയ വാർത്തയിൽ കാണുന്നു. നഗര ഗ്രാമ മേഖലകളിലാകെ ദാരിദ്ര്യം വർദ്ധിച്ചു എന്നതാണ് യാഥാർത്ഥ്യം. കോവിഡിനു മുമ്പു തന്നെ ഇന്ത്യൻ ജനതയുടെ ദുരിതം വർദ്ധിച്ചു. കോവിഡ് അതിനെ കൂടുതലാക്കി.

“വികാസ് പുരുഷ് ” എന്ന് സംഘപരിവാർ ശക്തികൾ ഉയർത്തിക്കാണിക്കുന്ന മോഡി ഭരണത്തിന്റെ യഥാർത്ഥ വസ്തുതകൾ ആരെയും ഞെട്ടിപ്പിക്കുന്നതാണ്. അന്നം വിളയിക്കുന്ന കർഷകരും ഉത്പാദനപ്രവർത്തനങ്ങൾ നടത്തുന്ന തൊഴിലാളികളും തൊഴിൽ തേടുന്ന അഭ്യസ്ഥവിദ്യരും ഉൾപ്പെടെയുള്ള യുവജനതയും കടുത്ത നിരാശയിലാണ്. വർഗ്ഗീയത എന്ന ആയുധം ഉപയോഗിച്ച് ഈ ജനതയെ ഭിന്നിപ്പിച്ചും പരസ്പരം പോരടിപ്പിച്ചും എത്ര കാലം മോഡിക്കും സംഘത്തിനും ജനങ്ങളെ വഞ്ചിക്കാനാവും?

അധികനാൾ തുടരാനാവില്ലെന്നു സൂചനയാണ് ഉജ്ജ്വലമായ കർഷകസമരം നൽകുന്നത്. തൊഴിലാളി ദ്രോഹ നടപടികൾക്കും പൊതുമേഖല സ്വകാര്യവത്കരണത്തിനുമെതിരെ തൊഴിലാളികൾ ദേശീയ സമരത്തിനു തയ്യാറെടുക്കുകയാണ്. ജനാധിപത്യ മതനിരപേക്ഷ ശക്തികൾ ആകെ ഒരുമിച്ച് നിന്നാൽ രാജ്യത്തെ സാമ്രാജ്യത്വത്തിനും കോർപ്പറേറ്റുകൾക്കും അടിയറവുവയ്ക്കുന്ന മോഡി സർക്കാരിനെ നിലം പരിശാക്കാനാവും. !





എളമരം കരീം

# ചുമട്ട് തൊഴിലാളി നിയമം സംരക്ഷിക്കണം



സംസ്ഥാനത്തെ മുഴുവൻ ട്രേഡ് യൂണിയനുകളും, 'നോക്കുകൂലി സമ്പ്രദായത്തെ' അനുകൂലിക്കില്ലെന്ന്, ഖണ്ഡിതമായി വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം, അനിയന്ത്രിതമായ യന്ത്രവൽക്കരണം, കൂട്ടത്തോടെ തൊഴിലാളികളുടെ ജോലിനഷ്ടപ്പെടാൻ ഇടയാകുന്ന സാഹചര്യം, എങ്ങനെ നേരിടാമെന്ന്, സർക്കാരും, തൊഴിലുടമകളും, തൊഴിലാളിസംഘടനകളും കൂടിയോലോചിച്ച്, സ്വീകാര്യമായ ഒരു മാർഗ്ഗം കണ്ടെത്തണം. താൻ ചെയ്യാത്ത വേലക്ക് കൂലി ആവശ്യപ്പെടുന്നത്, ഒരു ന്യായീകരണവുമില്ലാത്തതാണ്. ഒറ്റപ്പെട്ട സംഭവങ്ങൾ, എവിടെയെങ്കിലുമുണ്ടായാൽ, ചുമട്ട് തൊഴിലാളികളെ ആകെയാണ്, ചിലർ ചീത്ത വിളിക്കുന്നത്. കഠിനാധ്വാനം ചെയ്ത് ഉപജീവനം കഴിക്കുന്ന ചുമട്ട് തൊഴിലാളികളെ ഒന്നടങ്കം അപമാനിക്കാൻ, ഒരവസരവും ഉണ്ടാക്കരുത്.

ചുമട്ട് തൊഴിലാളികൾ, സംസ്ഥാനത്തെ അസംഘടിതമേഖലയിലെ, സുസംഘടിതമായ ട്രേഡ് യൂണിയൻ പ്രസ്ഥാനമാണ്. വിവിധസംഘടനകളിൽ അണിചേർന്ന്, തൊഴിൽസംരക്ഷണത്തിനും, തൊഴിൽ അവകാശങ്ങൾക്കും വേണ്ടി, എണ്ണമറ്റ സമരങ്ങൾ ചുമട്ടു തൊഴിലാളികൾ നടത്തിയിട്ടുണ്ട്. വിവിധ അങ്ങാടികളിലും ബസ് സ്റ്റാന്റുകളിലും ചിന്നിച്ചിതറി കിടന്നിരുന്ന ഈ വിഭാഗത്തെ, ഒരു സംഘടിത പ്രസ്ഥാനമായി വളർത്തിക്കൊണ്ട് വരുന്നതിൽ സി.ഐ.ടി.യു മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. ഈ തൊഴിലാളികൾക്കിടയിൽ, മറ്റ് ട്രേഡ് യൂണിയനുകളുടെയും സാന്നിദ്ധ്യമുണ്ട്.

തൊഴിൽ തട്ടിപ്പറിക്കുന്നതിനെതിരെ, തൃശ്ശൂരും, കോഴിക്കോടും, ചുമട്ട് തൊഴിലാളികൾ നടത്തിയ ചെറുത്ത് നിൽപ് സമരങ്ങൾ അവിസ്മരണീയമാണ്. ഇത്തരം പ്രക്ഷോഭങ്ങളുടെ അടിസ്ഥാനത്തിലാണ് 1978 ലെ കേരളചുമട്ട് തൊഴിലാളിനിയമം പ്രാബല്യത്തിൽ വന്നത്. ചുമട്ട് മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽസംരക്ഷിക്കുക, തൊഴിൽനിഷേധത്തിന് അറുതി വരുത്തുക, ചുമട്ട് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നിവയായിരുന്നു, പ്രസ്തുതനിയമത്തിന്റെ ലക്ഷ്യം.

ഈ നിയമത്തിൽ വെള്ളം ചേർത്ത്, ചുമട്ട് തൊഴിലാളികളുടെ തൊഴിൽ തട്ടിപ്പറിക്കാൻ വ്യവസ്ഥ ചെയ്യുന്ന, ഒരു ഭേദഗതി, മേൽപറഞ്ഞ നിയമത്തിൽ, 2001ലെ യു.ഡി.എഫ് സർക്കാർ കൊണ്ടു വന്നു. അതിനെതിരെ, സി.ഐ.ടി.യു നേതൃത്വത്തിൽ തൊഴിലാളികൾ ഉജ്ജ്വലമായ സമരം സംഘടിപ്പിച്ചു. അമ്പതിനായിരത്തിലധികം തൊഴിലാളികൾ പങ്കെടുത്ത സെക്രട്ടറിയേറ്റ് വളയൽ സമരം, സംസ്ഥാനത്തെ തൊഴിലാളി സമരചരിത്രത്തിൽ തിളക്കമാർന്ന ഒരേടാണ്. 2006ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ, ചുമട്ട് തൊഴിലാളിനിയമത്തിലെ, തൊഴിലാളിവിരുദ്ധവ്യവസ്ഥകൾ ഭേദഗതി ചെയ്ത്, തൊഴിലാളികളെ രക്ഷിച്ചു.

എക്കാലത്തും, പലവിധത്തിലുള്ള ആക്ഷേപങ്ങൾ നേരിടുന്ന ഒരു വിഭാഗമാണ്, ചുമട്ട്തൊഴിലാളികൾ. സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്ത്, തികച്ചും ഒറ്റപ്പെട്ട നിലയിൽ ഉണ്ടാവുന്ന അപൂർവ്വം ചില സംഭവങ്ങളെ പർവ്വതീകരിച്ച്, തൊഴിലാളികളെ 'അക്രമികൾ' ആയി ചിത്രീകരി

**തൊഴിൽ ചെയ്യുന്നവർ എല്ലാം അക്രമികളോ, സാമൂഹ്യവിരുദ്ധരോ അല്ലെന്നും, വിയർപ്പൊഴുക്കി ജീവൻ പണയം വെച്ച് അദ്ധ്വാനപ്രവർത്തനം നടത്തുന്നവരും അന്തസ്സും അഭിമാനവും ഉള്ളവരാണെന്നും, ന്യായാധിപന്മാരും, നിയമജ്ഞന്മാരും മനസ്സിലാക്കണം. ചില തൊഴിലുടമകൾ, ചുമട്ട് തൊഴിലാളികൾക്കെതിരെ പരാതികളുമായി കോടതികളെ സമീപിക്കുന്ന, ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാവാറുണ്ട്. പ്രസ്തുത സന്ദർഭങ്ങളിൽ, തൊഴിലാളികളുടെ ഭാഗം ഒട്ടും കണക്കിലെടുക്കാതെ, അവരെ അധിക്ഷേപിക്കുന്ന ചില പരാമർശങ്ങൾ ചിലപ്പോൾ കോടതികളിൽ നിന്നുണ്ടാവുന്നത്, ദൗർഭാഗ്യകരമാണ്.**



**നിയമസഭ പാസ്സാക്കിയ നിയമത്തെ, തള്ളുന്നതാണ് ഹൈക്കോടതിവിധി. മാത്രമല്ല, തൊഴിലുടമസ്ഥന്റെ കീഴി ലുള്ള തൊഴിലാളികൾക്ക്, അറ്റാച്ച്ഡ് കാർഡ് നൽകുന്നതിനുള്ള ഹൈക്കോ ടതി ഉത്തരവ്, പ്രസ്തുത മേഖലയിലെ, സ്കീമിൽ രജിസ്റ്റർ ചെയ്ത സ്കാറ്റേർഡ് വിഭാഗത്തിൽപെട്ട തൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ നിഷേധി ക്കുന്നതാണ്. 1983ലെ കേരള ചുമട്ട് തൊഴിലാളി സ്കീമിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്, സ്കീം നടപ്പിലാക്കിയ പ്രദേശങ്ങളിൽ, ചുമട്ട് തൊഴിൽ കാർഡ് ലഭിക്കാത്തവർ, ചുമട്ട് തൊഴിൽ ചെയ്യാൻ പാടില്ല എന്നാണ്. അപേക്ഷ കൾ നിരസിച്ചത് നിലവിലുള്ളതും, കേരള നിയമസഭ പാസ്സാക്കിയതുമായ ചുമട്ട് തൊഴിലാളിനിയമമനുസരിച്ചാണ് തൊഴിൽവകുപ്പുദ്യോഗസ്ഥർ പ്രവർത്തി ച്ചത് . നിയമസഭ പാസ്സാക്കിയ നിയമത്തെ, തള്ളുന്നതാണ് ഹൈക്കോടതിവിധി.**

ക്കൽ ചില മാധ്യമങ്ങളുടെ ഒരു വിനോദമാണ്. 'മ' പത്രങ്ങളാണ് ഇതിന്റെ മുൻപന്തിയിൽ. അവരുടെ വർഗ്ഗസ്വഭാവം വെളിപ്പെടുത്തുന്നതാണ് ഇത്തരം വാർത്തകൾ. ചുമട്ട് തൊഴിലാളികളുടെ ജോലി സ്വഭാവം, തൊഴിൽ സാഹചര്യം, ഇതൊന്നും കണക്കിലെടുക്കാതെയാണ്, പലപ്പോഴും വിമർ ശനങ്ങൽ ഉയർന്ന് വരുന്നത്.

ഒരു ദിവസം 8 മണിക്കൂർ ജോലിസമയം കണക്കാക്കി, തൊഴിൽനിയമസംരക്ഷണങ്ങ ളുടെ അടിസ്ഥാനത്തിൽ, നിശ്ചിത വേതനം കണക്കാക്കി ജോലി ചെയ്യാൻ അവസരമുള്ളവ രല്ല ചുമട്ട് തൊഴിലാളികൾ. അങ്ങാടികളിലും, വ്യവസായമേഖലകളിലും, നിർമ്മാണസാമഗ്രി കൾ സ്റ്റോക്ക് ചെയ്യുന്ന ഗോഡൗണുകളിലും, ഭക്ഷ്യധാന്യഗോഡൗണുകളിലും ചുമട്ട് തൊഴി ലാളികൾ ചെയ്യുന്നത് അതികഠിനമായ ജോലി കളാണ്. ഒരു മനുഷ്യന്റെ ആരോഗ്യസംരക്ഷണം കണക്കാക്കിയുള്ള ഭാരമല്ല, ഇവരുടെ 'തലയിൽ' കയറ്റിവെക്കപ്പെടുന്നത്. ഈ ദുഷ്കരമായ ജോ ലിക്കിടയിൽ, അപകടം പറ്റി അംഗവൈകല്യം വന്നവരും, അവശരായവരും അനേകം പേരുണ്ട്. എയർകണ്ടീഷൻ ചെയ്ത ഓഫീസ് മുറികളിൽ, എട്ട് മണിക്കൂർ സമയം കണക്കാക്കി, നിശ്ചിത ജോലി ചെയ്യുന്ന ജീവനക്കാരുടെയോ, തൊഴി ലാളികളുടെയോ സ്വഭാവമല്ല, ചുമട് ജോലി. ഇന്നും 'അപരിഷ്കൃത' തൊഴിൽ സാഹചര്യത്തി ലാണ് ഇവർ ജോലി ചെയ്യുന്നത്. അവരോട് മനുഷ്യത്വപരമായി പെരുമാറാൻ പോലും, ചില മാധ്യമങ്ങളും, അധികൃതരും തയ്യാറാകുന്നില്ല.

ചില പ്രത്യേക ജോലികൾ യന്ത്രസഹായ ത്തോടെ ചെയ്യാൻ നിർബന്ധിതമാവുകയോ, തൊഴിലുടമകൾ താൽപര്യപ്പെടുകയോ ചെ യ്യുന്ന വേളയിൽ, പ്രസ്തുത പ്രദേശത്തെ ചുമട്ട് തൊഴിലാളികൾ ആ ജോലിയിൽ ഏർപ്പെടുന്നി ല്ലെങ്കിലും, 'പണം' ആവശ്യപ്പെടുന്ന തെറ്റായ ഒരു രീതി ചിലസ്ഥലങ്ങളിൽ ഉണ്ടാവുന്നുണ്ട്. ഇതാണ് 'നോക്കുകൂലി' എന്നറിയപ്പെടുന്നത്. യന്ത്രങ്ങൾ ഉപയോഗിക്കുന്നത് മൂലം തങ്ങളുടെ തൊഴിലും വരുമാനവും നഷ്ടപ്പെടുന്നതിനാലാ ണ്, ഇങ്ങനെ ഒരു പണം ചോദിക്കുന്നത് എന്ന് ചിലർ 'ന്യായീകരി'ക്കാറുണ്ട്. അപൂർവ്വം ചില ട്രേഡ് യൂണിയനുകളും ഈ വാദം ഉന്നയിക്കുന്ന ത് കേട്ടിട്ടുണ്ട്. ഈ സമ്പ്രദായം തികച്ചും തെറ്റാ ണെന്നാണ് സി.ഐ.ടി.യു.വിന്റെ അഭിപ്രായം. താൻ ചെയ്യാത്ത വേലക്ക് കൂലി ആവശ്യപ്പെടുന്ന ത്, ഒരു ന്യായീകരണവുമില്ലാത്തതാണ്. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ, എവിടെയെങ്കിലുമുണ്ടാ യാൽ, ചുമട്ട് തൊഴിലാളികളെ ആകെയാണ്, ചിലർ ചീത്ത വിളിക്കുന്നത്. കഠിനാധ്വാനം ചെയ്ത് ഉപജീവനം കഴിക്കുന്ന ചുമട്ട് തൊഴിലാളികളെ ഒന്നടങ്കം അപമാനിക്കാൻ, ഒരവസരവും ഉണ്ടാ ക്കരുത്. സംസ്ഥാനത്തെ മുഴുവൻ ട്രേഡ് യൂ ണിയനുകളും, 'നോക്കുകൂലി സമ്പ്രദായത്തെ' അനുകൂലിക്കില്ലെന്ന്, ഖണ്ഡിതമായി വ്യക്തമാ ക്കിയിട്ടുണ്ട്. അതേസമയം, അനിയന്ത്രിതമായ യന്ത്രവൽക്കരണം, കൂട്ടത്തോടെ തൊഴിലാളി കളുടെ ജോലിനഷ്ടപ്പെടാൻ ഇടയാകുന്ന സാ ഹചര്യം, എങ്ങനെ നേരിടാമെന്ന്, സർക്കാരും, തൊഴിലുടമകളും, തൊഴിലാളിസംഘടനകളും

കൂടിയോലോചിച്ച്, സ്വീകാര്യമായ ഒരു മാർഗ്ഗം കണ്ടെത്തണം. 'നോക്ക്കൂലി'യെ ഒരു തരത്തിലും ന്യായീകരിക്കരുത്.

ചില തൊഴിലുടമകൾ, ചുമട്ട് തൊഴിലാളികൾക്കെതിരെ പരാതികളുമായി കോടതികളെ സമീപിക്കുന്ന, ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാവാറുണ്ട്. പ്രസ്തുത സന്ദർഭങ്ങളിൽ, തൊഴിലാളികളുടെ ഭാഗം ഒട്ടും കണക്കിലെടുക്കാതെ, അവരെ അധിക്ഷേപിക്കുന്ന ചില പരാമർശങ്ങൾ ചിലപ്പോൾ കോടതികളിൽ നിന്നുണ്ടാവുന്നത്, ദൗർഭാഗ്യകരമാണ്. തൊഴിൽ ചെയ്യുന്നവർ എല്ലാം അക്രമികളോ, സാമൂഹ്യവിരുദ്ധരോ അല്ലെന്നും, വിയർപ്പൊഴുക്കി ജീവൻ പണയം വെച്ച് അദ്ധ്വാനപ്രവർത്തനം നടത്തുന്നവരും അന്തസ്സും അഭിമാനവും ഉള്ളവരാണെന്നും, ന്യായാധിപന്മാരും, നിയമജ്ഞന്മാരും മനസ്സിലാക്കണം.

സമീപകാലത്ത്, കേരളഹൈക്കോടതിയിൽ വന്ന രണ്ട് കേസുകളിൽ, ചുമട്ട് തൊഴിലാളികളെയും, ട്രേഡ് യൂണിയനുകളെ പൊതുവിലും അപകീർത്തിപ്പെടുന്ന ചില വാക്കാൽ പരാമർശങ്ങളുണ്ടായി. വിധിന്യായത്തിൽ ഇല്ലെങ്കിലും, വാക്കാൽ പരാമർശങ്ങൾ, 'മ' പത്രങ്ങൾ വലിയ വാർത്തയാക്കി. സംസ്ഥാനത്ത് 'ട്രേഡ് യൂണിയൻ ടെററിസ'മാണെന്ന് കോടതി പറഞ്ഞതായും, അച്ചടിദൃശ്യമാധ്യമങ്ങളിൽ ചിലർ പ്രചരിപ്പിച്ചു. ഇത്തരം സാഹചര്യം, ഒഴിവാക്കപ്പെടേണ്ടതാണ്.

ഹൈക്കോടതിയിൽ വന്ന ഒരു പരാതിയിൽ, കൊല്ലം ജില്ലയിലെ ഒരു സ്ഥാപനഉടമ, തന്റെ സ്ഥാപനത്തിൽ 'നിയമിച്ചു' എന്നവകാശപ്പെട്ട ഒരു തൊഴിലാളിക്ക്, തൊഴിൽവകുപ്പുദ്യോഗസ്ഥൻ ലേബർകാർഡ് നൽകിയില്ലെന്ന് പരാതിപ്പെട്ടു. നിലവിലുള്ള ചുമട്ട് തൊഴിലാളിനിയമത്തിൽ, നിലവിൽ ചുമട്ട് തൊഴിൽ ചെയ്യുന്ന ഒരാൾക്ക് മാത്രമെ, ചട്ടം 26(എ)പ്രകാരം, ചുമട്ട് തൊഴിലിനായി രജിസ്ട്രേഷൻ കാർഡിന് അപേക്ഷ സമർപ്പിക്കാൻ സാധിക്കൂ. ഹൈക്കോടതി, WP(C)27087/2020ലെ ഉത്തരവിൽ ഈ ഭാഗത്തെ ശക്തമായി എതിർത്തു. കോടതി ഉന്നയിച്ച ചോദ്യം, പുതുതായി ഒരാൾ ഈ മേഖലയിൽ കടന്ന് വരുമ്പോൾ, അയാൾക്ക് പ്രസ്തുത രജിസ്ട്രേഷൻ തടയാനുള്ള കാരണമായി, ടിയാൻ, ഈ മേഖലയിൽ മുമ്പ് പണിയെടുത്തിട്ടില്ല എന്ന് പറയുന്നത്, അയാളുടെ മൗലികാവകാശങ്ങളുടെ ലംഘനമാണ് എന്നാണ്. ഈ കേസിലെ അന്യായക്കാർ സമർപ്പിച്ച ചുമട്ട് തൊഴിൽ കാർഡിനുള്ള അപേക്ഷ, തൊഴിൽ വകുപ്പുദ്യോഗസ്ഥന്മാർ പരിശോധിച്ചതിൽ, അവർ 'ഹെഡ്ലോഡ് വർക്ക്' ചെയ്യുന്നവരല്ല, മുമ്പ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയതിനാലാണ്, അപേക്ഷകർക്ക് കാർഡ് നൽകാതിരുന്നത്. പ്രസ്തുത അപേക്ഷകർ, നിയമത്തിലെ സെക്ഷൻ(2) എം പ്രകാരമുള്ള 'ഹെഡ്ലോഡ് വർക്കർ' എന്ന നിർവ്വചനത്തിൽ വരുന്നില്ല. കൂടാതെ, 1983ലെ കേരള ചുമട്ട് തൊഴിലാളി സ്കീമിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്, സ്കീം നടപ്പിലാക്കിയ പ്രദേശങ്ങളിൽ, ചുമട്ട് തൊഴിൽ കാർഡ് ലഭിക്കാത്തവർ, ചുമട്ട് തൊഴിൽ ചെയ്യാൻ പാടില്ല എന്നാണ്. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ്, മേൽ പറഞ്ഞ അപേക്ഷകൾ എ.എൽ.ഒ നിരസിച്ചത് നിലവിലുള്ളതും, കേരള നിയമസഭ പാസ്സാക്കിയതുമായ ചുമട്ട് തൊഴിലാളിനിയമമനുസരിച്ചാണ്, തൊഴിൽവകുപ്പുദ്യോഗസ്ഥർ പ്രവർത്തിച്ചത് നിയമസഭ പാസ്സാക്കിയ നിയമത്തെ, തള്ളുന്നതാണ് ഹൈക്കോടതിവിധി. മാത്രമല്ല, തൊഴിലുടമസ്ഥന്റെ കീഴിലുള്ള തൊഴിലാളികൾക്ക്, അറ്റാച്ച്ഡ് കാർഡ് നൽകുന്നതിനുള്ള ഹൈക്കോടതി ഉത്തരവ്, പ്രസ്തുത മേഖലയിലെ, സ്കീമിൽ രജിസ്റ്റർ ചെയ്ത സ്കാറ്റേർഡ് വിഭാഗത്തിൽപെട്ട തൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ നിഷേധിക്കുന്നതാണ്.

എല്ലാ തൊഴിൽമേഖലകളിലും, അതാത് തൊഴിലിൽ ഏർപ്പെടുന്നവർക്ക് ജോലിസ്ഥിരത, ജോലിസുരക്ഷിതത്വം എന്ന വ്യവസ്ഥകളുണ്ട്. ഒരു ഫാക്ടറിയുടെ സമീപത്ത് താമസിക്കുന്ന ഒരു പൗരൻ, തനിക്ക് പ്രസ്തുത ഫാക്ടറിയിൽ ജോലിക്ക് അവകാശമുണ്ട് എന്ന്, ഹൈക്കോടതിയിൽ ഹർജി നൽകിയാൽ, പ്രസ്തുത ഹർജിക്കാരന് തൊഴിൽ നൽകാൻ ഹൈക്കോടതി ഉത്തരവിടുമോ? വിദ്യാസമ്പന്നനായ ഒരു വ്യക്തി, തനിക്ക്, തന്റെ വീടിനടുത്തുള്ള സർക്കാർ ഓഫീസിൽ ജോലി ചെയ്യാനുള്ള മൗലികാവകാശമുണ്ടെന്ന് കാണിച്ച് ഹർജി നൽകിയാൽ, കോടതിക്ക് അംഗീകരിക്കാൻ കഴിയുമോ? നിയമനങ്ങൾക്ക് ചില നിയമങ്ങളും, മാനദണ്ഡങ്ങളും ഉണ്ട്. അതനുസരിച്ചേ മുന്നോട്ട് പോവാനാവൂ. ചുമട്ട് തൊഴിലാളിനിയമത്തെ അപ്രസക്തമാക്കാനുള്ള നടപടികൾ തിരുത്തപ്പെടേണ്ടതാണ്.●



# പുതിയ ലേബർകോഡും 1979ലെ മൈഗ്രന്റ് ലേബർ ആക്ടും

## ഒരു താരതമ്യ പഠനം



കെ.എൻ.ഗോപിനാഥ്

**അന്തർ സംസ്ഥാന മൈഗ്രന്റ് ലേബർ ആക്ട് 1979 പുനസ്ഥാപിക്കുന്നതാണ് അതിഥിതൊഴിലാളികൾക്ക് നല്ലത്.**

2021 ഒക്ടോബർ 15 വരെ അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ ഉയർത്തി രാജ്യവ്യാപകമായ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുവാൻ സിഐടിയു തീരുമാനിച്ചിരിക്കുകയാണ്. തൊഴിലാളികളെ സംഘടിപ്പിക്കുന്ന ഈ ക്യാമ്പയിൻ ശരിയായ വിധം ഉപയോഗപ്പെടുത്താൻ കഴിയണം. Inter State Migrant workers Act 1979 (ISmW Act) പുനസ്ഥാപിക്കണം എന്നതാണ് പ്രധാന ആവശ്യം.

2002ലെ (OSHWC) ഒക്കുപ്പേഷണൽ, സേഫ്റ്റി, ഹെൽത്ത്, വർക്കിംഗ് കണ്ടീഷൻ കോഡ് നിലവിൽ വന്നതോടെ അതിഥി തൊഴിലാളികൾക്ക് വേണ്ടി 1979 ൽ നടപ്പിലാക്കിയ നിലവിലുണ്ടായിരുന്ന Inter State Migrant workmen (Reg ulation of Employment and Service Conditions Act) പ്രസക്തമല്ലാതായിരിക്കുകയാണ്. അതോടെ നിലവിലുണ്ടായിരുന്ന അതിഥി തൊഴിലാളികളുടെ തൊഴിൽ സുരക്ഷ സംബന്ധിച്ച എല്ലാ ഭാഗങ്ങളും കേന്ദ്ര ബിജെപി സർക്കാർ ആസൂത്രിതമായി എടുത്തുകളഞ്ഞിരിക്കുകയാണ്. അതിൽ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുമ്പോൾ തൊഴിലുടമകളും കരാറുകാരും അതാത് സർക്കാരുകളും പാലിക്കേണ്ട നിയമപരമായ ചുമതലകളും ഒഴിവാക്കിയിരിക്കുന്നു. വാസ്തവത്തിൽ അതിഥി തൊഴിലാളികളുടെ താല്പര്യം ഉയർത്തിപ്പിടിച്ചിരുന്ന 1979ലെ ISMW Act നെ കൊന്നിട്ടാണ് OSHWC Code 2020ന് ജന്മം നൽകിയിരിക്കുന്നത്.

OSHWC Code പ്രകാരം അതിഥി തൊഴിലാളികളെ കേവലം കരാർ തൊഴിലാളികൾ മാത്രമായാണ് കണക്കാക്കുന്നത്. പതിനൊന്നാം അധ്യായത്തിൽ 1979ലെ നിയമപ്രകാരം അതിഥി തൊഴിലാളികൾക്ക് സാധാരണ തൊഴിലാളിയുടെ പരിഗണന ലഭിക്കുന്ന ഭാഗം പൂർണമായി തിരസ്കരിച്ചിരിക്കുകയാണ്. പുതിയ കോഡിലെ ഒന്നാം അധ്യായം ഉണ്ടാക്കിയിരിക്കുന്നത് തന്നെ 1970ലെ കോൺട്രാക്ട് ലേബർ ആക്ടിലേയും 1979 ലെ അതിഥി തൊഴിലാളി നിയമത്തിലെയും എല്ലാ ചുമതലകളിൽ നിന്നും തൊഴിലുടമകളെ

മോചിപ്പിച്ചു കൊണ്ടും തൊഴിലാളികളെ അവകാശങ്ങളിൽ നിന്നും ഒഴിവാക്കി കൊണ്ടുമാണ്. അധ്യായം ഒന്ന് 45 മുതൽ 50 വരെ വകുപ്പുകൾ എല്ലാം തന്നെ കോൺട്രാക്ട് തൊഴിലാളികൾക്ക് വേണ്ടിയുള്ളതാണെങ്കിലും 1970ലെ ദുർബലമായ ചില വ്യവസ്ഥകൾ അതേ പേരിൽ പകർത്തിയിട്ടുള്ളത് മാത്രമാണ്. 1979ലെ അതിഥി തൊഴിലാളി നിയമം അതിഥി തൊഴിലാളികളെ നിയമിക്കുന്ന ഘട്ടത്തിൽ തുടങ്ങി ഉടമകൾ പാലിക്കേണ്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതായിരുന്നു. എന്നാൽ പുതിയ OSHWC Code അതിഥി തൊഴിലാളികളെ നിയമിച്ചതിനുശേഷമുള്ള കാര്യങ്ങളെ സംബന്ധിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്. എങ്ങനെയാണ് ഒരു അതിഥി തൊഴിലാളിയെ നിയമിക്കേണ്ടത് എന്ന 1979 വ്യവസ്ഥ കോഡിൽ നിന്നും എടുത്തു കളഞ്ഞിരിക്കുന്നു. 1979 ലെ നിയമം തൊഴിലാളിയെ നിയമിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും സേവനങ്ങളും പ്രത്യേകമായി തയ്യാറാക്കി തൊഴിൽ വകുപ്പിനെ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

## രജിസ്ട്രേഷൻ

### രണ്ടു പ്രധാന നിബന്ധനകൾ

1. അതിഥി തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്ന സ്ഥാപനങ്ങളുടെ പ്രത്യേക രജിസ്ട്രേഷൻ
2. അതിഥി തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന കോൺട്രാക്ടർക്ക് പ്രത്യേക ലൈസൻസ് നിർബന്ധമാണ് ISMW Act 1979ലെ മേൽ നിബന്ധനകൾ തന്നെ അതിഥി തൊഴിലാളികൾക്ക് സുരക്ഷയും ആനുകൂല്യങ്ങളും നൽകുന്നതിനും മതിയായ സംരക്ഷണം നൽകുന്നു എന്നതാണ്. രജിസ്ട്രേഷൻ നടത്താതെ അതിഥി തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നത് തന്നെ 1979ലെ നിയമപ്രകാരം നിയമവിരുദ്ധമാണ് എന്നാൽ 2020ലേ കോഡിൽ മേൽപറഞ്ഞ പ്രകാരമുള്ള രജിസ്ട്രേഷൻ സംബന്ധിച്ചുള്ള ഒരു വ്യവസ്ഥയും ഇല്ല. ഈ നടപടി അതിഥി തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്ക് നയിക്കുന്നതാണ്.

OSHWC Code 2020ലെ രണ്ടാം അധ്യായത്തിൽ തൊഴിലുടമകൾ ചെയ്യുന്ന രജിസ്ട്രേഷൻ സംബന്ധിച്ച പൊതു കാര്യങ്ങൾ മാത്രമാണ് ഇനിമേൽ അതിഥി തൊഴിലാളികൾക്ക് വേണ്ടി ചെയ്യേണ്ടതുള്ളൂ.

## "സ്ഥാപനങ്ങൾ" അതിഥി തൊഴിലാളികളെ സംബന്ധിച്ച് എങ്ങിനെയായിരിക്കും

**1979 ലെ നിയമപ്രകാരം സ്ഥാപനം എന്നാൽ**

1. സർക്കാരിന്റെയോ പ്രാദേശിക അധികാര കേന്ദ്രങ്ങളുടെയോ ഓഫീസുകൾ/ഡിപ്പാർട്ട്മെന്റുകൾ അല്ലെങ്കിൽ
2. അഞ്ചോ അതിലധികമോ അതിഥി തൊഴിലാളികൾ




**ലേബർ കോഡുകളും, 1979ലെ മൈഗ്രന്റ് ലേബർ ആക്ടും - താരതമ്യ പഠനം**



ജോലി ചെയ്യുന്ന സ്ഥലം, വ്യവസായം, വ്യാപാര, കച്ചവട, ഉൽപാദന കേന്ദ്രങ്ങൾ അല്ലെങ്കിൽ തൊഴിലുകൾ ചെയ്യിപ്പിക്കുന്ന ഇടം.

എന്നാൽ 2020 ലെ കോഡിൽ സ്ഥാപനം എന്ന നിർവചനത്തിൽ നിന്നും സർക്കാർ ഓഫീസ്/ഡിപ്പാർട്ട്മെന്റ് ഒഴിവാക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല പുതിയ കോഡ് പ്രകാരം അഞ്ചോ അതിൽ കൂടുതലും എന്നത് 20ൽ കൂടുതൽ എന്ന് വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടെ 20 ൽ താഴെ അതിഥി തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്ന ഉടമകളോ കരാറുകാരനോ ഒരു നിബന്ധനയും പാലിക്കേണ്ടതില്ല എന്നതാണ്. ഈ നടപടി അതിഥി തൊഴിലാളികളുടെ സംരക്ഷണം ഇല്ലാതാക്കാനാണ്.

**എന്നാൽ ISMW Act 1979 ബാധകമാകുന്നത്**

a) അഞ്ചോ അതിൽ കൂടുതലോ അതിഥി തൊഴിലാളികളെ ജോലിചെയ്യിപ്പിക്കുന്ന എല്ലാ സ്ഥാപന ഉടമകൾക്കും ബാധകം. അഥവാ നടപ്പ് 12 മാസത്തിനിടയിൽ ഏതെങ്കിലും ഒരു ദിവസം 5 പേരെ ജോലി ചെയ്യിപ്പിച്ചാലും ബാധകം.

b) മേൽ വ്യവസ്ഥ എല്ലാ കരാറുകാർക്കും ബാധകമാണ്.








എന്നാൽ OSHWC കോഡ് പൊതുവിൽ 10 ഓ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിയെടുക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്. എന്നാൽ അതിഥി തൊഴിലാളികൾ പണി ചെയ്യുന്ന സ്ഥാപനമാണെങ്കിൽ OSHWC കോഡ് 2020 പ്രകാരം 20 ഓ അതിലധികമോ അതിഥിതൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമാണ് ബാധകം.

അതുപോലെ തന്നെ OSHWC കോഡ് അധ്യായം 11 അതിഥി തൊഴിലാളികളെ സംബന്ധിച്ച് ഒരു കാര്യവും പ്രത്യേകമായി വ്യവസ്ഥ ചെയ്യുന്നില്ല, മാത്രവുമല്ല, OSHWC കോഡ് പ്രകാരം കോൺട്രാക്ടറുടെ ലൈസൻസ് പൊതുവിലുള്ളതല്ലാതെ അതിഥി തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നതിന് പ്രത്യേക ലൈസൻസ് വേണമെന്ന് നിർബന്ധമില്ല.

## ആരാണ് അതിഥി തൊഴിലാളി (ഇതര സംസ്ഥാന തൊഴിലാളി)

**1979 ലെ നിയമപ്രകാരം ഒരു അതിഥി തൊഴിലാളി എന്നാൽ**

1 ഒരു സംസ്ഥാനത്തിലെ ഒരു തൊഴിലുടമ മറ്റൊരു സംസ്ഥാനത്തെ തൊഴിലാളിയെ നിയോഗിക്കുമ്പോൾ ആ തൊഴിലാളിയെ അല്ലെങ്കിൽ

2 ഒരു കോൺട്രാക്ടർ ഒരു സംസ്ഥാനത്തെ തൊഴിലിനായി മറ്റൊരു സംസ്ഥാനത്തെ തൊഴിലാളിയെ തൊഴിൽ ചെയ്യാനായി നിയോഗിക്കുമ്പോൾ ആ തൊഴിലാളിയെ:

പ്രത്യേക കരാർ പ്രകാരമോ, ധാരണാപ്രകാരമോ ഇത്തരം ജോലികൾ ചെയ്യിക്കുകയാണെങ്കിൽ അഥിതി തൊഴിലാളികൾ എന്ന് കണക്കാക്കുന്നതാണ്.

**എന്നാൽ പുതിയ OSHWC കോഡിൽ അതിഥി തൊഴിലാളിയെന്നാൽ:**

**അത്തരം തൊഴിലാളിയെ നിയമിക്കുന്നത്**

1. ഒരു സംസ്ഥാനത്തെ തൊഴിലുടമ മറ്റൊരു സംസ്ഥാനത്തെ അയാളുടെ സ്ഥാപനത്തിലേക്ക് നിയോഗിക്കുന്ന തൊഴിലാളി.
2. ഒരു തൊഴിലുടമ കരാറുകൾ വഴി മറ്റൊരു സംസ്ഥാനത്തെ അയാളുടെ സ്ഥാപനത്തിൽ ജോലി ചെയ്യിക്കാനായി നിയോഗിക്കുന്ന തൊഴിലാളി.

മേൽ നിയമനങ്ങൾ എല്ലാം തന്നെ അതത് സമയത്ത് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന കൂലിയെക്കാൾ കൂടുതൽ വരാത്ത വിധം കൂലി നൽകുന്ന വ്യവസ്ഥ പ്രകാരം മാത്രം.

അതായത് 1979 ലെ നിയമത്തിലില്ലാത്ത വിധം അതിഥി തൊഴിലാളികളുടെ കൂലി നിജപ്പെടുത്തിക്കൊണ്ടുള്ള ഒരു വ്യവസ്ഥ പുതിയ കോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല കരാർ തൊഴിലാളി എന്ന നിർവചനത്തിൽ പുതിയ കോഡിൽ അതിഥി തൊഴിലാളികളെയും ഉൾപ്പെടുത്തിയിരിക്കുകയാണ്.

## കരാറുകാരൻ

എന്തെല്ലാം കാര്യങ്ങളാണ് അതിഥി തൊഴിലാളികളെ കൊണ്ടുവരുന്ന (സപ്ലൈ ചെയ്യുന്ന) കരാറുകാരന് ആവശ്യം വേണ്ടത് എന്ന കാര്യം പുതിയ കോഡ് തമസ്കരിച്ചിരിക്കുന്നു. സാധാരണ ഒരു കരാറുകാരൻ എന്നതിന് തുല്യമായ നിലയിലാണ് കോഡ് വിവക്ഷിക്കുന്നത്. അതേ സമയം 1979 ലെ അതിഥി തൊഴിലാളി നിയമത്തിൽ അതിഥി തൊഴിലാളികളെ ഏർപാടാക്കുന്ന കരാറുകാരന് എന്തെല്ലാം കാര്യങ്ങൾ പാലിക്കണമെന്ന് പ്രത്യേകം നിർവചിക്കുന്നുണ്ട്. ISMW നിയമത്തിൽ "കരാറുകാരൻ" എന്നാൽ സ്ഥാപനങ്ങൾക്ക് തൊഴിലാളികളെ നൽകുന്ന ജോലി ഏറ്റെടുക്കുന്നയാൾ, അത്തരം ജോലിചെയ്യുന്ന സബ് കോൺട്രാക്ടർ, സർദാർ, ഏജന്റ്, മറ്റൊരാൾ എന്നിങ്ങനെ എന്തെല്ലാം നാമത്തിൽ അറിയപ്പെടുന്നതും തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നതും നിയമനം നടത്തുന്നതുമായ ആൾ എന്നാകുന്നു.

**കരാറുകാരന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച്**

1979 ലെ നിയമത്തിലും ചട്ടത്തിലും വ്യവസ്ഥ ചെയ്യുന്നത് രണ്ട് തരം ലൈസൻസ്.

1. അതിഥി തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനുള്ള ലൈസൻസ് വേണം.

2. അതിഥി തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിനുള്ള ലൈസൻസ്.

രണ്ട് ലൈസൻസുകൾക്കും വേണ്ടി നൽകുന്ന അപേക്ഷയോടൊപ്പം പ്രധാന തൊഴിലുടമയുടെ സർട്ടിഫിക്കറ്റ് (1979 ലെ നിയമപ്രകാരമുള്ള എല്ലാ വ്യവസ്ഥകൾക്കും ബാധകമാണെന്ന് കാണിച്ചുകൊണ്ടുള്ളത്) സമർപ്പിക്കുവാൻ കരാറുകാരൻ തയ്യാറാവണം.




**ലേബർ കോഡുകളും, 1979ലെ മൈഗ്രന്റ് ലേബർ ആക്ടും - താരതമ്യ പഠനം**






**ലേബർ കോഡുകളും, 1979ലെ മൈഗ്രന്റ് ലേബർ ആക്ടും- താരതമ്യ പഠനം**



### കരാറുകാരന്റെ കടമകൾ

1979 ലെ നിയമപ്രകാരം അതിഥി തൊഴിലാളികളുടെ കാര്യത്തിൽ താഴെപറയുന്ന കടമകളും ബാധ്യതകളും കരാറുകാരനിൽ നിക്ഷിപ്തമാണ്.

a) അതിഥി തൊഴിലാളികളെ നിയമിക്കുന്നതിനും ജോലി ചെയ്യിപ്പിക്കുന്നതിനും 15 ദിവസമുമ്പെങ്കിലും മുമ്പ് അതത് ലൈസൻസിംഗ് അധികാരികൾക്ക് ചെയ്യിപ്പിക്കാൻ പോകുന്ന ജോലി സംബന്ധിച്ചും റിക്രൂട്ട്മെന്റ് സംബന്ധിച്ചും കൃത്യമായ രേഖകൾ ഹാജരാക്കണം. ഹാജരാക്കുന്ന രേഖകളിൽ മാറ്റങ്ങൾ വരുത്തിയാലും രണ്ട് സംസ്ഥാനങ്ങളിലെയും അധികാരികളെ അറിയിക്കണം.

b) എല്ലാ അതിഥി തൊഴിലാളികൾക്കും ഫോട്ടോ പതിച്ച ഒരു പാസ് ബുക്ക് താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

1. തൊഴിൽ ചെയ്യിപ്പിക്കുന്ന സ്ഥാപനത്തിന്റെ പേര്
2. തൊഴിലിന്റെ ദൈർഘ്യം
3. കൂലിയും കൂലി നൽകുന്ന വിധവും
4. സ്ഥലം മാറി ജോലി ചെയ്യുന്നതിനുള്ള അലവൻസിന്റെ വിവരം
5. തൊഴിൽ അവസാനിച്ച് തിരിച്ച് പോകുമ്പോൾ നൽകുന്ന യാത്രകൂലി സംബന്ധിച്ച വിവരം.
6. കൂലിയിൽ നിന്നും പിടിക്കുന്ന തുകയുടെ വിവരങ്ങൾ
7. മറ്റേതെങ്കിലും വിവരങ്ങൾ നൽകാനുണ്ടെങ്കിൽ അവ.

C) തിരിച്ചയയ്ക്കുന്ന അതിഥി തൊഴിലാളികൾക്ക് കരാർ പ്രകാരം നൽകാനുള്ള എല്ലാ തുകയും കുടിശ്ശിക വരുത്താതെ നൽകി കഴിഞ്ഞു എന്നതിന്റെ വിശദമായ റിട്ടേൺ അധികാരികൾക്ക് കരാറുകാരൻ യഥാ സമയം നൽകേണ്ടതാണ്.
പഴയ നിയമത്തിലെ സബ് സെക്ഷൻ (1) പ്രകാരം കൃത്യമായി പാസ് ബുക്ക് കരാറുകാരൻ ഉറപ്പാക്കേണ്ടതുണ്ട്. 1979 ലെ നിയമത്തിലുള്ള മേൽപ്പറഞ്ഞ വ്യവസ്ഥകളൊന്നും തന്നെ അതിഥി തൊഴിലാളികളെ സംബന്ധിച്ച് പുതിയ കോഡിലില്ല എന്നതാണ് വസ്തുത.

### ലൈസൻസ് നൽകുന്നതിനുള്ള സുരക്ഷ

1979 ലെ റൂൾ പ്രകാരം കരാറുകാരന് ലൈസൻസ് നൽകുന്നതിന് മുമ്പ് ലൈസൻസിംഗ് ഓഫീസർ കർശനമായ പരിശോധന നടത്തി കാര്യങ്ങൾ സുരക്ഷിതമാണെന്ന് വ്യക്തത വരുത്തേണ്ടതാണ്. അതിഥി തൊഴിലാളികൾക്കായുള്ള കൂലി, ചികിത്സാ സൗകര്യം, സുരക്ഷാവസ്ത്രം, കുടിവെള്ളം, ശുചിമുറി, മൂത്രപ്പുര, കഴുകാൻ സൗകര്യം, റസ്റ്റ് റൂം, കാന്റീൻ, യാത്രപ്പടി ഇവയെല്ലാം ഉറപ്പാണ് എന്ന ബോധ്യത്തിൽ അതിനാവശ്യമായ മൊത്തം ചെലവിന്റെ 40% ത്തിൽ കുറവ് വരുത്താതെ നീക്കിവെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ലൈസൻസിംഗ് അധികാരികൾക്ക് അധികാരമുണ്ട്.

പുതിയ OSHWC കോഡിലോ റൂളിലോ ഇത്തരം വ്യവസ്ഥകളൊന്നും തന്നെയില്ലാതായിരിക്കുന്നു.

### കൂലി

1979 ലെ നിയമത്തിൽ പ്രത്യേകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു.

1. കൂലി നൽകുന്നത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
2. പ്രധാന തൊഴിലുടമ തന്റെ പ്രതിനിധിയെ നിയോഗിച്ച് കരാറുകാരൻ കൃത്യമായി കൂലി നൽകുന്നുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തണം.
3. തൊഴിലുടമ ചുമതലപ്പെടുത്തിയ പ്രതിനിധിയുടെ സമക്ഷത്തിൽ വേണം കരാറുകാരൻ കൂലി വിതരണം ചെയ്യേണ്ടത്.
4. കരാറുകാരൻ ഏതെങ്കിലും സന്ദർഭത്തിൽ കൂലി മുടക്കം വരുത്തിയാൽ നിശ്ചിത കാലയളവിനുള്ളിൽ പൂർണ്ണമായി കൂലിക്കൊടുത്ത് തീർപ്പിക്കുവാനും പ്രധാന തൊഴിലുടമകൾക്ക് ചുമതലയുണ്ടായിരിക്കുന്നതാണ്.

ഇത്തരം നിബന്ധനകൾ എല്ലാം തന്നെ പുതിയ കോഡിൽ നിന്നും ബോധപൂർവ്വം നീക്കം ചെയ്തിരിക്കുകയാണ്.

## തൊഴിൽ തർക്കം

അതിഥി തൊഴിലാളികളുടെ കാര്യത്തിൽ എന്തെങ്കിലും തൊഴിൽ തർക്കം ഉടലെടുത്താൽ അതത് സംസ്ഥാന സർക്കാർ സംവിധാനങ്ങൾ വഴി പരിഹരിച്ച് കൊടുക്കണം. തർക്കം സംസ്ഥാന തൊഴിൽ അധികാരികൾക്ക് കൈമാറി പരിഹാരം നേടാവുന്നതാണ്. ഈ വ്യവസ്ഥയും പുതിയ കോഡിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.




## പരിശോധന

1979 ലെ നിയമപ്രകാരം ഉടമയെ മുൻകൂട്ടി അറിയിക്കാതെ കാര്യങ്ങൾ പരിശോധിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അധികാരം നൽകുന്നുണ്ട് പുതിയ കോഡിൽ ഈ വ്യവസ്ഥയും എടുത്ത് കളഞ്ഞിരിക്കുകയാണ്.

ലേബർ കോഡുകളും, 1979ലെ മൈഗ്രന്റ് ലേബർ ആക്ടും - താരതമ്യ പഠനം

അതിഥി തൊഴിലാളികളെ വച്ച് ജോലി ചെയ്യിപ്പിക്കുകയാണെങ്കിൽ 197 ലെ നിയമപ്രകാരം താഴെ പറയുന്ന നിയമങ്ങൾ ബാധകമായിരുന്നു.



1. 1923 വർക്ക്മെൻ കോമ്പൻസേഷൻ നിയമം
2. 1936 വേജസ് നിയമം
3. 1977 തൊഴിൽ തർക്ക നിയമം
4. 1948 എംപ്ലോയിസ് ഇൻഷ്വറൻസ് ആക്ട്
5. 1962 ഇ.പി.എഫ് നിയമം
6. 1961 മെന്റർനിറ്റി ആനുകൂല്യ നിയമം.

അതായത് 1979 ലെ നിയമപ്രകാരം അതിഥി തൊഴിലാളികളുടെ കാര്യത്തിൽ നിയമനം, രജിസ്ട്രേഷൻ, യാത്ര, താമസം കൂലി, ഇഎസ്ഐ തുടങ്ങി കരാറുകാരന്റെയും ഉടമയുടെയും ഉത്തരവാദിത്വം എല്ലാ കാര്യങ്ങൾക്കും ബാധകമാണ്.

എന്നാൽ ഇത്തരം വ്യവസ്ഥകൾ അടങ്ങുന്ന 1979 ലെ അതിഥി തൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ അധികാരികൾ തയ്യാറായില്ല എന്ന് മാത്രമല്ല, ബി.ജെ.പി സർക്കാർ ഒരു പടി കൂടി മുന്നോട്ട് പോയി 1979 ലെ നിയമത്തിന്റെ പ്രസക്തി തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. ആയതിനാൽ നമ്മുടെ പോരാട്ടത്താൽ 1979 ലെ നിയമം നിലനിർത്തണമെന്ന് ആവശ്യപ്പെടുകയും, അതിഥി തൊഴിലാളികളോട് ബി.ജെ.പി സർക്കാർ കാണിച്ചത് കൊടും ക്രൂരതയാണെന്ന് തുറന്ന് കാട്ടുകയും വേണം. അതിഥി തൊഴിലാളികളെ സംഘടിപ്പിക്കുകയും ബി.ജെ.പി സർക്കാർ തൊഴിലുടമകൾക്കായി വരുത്തിയ ചതി അവരെ ബോധ്യപ്പെടുത്താനുമാകണം ഇനിയുള്ള പരിശ്രമങ്ങൾ കേന്ദ്രീകരിക്കേണ്ടത്. 2021 ജൂൺ 29ലെ സുപ്രീം കോടതി വിധി പ്രകാരം അതിഥി തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്തുവാനുള്ള പോരാട്ടം അടിയന്തിരമായി ആരംഭിക്കുവാനാകണം.

# സമീപകാല ചരിത്രത്തിലെ ഉയർന്ന ഭക്ഷ്യവിലക്കയറ്റം



ജോസ്. റ്റി. എബ്രഹാം

**ഭക്ഷ്യക്ഷാമം സാമൂഹ്യ സംഘർഷങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമാകുന്ന അവസ്ഥയുണ്ട്. ഇത് സ്ഥിതിഗതികൾ കൂടുതൽ വഷളാകും. വിലക്കയറ്റവും വളർച്ചയിലെ മുരടിപ്പും കൂടി ചേർന്ന് 'Stagflation' എന്ന അവസ്ഥയിലേക്ക് ആഗോള സമ്പദ് വ്യവസ്ഥ തന്നെ വീഴുന്നു എന്ന സൂചനകളും വന്നു കൊണ്ടിരിക്കുന്നുണ്ട്. ഇത്തരം ഒരു വിഷമവൃത്തത്തിൽ പെട്ടാൽ അതിൽ നിന്നു കരകയറാൻ സമയമെടുക്കും. കൂടുതൽ തൊഴിലില്ലായ്മയും ദുരിതവും ലോകത്ത് ഉണ്ടാകുകയും ചെയ്യും.**






ഭക്ഷ്യവിലക്കയറ്റം ആഗോളതലത്തിൽ തന്നെ സാധാരണ ജനങ്ങൾക്ക് വലിയ ഒരു ഭീഷണിയായി വളർന്നിരിക്കുകയാണ്. ഭക്ഷ്യവില സെപ്റ്റംബർ 2021-ൽ കഴിഞ്ഞ വർഷം ഇതേ കാലത്തേക്കാൾ 33% ഉയർന്നു നില്ക്കുകയാണെന്ന് യു.എൻ.ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗൈനൈസേഷൻ (FAO) റിപ്പോർട്ടു ചെയ്തു. 2011 നു ശേഷം ഉണ്ടായിരിക്കുന്ന ഏറ്റവും ഉയർന്ന വിലനിലവാരമാണിത്.

ധാന്യങ്ങൾ, ഇറച്ചി, പഞ്ചസാര, സസ്യ എണ്ണ തുടങ്ങിയ പല ഭക്ഷ്യ വസ്തുക്കളുടെ വില നിലവാരത്തിന്റെ അടിസ്ഥാനത്തിലാണ് വിലക്കയറ്റം FAO കണക്കാക്കുന്നത്. ഇപ്പോൾ വിലകളുടെ അടിസ്ഥാനമായി FAO എടുക്കുന്നത് 2002-2004 കാലത്തെ ശരാശരി വിലയാണ്. ഇത്തരത്തിൽ കണക്കാക്കുമ്പോൾ നാണ്യ പെരുപ്പത്തിന്റെ പങ്ക് കണക്കിലെടുക്കുന്നില്ല എന്ന പ്രശ്നമുണ്ട്. നാണ്യപെരുപ്പം ഉണ്ടാകുമ്പോൾ എല്ലാ വസ്തുക്കളുടെയും വില ഉയരും. ആ സ്ഥിതിയിൽ ഭക്ഷണത്തിന് ചിലവഴിക്കാൻ കഴിയുന്ന പണം കുറയും. മരുന്ന് തുടങ്ങിയ ആവശ്യവസ്തുക്കൾക്ക് കൂടുതൽ പണം ജനങ്ങൾക്ക് ചിലവാക്കുമ്പോൾ ഭക്ഷണത്തിന് മാറ്റിവയ്ക്കാൻ കഴിയുന്ന പണം കുറയും. ഇക്കാലത്ത് കൂലിയിലും ശമ്പളത്തിലും കുറവല്ലാതെ വർധനവ് ഉണ്ടാകുന്നില്ല എന്ന പ്രശ്നവുമുണ്ട്. ഇത് വലിയ ദാരിദ്ര്യത്തിലേക്ക് കോടാനുകോടി ജനങ്ങളെ തള്ളി വിടുന്നു.

ആഗസ്റ്റ് മാസത്തിൽ FAO തന്നെ നടത്തിയ ഒരു പഠനത്തിൽ കണ്ടത് നാണ്യ പ്പെരുപ്പവും കൂടി കണക്കാക്കിയാൽ ഭക്ഷ്യ വില 2011നെക്കാൾ വളരെ ഉയർന്നാണ് നില്ക്കുന്നത് എന്നാണ്. 2011 ലാണ് ഭക്ഷ്യക്ഷാമം മൂലം ലിബിയ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ വലിയ പ്രക്ഷോഭം നടന്നതും ഭരണമാറ്റം തന്നെ സംഭവിച്ചതും. ഒരു പഠനത്തിൽ പറയുന്നത് 1961ൽ യു.എൻ ഭക്ഷ്യവില കണക്കാക്കാൻ തുടങ്ങിയതിനു ശേഷം ഉണ്ടായിരിക്കുന്ന ഏറ്റവും ബുദ്ധിമുട്ടു പിടിച്ച കാലമാണിതാണെന്നാണ്. 1974-75 കാലത്ത് ഭക്ഷ്യവിലയിൽ വലിയ വർദ്ധനവുണ്ടായി. അത് അക്കാലത്ത് എണ്ണവിലയിൽ ഉണ്ടായ വർദ്ധനവുമായി ബന്ധപ്പെട്ടായിരുന്നു.

## കോവിഡ് 19, എണ്ണവില, കാലാവസ്ഥാ വ്യതിയാനം

ഭക്ഷ്യവിലക്കയറ്റത്തിന്റെ കാരണങ്ങൾ കണക്കാക്കുന്നതിൽ പല പരിമിതികളുമുണ്ട്. ഓരോ രാജ്യത്തിന്റെയും പ്രദേശത്തിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ച് അത് മാറിമാറിവരും. എന്നാൽ ഇപ്പോൾ ആഗോളതലത്തിൽ തന്നെ ഉണ്ടായിരിക്കുന്ന ഭക്ഷ്യ വിലക്കയറ്റത്തിന് പൊതുവായ ചില കാരണങ്ങളുണ്ട്.

ഇപ്പോഴത്തെ വിലക്കയറ്റത്തിന് പ്രധാന കാരണം കോവിഡ് 19 തന്നെ. കോവിഡ് 19 മൂലം ഭക്ഷ്യ വസ്തുക്കളുടെ ട്രാൻസ്പോർട്ടേഷനെ വളരെയധികം ബാധിച്ചു. തൊഴിലാളികളുടെ പ്രത്യേകിച്ച് ട്രക്ക് ഡ്രൈവർമാരുടെ കുറവ് വികസിത രാജ്യങ്ങളിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. കണ്ടെയ്നറുകൾ പലതുറമുഖങ്ങളിലും കെട്ടികിടക്കുന്നതു മൂലം അതിന്റെ കുറവും, ആഗോള തലത്തിൽ തന്നെ കടൽ മാർഗ്ഗമുള്ള ചരക്കു കടത്തിനെ ബാധിച്ചു, മാത്രമല്ല കണ്ടെയ്നർ ചാർജ്ജ് മൂന്നും നാലും ഇരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ലഭ്യതക്കുറവും കൃഷിയിറക്കുന്നതിനെയും വിളവെടുപ്പിനെയും ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പമാണ് ഏപ്രിൽ 2020 മുതൽ തുടങ്ങിയ എണ്ണ (പെട്രോൾ, ഡീസൽ) വിലക്കയറ്റം. എണ്ണ വിലക്കയറ്റം കാർഷിക രംഗത്തെ ഉല്പാദനത്തിന്റെയും വിളവെടുപ്പിന്റെയും ട്രാൻസ്പോർട്ടേഷന്റെയും ചിലവുകൾ വലിയ തോതിൽ ഉയർത്തി. കാലാവസ്ഥയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനവും ഭക്ഷ്യ ഉല്പാദനത്തെ ഗൗരവതരമായി ബാധിച്ചിട്ടുണ്ട്. കാലം തെറ്റിവരുന്ന മഴ, ഉയരുന്ന താപനില എല്ലാം ഭക്ഷ്യ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുകയാണ്.

ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം കോവിഡിന് ശേഷമാണ് രൂക്ഷമായതെങ്കിലും ഭക്ഷ്യവിലയിൽ വർദ്ധനവിന്റെ പ്രവണത 2000 മുതൽ തന്നെ ആരംഭിച്ചു. 1960-നു ശേഷം ഭക്ഷ്യ വിലയിൽ




**ഭക്ഷ്യ വിലക്കയറ്റം ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് വികസ്വര രാജ്യങ്ങളെയാണ്. വികസിത രാജ്യങ്ങൾ ഭക്ഷ്യ സബ്സിഡിയും മറ്റും നല്കാനുള്ള ശേഷിയുണ്ട്. എന്നാൽ ദരിദ്ര്യ രാജ്യങ്ങൾക്ക് അതിനുള്ള ശേഷിയില്ല. അതിനാൽ ഈ രാജ്യങ്ങളിൽ ജീവിക്കുന്ന സാധാരണ ജനങ്ങൾ പട്ടിണിയിലേക്ക് വീഴുന്ന സ്ഥിതിയാണ്.**

ഉണ്ടായിക്കൊണ്ടിരുന്ന കുറവിന്റെ പ്രവണത 2000 മായപ്പോൾ മറിച്ചായി. ഭക്ഷ്യവില നിയന്ത്രിക്കാൻ ആഗോളതലത്തിൽ യു.എൻ ന്റെ മില്ലിനിയം വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് ചില ശ്രമങ്ങൾ നടന്നെങ്കിലും അതൊന്നും ഫലപ്രാപ്തിയിലെത്തിയില്ലെന്നു മാത്രമല്ല ഭക്ഷണം സാധാരണക്കാർക്ക് കൂടുതൽ കൂടുതൽ ലഭ്യമല്ലാത്ത സ്ഥിതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

2000-നു ശേഷം മിക്കവാറും എല്ലാ ഭക്ഷ്യവസ്തുക്കളുടെയും വില വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. കോവിഡ്കാലത്ത് അത് കൂടുതൽ രൂക്ഷമായെന്നു മാത്രം. ഭക്ഷ്യ വസ്തുക്കളുടെ വില ഇനിയും ഉയരാനാണ് സാധ്യതയെന്നാണ് റിപ്പോർട്ടുകളും പഠനങ്ങളും സൂചിപ്പിക്കുന്നത്. രാസവളം, കീടനാശിനികൾ തുടങ്ങിയവയുടെ വിലയും ഉയരുന്ന പ്രവണതയാണ് കാണിക്കുന്നത്. ഭക്ഷ്യ വസ്തുക്കളുടെ വില ഉയരുകയും, ലഭ്യത കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ ചില രാജ്യങ്ങൾ കയറ്റുമതി നിരോധിക്കുന്ന സാഹചര്യവും ഉടലെടുക്കുന്നുണ്ട്. കോണും, ഭക്ഷ്യ എണ്ണകളും ബയോഡീസൽ ഉല്പാദനത്തിന് ഉപയോഗിക്കുന്നതും ഭക്ഷ്യ ലഭ്യതയ്ക്ക് ഭീഷണിയാണ്. ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ്പ് ഉയരുന്നതും ഒരു വിഷയമാണ്.

ഇതിനെല്ലാം പുറമെ പലപ്പോഴും ചർച്ച ചെയ്യപ്പെടാതെ പോകുന്ന ഒരു പ്രശ്നമാണ് ഭക്ഷ്യവസ്തുക്കളുടെ ഊഹക്കച്ചവടം. ഭക്ഷ്യവസ്തുക്കളുടെ അവധിവ്യാപാരം മറ്റ് എല്ലാ ചരക്കുകളും പോലെ തന്നെ ഇപ്പോൾ നടക്കുന്നുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഓൺലൈൻ വ്യാപാരം, അവധിവ്യാപാരം എല്ലാം വലിയ തോതിൽ പണമൊഴുകുന്ന രംഗമാണ്. ഭക്ഷ്യവസ്തുക്കളുടെ വില ഉയരുന്ന തോടൊപ്പം തന്നെ അവധിവ്യാപാരം ഊഹക്കച്ചവട രംഗത്തും വില ഉയർത്തും. ഇത് അത്യന്തികമായി യഥാർത്ഥ കമ്പോളത്തിലെ വിലയും ഉയർത്തും.

അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളിലെ കേന്ദ്ര ബാങ്കുകൾ പലിശനിരക്ക് പൂജ്യത്തിനടുത്താണ് നിർത്തിയിരിക്കുന്നത്. അതോടൊപ്പം കുത്തകകൾക്ക് വലിയ തോതിൽ നികുതി ഇളവുകളും മറ്റു സഹായങ്ങളും നല്കുന്നുണ്ട്. അമേരിക്കൻ കോൺഗ്രസ്സ് 2 ട്രില്ല്യൺ (1 ട്രില്ല്യൺ = ഒരു ലക്ഷം കോടി) ഡോളറിന്റെ സഹായമാണ് കുത്തകകൾക്ക് കോവിഡ് കാലത്ത് നൽകിയത്. ഫെഡറൽ റിസർവ് 4 ട്രില്ല്യൺ ഡോളറോളം കടം നല്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം കമ്പോളത്തിലെ കുറഞ്ഞ നിരക്കിലുള്ള പണത്തിന്റെ ലഭ്യത ഉയർത്തി. ഈ പണം പ്രധാനമായും പോയത് ഓഹരി കമ്പോളത്തിലും ചരക്കുകമ്പോളത്തിലുമാണ്. ഇത് ആഗോള തലത്തിൽ വിലക്കയറ്റത്തിനു കാരണമായി.

ഭക്ഷ്യ വിലക്കയറ്റം ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് വികസ്വര രാജ്യങ്ങളെയാണ്. വികസിത രാജ്യങ്ങൾക്ക് ഭക്ഷ്യ സബ്സിഡി യും മറ്റും നല്കാനുള്ള ശേഷിയുണ്ട്. എന്നാൽ ദരിദ്ര്യ രാജ്യങ്ങൾക്ക് അതിനുള്ള ശേഷിയില്ല. അതിനാൽ ഈ രാജ്യങ്ങളിൽ ജീവിക്കുന്ന സാധാരണ ജനങ്ങൾ പട്ടിണിയിലേക്ക് വീഴുന്ന സ്ഥിതിയാണ്.

വേൾഡ് ഫുഡ് പ്രോഗ്രാം (WFP) റിപ്പോർട്ടനുസരിച്ച് ഭക്ഷണ ലഭ്യത കുറവു മൂലം 27 കോടിയോളം ജനങ്ങളുടെ ജീവൻ തന്നെ ഭീഷണിയിലാണ്. മഹാമാരിക്ക് മുമ്പ് ഇത്തരം ഭീഷണി നേരിടുന്ന ജനങ്ങൾ 15 കോടിയായിരുന്നു. FAO- യും യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമും (UNDP) ചേർന്ന് പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടനുസരിച്ച് 2020 ൽ 80 കോടി ജനങ്ങൾ കടുത്ത ദാരിദ്ര്യത്തിലാണ്. 300 കോടിയോളം ജനങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണം വാങ്ങാൻ കഴിയുന്നില്ല.

ചില രാജ്യങ്ങളിലെ പല പ്രദേശങ്ങളും പട്ടിണിയുടെ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ലെബനനിൽ കറൻസി വിലയിടിഞ്ഞതു മൂലം കഴിഞ്ഞ വർഷത്തെയപേക്ഷിച്ച് ഭക്ഷ്യ വിലക്കയറ്റം 400 ശതമാനമാണ്. സിറിയയിൽ ഭക്ഷ്യവില ഈ വർഷം കഴിഞ്ഞ വർഷത്തെയപേക്ഷിച്ച് ഇരട്ടിയായി ഉയർന്നിട്ടുണ്ട്. ആഫ്രിക്കയിലെ സ്ഥിതിയും വളരെ ഗുരുതരമാണ്. പല ആഫ്രിക്കൻ രാജ്യങ്ങളിലും ആഭ്യന്തര കലാപവും സംഘർഷങ്ങളും നടക്കുകയാണ്. കാലാവസ്ഥ വ്യതിയാനം മൂലമുള്ള വെള്ളപൊക്കം, വരൾച്ച, കൂടാതെ കീടങ്ങളുടെ ആക്രമണം എല്ലാം ആഫ്രിക്കൻ രാജ്യങ്ങളിലെ ഭക്ഷ്യ ലഭ്യതയെ ബാധിച്ചിട്ടുണ്ട്. അതോടൊപ്പം കോവിഡ്19 ന്റെ പ്രശ്നങ്ങളും കൂടിയായപ്പോൾ സ്ഥിതിഗതികൾ അതിരൂക്ഷമാണ്. എത്യോപ്യ ആഭ്യന്തര കലാപത്തിന്റെ പിടിയിലാണ്. മറ്റു രാജ്യങ്ങളെക്കാൾ വലിയ ഉയർന്ന നിരക്കിലാണ് എത്യോപ്യയിലെ ഭക്ഷ്യ വിലക്കയറ്റവും, ഭക്ഷ്യക്ഷാമവും.

ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളെയാണ് ഭക്ഷ്യക്ഷാമം രൂക്ഷമായി ബാധിക്കുക. വടക്കൻ ആഫ്രിക്കയിൽ ഭക്ഷ്യ വില കഴിഞ്ഞ അഞ്ചു വർഷത്തെ ശരാശരിയെക്കാൾ 40% ഉയർന്നാണിരിക്കുന്നത്. സുഡാനിൽ ഭക്ഷ്യ വിലയുടെ ഉയർച്ച 200% ആണ്. നൈജീരിയയിൽ ഭക്ഷ്യ വിലക്കയറ്റം 23% ആണ്.

ലെബനൻ, ഇറാക്ക്, ടുണീഷ്യ, ക്യൂബ,




സൗത്ത് ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെല്ലാം ഭക്ഷ്യ വിലക്കയറ്റത്തിനെതിരെ പ്രക്ഷോഭം നടക്കുകയാണ്.

ദരിദ്ര രാജ്യങ്ങളിൽ മാത്രമല്ല ഭക്ഷ്യ പ്രശ്നം ഗുരുതരമായിരിക്കുന്നത്. അമേരിക്കയിൽ അടുത്തിടെ നടത്തിയ ഒരു സർവ്വേയിൽ കണ്ടെത്തിയത് 8.6% പേർക്ക് ആവശ്യത്തിനുള്ള ഭക്ഷണം ലഭ്യമായില്ല എന്നാണ്. 3.8 കോടിയോളം അമേരിക്കക്കാർ ജീവിക്കുന്നത് ഭക്ഷ്യ സുരക്ഷയില്ലാത്ത കുടുംബങ്ങളിലാണെന്ന് ഒരു സർവ്വേ കണ്ടെത്തി.

റഷ്യയിൽ ഭക്ഷ്യ ലഭ്യത കുറഞ്ഞതു മൂലം ഗോതമ്പിന്റെ കയറ്റുമതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റൊമേനീയ യൂറോപ്പ#ിൽ ഏറ്റവും കൂടുതൽ ധാന്യങ്ങൾ കയറ്റുമതി ചെയ്യുന്ന രാജ്യമാണ്. അവിടെയും ഭക്ഷ്യവിലക്കയറ്റം രണ്ടക്കത്തിനു മുകളിലാണ്.

World Food Programme (WFP) ചീഫ് സാമ്പത്തിക ശാസ്ത്രജ്ഞൻ ആരിഫ് ഹുസൈന്റെ അഭിപ്രായത്തിൽ ഭക്ഷ്യക്ഷാമം മൂലം ജനങ്ങൾ അവർ ജീവിക്കുന്ന പ്രദേശങ്ങളിൽ നിന്നും മറ്റു പ്രദേശങ്ങളിലേക്കു കുടിയേറി പോകാനുള്ള സാധ്യതയുണ്ട്. ഭക്ഷ്യക്ഷാമം സാമൂഹ്യ സംഘർഷങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമാകുന്ന അവസ്ഥയുണ്ട്. ഇത് സ്ഥിതിഗതികൾ കൂടുതൽ വഷളാകും. വിലക്കയറ്റവും വളർച്ചയിലെ മുരടിപ്പും കൂടിചേർന്ന് "Stagflation" എന്ന അവസ്ഥയിലേക്ക് ആഗോള സമ്പദ് വ്യവസ്ഥതന്നെ വീഴുന്ന എന്ന സൂചനകളും വന്നു കൊണ്ടിരിക്കുന്നുണ്ട്. ഇത്തരം ഒരു വിഷമവൃത്തത്തിൽ പെട്ടാൽ അതിൽ നിന്നു കരകയറാൻ സമയമെടുക്കും. കൂടുതൽ തൊഴിലില്ലായ്മയും ദുരിതവും ലോകത്ത് ഉണ്ടാകുകയും ചെയ്യും. •



# കൽക്കരിക്ഷാമം ജനം ദുരിതത്തിൽ

കൽക്കരിക്ഷാമം രൂക്ഷമായതോടെ രാജ്യം കടുത്ത ഊർജ പ്രതിസന്ധിയിൽ. വൈദ്യുതി പ്രതിസന്ധിയും, പെട്രോൾ, ഡീസൽ പാചകവാതക വിലക്കയറ്റവും മൂലം രാജ്യത്തെ ജനജീവിതം ദുസഹമായിരിക്കുന്നു. ഇന്ധന വിലക്കയറ്റവും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും മൂലം ഇരട്ടി ഭാരമാണ് ജനങ്ങൾ വഹിക്കുന്നത്. ഇതിനെല്ലാം പുറമെ രാജ്യം ഇരുട്ടിലേക്ക് നിങ്ങുകയാണെന്ന ആശങ്കയും ഉയരുന്നു.

135 താപവൈദ്യുത നിലയങ്ങളിൽ 104 എണ്ണവും കടുത്ത കൽക്കരി ക്ഷാമം നേരിടുന്നു. പകുതിയിലേറെ താപവൈദ്യുത നിലയങ്ങളിൽ കൽക്കരിശേഖരം ഏതാനും ദിവസങ്ങളിലേക്കുമാത്രമേ തികയൂ എന്നാണ് റിപ്പോർട്ട്. ചില പ്ലാന്റുകൾ പ്രവർത്തനം നിർത്തി. വിവിധ സംസ്ഥാനങ്ങൾ പവർകട്ടും ലോഡ് ഷെഡിങ്ങും നടപ്പാക്കിത്തുടങ്ങി.

ഉത്തർപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഗുജറാത്ത്, തമിഴ്നാട്, കർണാടക, ബിഹാർ സംസ്ഥാനങ്ങളിൽ നാലുമുതൽ 14 മണിക്കൂർ വരെയാണ് പവർകട്ട്. ഡൽഹിയിലെ 25 താപ വൈദ്യുതി നിലയങ്ങളും വൻ പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലുമുള്ള താപ വൈദ്യുത പ്ലാന്റുകൾ വളരെ താഴ്ന്ന അളവിലാണ് ഇപ്പോൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്.

സ്വകാര്യ കൽക്കരി കുത്തകകളും സ്വകാര്യ വൈദ്യുത കമ്പനികളും കൊള്ളലാഭം ഉണ്ടാക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് കൽക്കരി ക്ഷാമവും അതിനെ തുടർന്നുള്ള വൈദ്യുത പ്രതിസന്ധിയും. മൂന്നു മാസത്തേക്കുള്ള കൽക്കരി, വൈദ്യുതനിലയങ്ങൾ ശേഖരിച്ചുവയ്ക്കണമെന്നായിരുന്നു നേരത്തേയുണ്ടായിരുന്ന വ്യവസ്ഥ. 2015ൽ സ്വകാര്യമേഖലയെ സഹായിക്കാൻ വേണ്ടി ഈ വ്യവസ്ഥ ഒഴിവാക്കി.

ഉത്സവകാലം മുൻനിർത്തിയുള്ള അധിക ഉൽപ്പാദനം, കൂടുതൽ പ്രദേശത്ത് വൈദ്യുതി ലഭ്യമാക്കിയതുവഴിയുള്ള അധിക ഉപയോഗം എന്നിവയൊക്കെയാണ് കൽക്കരി ക്ഷാമത്തിനുള്ള കാരണമായി കേന്ദ്ര ഗവൺമെന്റ് പറയുന്നത്. കൽക്കരി താപനിലയങ്ങളെ ആശ്രയിക്കുന്നവർ 2019ൽ 61.9 ശതമാനമായിരുന്നത് 2021 ആയപ്പോഴേക്കും 66.4 ശതമാനമായി എന്നും വാദിക്കുന്നു. ചൈന, ജപ്പാൻ, യൂറോപ്പ് എന്നിവിടങ്ങളിലെ ഊർജക്ഷാമവും അന്താരാഷ്ട്ര വിപണിയിൽ ഇന്ധനങ്ങളുടെ വില കൂടാൻ കാരണമായതായി കോൾ ഇന്ത്യ പറയുന്നു.

## താപനിലയങ്ങളിലെ സ്ഥിതി

16 താപനിലയങ്ങളിൽ (17,475 മെഗാവാട്ട്) കൽക്കരി പൂർണമായും തീർന്നു.

45 നിലയങ്ങളിൽ (59,790 മെഗാവാട്ട്) അതി രൂക്ഷമായ ക്ഷാമം. മറ്റ് വിവിധ നിലയങ്ങളിലും (132 ജിഗാവാട്ട്) ക്ഷാമം ഉൽപ്പാദനത്തെ ബാധിച്ചു.

പ്രതിസന്ധി നേരിടുന്ന 108 നിലയങ്ങളിൽ 98 എണ്ണവും ഖനിയിൽ നിന്ന് വളരെ ദൂരെയാണ്.

**ഇന്ത്യയുടെ മൊത്തം വൈദ്യുതി ഉൽപ്പാദന ശേഷി 388 ജിഗാ വാട്ടാണ്.**



| | |
|---|---|
| കൽക്കരി | 208.8 ജിഗാവാട്ട് |
| എൽ.എൻ.ജി | 24.92 ജിഗാവാട്ട് |
| ലിഗ്നൈറ്റ് | 6.62 ജിഗാവാട്ട് |

**രാജ്യത്തെ ഊർജ ഉപഭോഗം**

| | |
|---|---|
| കൽക്കരി | 52.6 % |
| ലിഗ്നൈറ്റ് | 1.7 % |
| ഗ്യാസ് | 6.5 % |
| ഡീസൽ | 0.1 % |
| ജലവൈദ്യുതി | 12% |
| ആണവോർജം | 1.7% |
| കാറ്റ്/സൗരോർജം | 25.4 |



കോവിഡ് നിയന്ത്രണത്തിലായതോടെ വൈദ്യുതി ഉപയോഗം കൂടിയതും സെപ്റ്റംബറിൽ ഉണ്ടായ കനത്ത മഴ കൽക്കരി ഖനികളിലെ ഉൽപ്പാദനത്തെ ബാധിച്ചതും കാരണമായി പറയുന്നു. കാലവർഷം മുന്നിൽക്കണ്ട് കൂടുതൽ കൽക്കരി ശേഖരം നടത്താൻ കഴിയാത്തത് മറ്റൊരു കാരണവുമാണ്.

കോവിഡിനെത്തുടർന്ന് ചലനമറ്റുകിടന്ന സാമ്പത്തികമേഖല പതുക്കെ അനങ്ങാൻ തുടങ്ങുമ്പോഴാണ് ഈ പ്രതിസന്ധി. അടിസ്ഥാന ഘടകമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വൈദ്യുതി. ആ നിലയിൽ ദീർഘവീക്ഷണത്തോടെ പരിപാടികൾ ആസൂത്രണം ചെയ്യാനോ പ്രശ്നത്തെ മുൻകൂട്ടി കാണാനോ സർക്കാരിന് കഴിഞ്ഞില്ല. വൈദ്യുതി, കൽക്കരി മന്ത്രാലയങ്ങൾ തമ്മിൽ ഫലപ്രദമായ ഏകോപനം ഉണ്ടായിരുന്നെങ്കിൽ കൽക്കരിയുടെ ക്ഷാമം നേരത്തേ അറിഞ്ഞ് വേണ്ട മുൻകരുതൽ എടുക്കാമായിരുന്നു.

അമൂല്യ പ്രകൃതിവിഭവമായ കൽക്കരി വേണ്ടുവോളമുള്ള രാജ്യമാണ് ഇന്ത്യ. ഇക്കാര്യത്തിൽ നമുക്ക് സാമാന്യം നല്ല സ്വയം പര്യാപ്തതയുണ്ടായിരുന്നു. എന്നിട്ടും ഈ പ്രതിസന്ധി എങ്ങനെയുണ്ടായി ? ദേശസാൽക്കരിക്കപ്പെട്ട കൽക്കരി വ്യവസായവും സ്വകാര്യ കോർപറേറ്റ് മേഖലയ്ക്ക് തുറന്നു കൊടുത്തതിന്റെ ദുരന്തം തന്നെയാണ് കാരണം. ക്ഷാമമുണ്ടായാൽ എന്തിനും വില കൂടുമല്ലോ. അതാണ് സ്വകാര്യ മുതലാളിമാരുടെ ആവശ്യവും.

ഒഡിഷ, ജാർഖണ്ഡ്, ഛത്തീസ്ഗഢ്, മധ്യപ്രദേശ് എന്നിവിടങ്ങളിലായി 41 കൽക്കരിപ്പാടം അദാനി, ജിൻഡാൽ മുതലാളിമാർക്ക് ലേലം ചെയ്തു കൊടുത്തിട്ടുണ്ട്. ഇനിയും കൊടുക്കാനൊരുങ്ങുന്നുമുണ്ട്. ഈ കൽക്കരിപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് തടസ്സമില്ലെന്നും വ്യവസ്ഥയുണ്ട്. വൈദ്യുതനിലയങ്ങൾക്ക് ആവശ്യമായ കൽക്കരി ലഭിക്കാത്തതിന് പിന്നിൽ ഇവരുടെ താൽപ്പര്യമുണ്ട്. കൽക്കരി ഖനനവും വിതരണവും കയറ്റുമതിയുമെല്ലാം നിയന്ത്രിക്കുന്ന പൊതുമേഖലയിലെ കോൾ ഇന്ത്യാ ലിമിറ്റഡിനെ പതുക്കെപ്പതുക്കെ ഇല്ലാതാക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. പ്രതിദിനം ലക്ഷക്കണക്കിന് ടൺ കൽക്കരി ശേഖരിക്കാൻ ശേഷിയുണ്ടായിരുന്ന രാജ്യത്താണ് ഇപ്പോൾ രൂക്ഷമായ ക്ഷാമമെന്നും അറിയേണ്ടതുണ്ട്.●

# കൽക്കരി ക്ഷാമം കൃത്രിമ സൃഷ്ടി: സിഐടിയു

കൽക്കരി ക്ഷാമവും വൈദ്യുതി പ്രതിസന്ധിയും കോർപറേറ്റുകളെ സഹായിക്കുന്നതിനുള്ള കൃത്രിമ സൃഷ്ടിയാണെന്ന് സിഐടിയു. കൽക്കരി ഉൽപ്പാദനത്തിൽ റെക്കോഡ് വർധന വന്നിട്ടും ക്ഷാമം സംഭവിച്ചതെങ്ങനെയെന്ന് കേന്ദ്രം വ്യക്തമാക്കണം. ഏപ്രിൽ സെപ്തംബറിൽ കോൾ ഇന്ത്യ റെക്കോഡ് ഉൽപ്പാദനം നടത്തി. കേന്ദ്രത്തിന്റെ അറിവോടെ നിക്ഷിപ്ത താൽപ്പര്യക്കാരാണ് ക്ഷാമം സൃഷ്ടിച്ചത്. കേന്ദ്ര വൈദ്യുതി അതോറിറ്റി മാനദണ്ഡപ്രകാരം നിലയങ്ങളിൽ 20 ദിവസത്തെ കൽക്കരിയുണ്ടാകണം. ഇത് പാലിക്കാത്തതിന്റെ ഉത്തരവാദി കേന്ദ്രമാണ്.

ആവശ്യം കുറഞ്ഞതിനാൽ ഉപകമ്പനികൾ ഉൽപ്പാദനം കുറയ്ക്കാൻ നിർബന്ധിതരായെന്നും ഒരു പരിധിക്കപ്പുറം കൽക്കരി ശേഖരിച്ചുവച്ചാൽ ഉപയോഗശൂന്യമാകുമെന്നും കോൾ ഇന്ത്യ ചെയർമാൻ പറഞ്ഞു. കൃത്രിമ ക്ഷാമം എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന് ഇതിൽനിന്ന് വ്യക്തം. പ്രതിദിനം ആവശ്യമായ 18.4 ലക്ഷം ടൺ കൽക്കരി നൽകാൻ കോൾ ഇന്ത്യക്കും മറ്റ് ഖനികൾക്കും സാധിക്കുന്നു.

അന്താരാഷ്ട്ര വിപണിയിൽ കൽക്കരി വില ഒരു മാസത്തിനിടെ 60 ഡോളറിൽനിന്ന് 240 ഡോളറായി. ഗുജറാത്തിൽ ടാറ്റ,അദാനി താപനിലയങ്ങളക്കം ഇറക്കുമതി കൽക്കരിയാണ് ഉപയോഗിക്കുന്നത്. നിരക്കുവർധന ആവശ്യപ്പെട്ട് ടാറ്റയും അദാനിയും സെപ്തംബർ മൂന്നാം വാരംമുതൽ ഉൽപ്പാദനം നിർത്തി. യൂണിറ്റിന് ഒമ്പത് രൂപയിൽനിന്ന് 21 രൂപയാക്കാൻ കേന്ദ്രം അനുമതി നൽകി.

പ്രതിസന്ധിയുടെ പേരിൽ വില വീണ്ടും കൂട്ടാനാണ് നീക്കം. കോർപറേറ്റുകളുടെ കൊള്ളലാഭത്തിനായി കൃത്രിമമായി സൃഷ്ടിക്കപ്പെട്ടതാണ് പ്രതിസന്ധിയെന്ന് വ്യക്തം. ശക്തമായ എതിർപ്പ് ഉയർത്തിയില്ലെങ്കിൽ കൽക്കരി മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളും വിൽക്കും. കോൾ ഇന്ത്യയെ പ്രതിക്കൂട്ടിലാക്കി വിറ്റഴിക്കാനുള്ള ഗൂഢാലോചനയും സംശയിക്കണം. വലിയ പോരാട്ടത്തിന് യൂണിയനുകൾ തയ്യാറെടുക്കണമെന്നും സിഐടിയു ജനറൽ സെക്രട്ടറി തപൻ സെൻ പറഞ്ഞു.

# സാമ്പത്തിക ശാസ്ത്രത്തിൽ നോബേൽ സമ്മാനം

## ഉയർന്ന മിനിമം വേതനം തൊഴിലവസരം കുറയ്ക്കില്ല



സാമ്പത്തിക ശാസ്ത്രത്തിന്റെ നോബൽ സമ്മാനം യുഎസിലെ മൂന്ന് ഗവേഷകർ പങ്കിട്ടു. ഡേവിഡ് കാഡ്, ജോഷ്വ ആംഗ്റിസ്റ്റ്, ഹിതോ ഇംപൻസ് എന്നിവർക്കാണ് പുരസ്കാരം ലഭിച്ചത്. മിനിമം വേതനം, കുടിയേറ്റം, വിദ്യാഭ്യാസം എന്നീ ഘടകങ്ങൾ തൊഴിൽ വിപണിയിൽ ഉണ്ടാക്കുന്ന സ്വാധീനത്തെ കുറിച്ച് നടത്തിയ നൂതന പഠനത്തിനാണ് അംഗീകാരം. തൊഴിൽ സാമ്പത്തിക പഠനങ്ങൾക്ക് കാലിഫോർണിയ സർവകലാശാലയിലെ ഡേവിഡ് കാഡിനാണ് സമ്മാനത്തുകയുടെ പകുതി. അദ്ദേഹം കാനഡ സ്വദേശിയാണ്.

യഥാർഥ ജീവിത സാഹചര്യങ്ങളിൽ നിന്നുള്ള അനുഭവ വിവരങ്ങളിലൂടെ സാമ്പത്തിക പ്രത്യാഘാതങ്ങളെ വിശകലനം ചെയ്യുന്നതിനെയാണ് സ്വാഭാവിക പരീക്ഷണങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത്. മണിക്കൂർ അടിസ്ഥാനത്തിലുള്ള മിനിമം വേതന വർധന തൊഴിൽമേഖലയെ ബാധിച്ചിട്ടില്ലെന്ന് ഡേവിഡ് കാഡ് കണ്ടെത്തി. മിനിമം കൂലി വർധിപ്പിച്ചാൽ തൊഴിലവസരം കുറയുമെന്ന പരമ്പരാഗത ധാരണകളെയാണ് ഈ കണ്ടെത്തൽ നിരാകരിച്ചത്.




# ഒരു ചീത്തബാങ്കും ബാക്കി നല്ല ബാങ്കുകളും

**ഒരു പുതിയ ബാങ്ക് രൂപവത്കരിക്കുക. അതിലേക്ക് എല്ലാ ബാങ്കുകളുടെയും കിട്ടാക്കടങ്ങൾ മാറ്റുക. കിട്ടാക്കടബാധ മുഴുവൻ ആവാഹിച്ച് പുതിയ ബാങ്കിൽ കുടിയിരുത്തുക. അങ്ങനെ ഒരു ചീത്ത ബാങ്കും നല്ല ബാക്കി ബാങ്കുകളുമാകും. ആരാണ് ഈ കിട്ടാക്കടങ്ങൾ എടുത്തിട്ടുള്ളത്? ലോക്സഭയിലെ ഒരു ചോദ്യത്തിനുനൽകിയ ഉത്തരംപ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിലെ 58 ശതമാനം വായ്പകളും അഞ്ചുകോടിയെക്കാൾ വലിയ വായ്പകളുള്ള വൻകിടക്കാരാണ്. കിട്ടാക്കടത്തിന്റെ 86.4 ശതമാനവും ഇത്തരക്കാരുടേതാണ്.**



തോമസ് ഐസക്ക്

കോവിഡ്കാലത്തെ നിഷ്ക്രിയ ആസ്തികൾ കൂടി കണക്കിൽ ചേരുമ്പോൾ ഈ വർഷം അവസാനം ബാങ്കുകളുടെ കിട്ടാക്കടം വായ്പയുടെ 15 ശതമാനംവരും എന്നാണ് ഔദ്യോഗികവിലയിരുത്തൽ.

ബാങ്കുകൾ വേഗം ആരോഗ്യം വീണ്ടെടുത്തില്ലെങ്കിൽ കോവിഡിൽനിന്നുള്ള സമ്പദ്ഘടനയുടെ കരകയറ്റം കുഴപ്പത്തിലാകും. ഒരു പുതിയ ബാങ്ക് രൂപവത്കരിക്കുക. അതിലേക്ക് എല്ലാ ബാങ്കുകളുടെയും കിട്ടാക്കടങ്ങൾ മാറ്റുക. കിട്ടാക്കടബാധ മുഴുവൻ ആവാഹിച്ച് പുതിയ ബാങ്കിൽ കുടിയിരുത്തുക. അങ്ങനെ ഒരു ചീത്ത ബാങ്കും നല്ല ബാക്കി ബാങ്കുകളുമാകും.

2012 -13 മുതൽ 2020- 21 വരെയുള്ള കാലയളവിൽ ബാങ്കുകൾ 10.3 ലക്ഷം കോടി രൂപയുടെ കിട്ടാക്കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്. ഇത്രയും




കിട്ടാക്കടം അക്കൗണ്ടിൽനിന്ന് മാറ്റിയിട്ടും 2020 ’21ലെ കണക്കുപ്രകാരം 5.8 ലക്ഷംകോടിരൂപ കിട്ടാക്കടമായി അവശേഷിക്കുന്നു. അഥവാ 2012 -13 മുതൽ ബാങ്കുകളുടെ മൊത്തം കിട്ടാക്കടം 16 ലക്ഷം കോടി രൂപ വരും. ഇതൊരു ഞെട്ടിപ്പിക്കുന്ന തുക തന്നെയാണ്.

നിഷ്ക്രിയാസ്തികൾ 2008-09ൽ രണ്ടുശതമാനം മാത്രമായിരുന്നു. 2017-18ൽ അത് 14.6 ശതമാനമായി വർധിച്ചു. കടം എഴുതിത്തള്ളി ഈ തോത് കുറച്ചുകൊണ്ടുവന്നതാണ്. എന്നാൽ കോവിഡ് സ്ഥിതി വീണ്ടും അപകടത്തിലാക്കി.

## കൊള്ളക്കാർ ആര്?

ആരാണ് ഈ കിട്ടാക്കടങ്ങൾ എടുത്തിട്ടുള്ളത്? ഇവരുടെ ആരുടെയും പേര് വെളിപ്പെടുത്താൻ കേന്ദ്രസർക്കാർ തയ്യാറല്ല. എങ്കിലും 2016ൽ ലോക്സഭയിലെ ഒരു ചോദ്യത്തിനുനൽകിയ ഉത്തരംപ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിലെ 58 ശതമാനം വായ്പകളും അഞ്ചുകോടിയെക്കാൾ വലിയ വായ്പകളുള്ള വൻകിടക്കാരാണ്. കിട്ടാക്കടത്തിന്റെ 86.4 ശതമാനവും ഇത്തരക്കാരുടേതാണ്. കാർഷികകടമടക്കം ചില്ലറ വായ്പകൾ മുഴുവനെടുത്താലും 10 ശതമാനത്തിലേറെ വരില്ലെന്ന് ചുരുക്കം.

ലോക്സഭാചോദ്യത്തിൽനിന്നുള്ള മറ്റൊരു കണക്ക് ഇതാ: ഇന്ത്യയിലെ ഏറ്റവും വലിയ 100 വായ്പക്കാരുടെ ബാധ്യതയിൽ 2015 ആദ്യം 3.4 ശതമാനമായിരുന്നു കിട്ടാക്കടം. 2016 മാർച്ചിൽ വായ്പകൾ റീക്ലാസിഫൈ ചെയ്യപ്പോൾ അവരുടെ കിട്ടാക്കടം 22.33 ശതമാനമായി ഉയർന്നു. ഇത് കോർപ്പറേറ്റ് കൊള്ളയാണ്. നീരവ് മോദിമാരെ ഓർക്കുക.

## മൂലധനശോഷണം

കിട്ടാക്കടത്തിൽനിന്ന് രക്ഷനേടാൻ ഒറ്റമാർഗമേയുള്ളൂകടം എഴുതിത്തള്ളുക. ഇതിന് ബാങ്കിന്റെ ലാഭത്തിൽനിന്ന് നഷ്ടപരിഹാരത്തുക വകയിരുത്തേണ്ടിവരും. അതിനുള്ള ലാഭമില്ലെങ്കിൽ ബാങ്കിന്റെ മൂലധനത്തിൽനിന്ന് വകയിരുത്തേണ്ടിവരും.

ഇതുമൂലം പലവർഷവും ബാങ്കുകൾ മൊത്തത്തിൽ നഷ്ടത്തിലാണ്. ബാങ്കുകളുടെ മൂലധനവും ബാങ്കുകളുടെ നിഷ്ക്രിയാസ്തികൾ ബാങ്കിന്റെ മൊത്തം ആസ്തികളുടെയും വായ്പകളുടെയും എത്രയാകാമെന്നതുസംബന്ധിച്ച ബേസിൽ കരാറിൽ ഇന്ത്യയും ഒപ്പുവെച്ചിട്ടുണ്ട്.

ആസ്തികളുടെ 10.5 ശതമാനം ഓഹരി മൂലധനമായി വേണമെന്നാണ് വ്യവസ്ഥ. ഇന്ത്യയിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒമ്പതുശതമാനമാണ് നാം അംഗീകരിച്ചിട്ടുള്ളത്. ഇപ്പോൾ ഇന്ത്യൻ ബാങ്കുകളുടെ മൂലധനം 11 ശതമാനംവരും.

പക്ഷേ, ഇത് 2012’13നും 2020’21നും ഇടയ്ക്ക് 3.69 ലക്ഷം കോടി രൂപ കേന്ദ്രസർക്കാരിന്റെ ഖജനാവിൽനിന്ന് ബാങ്കുകൾക്ക് സഹായധനമായി വാങ്ങിയശേഷമാണ്. ഇതിനെയാണ് റീകാപ്പിറ്റലൈസേഷൻ എന്നുപറയുന്നത്.

## സർഫാസി നിയമം

നിഷ്ക്രിയാസ്തികളിൽനിന്ന് പരമാവധി തുക ഈടാക്കി ബാങ്കുകൾക്ക് ലഭ്യമാക്കി. 2002ൽ സർഫാസിനിയമം പാസാക്കി. ഈ നിയമത്തിനുകീഴിൽ ബാങ്കുകളുടെ കിട്ടാക്കടമായിട്ടുള്ള കമ്പനികളോ ആസ്തികളോ ഏറ്റെടുത്ത് അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികളെ (എ.ആർ.സി.) ഏൽപ്പിക്കുന്നതിന് ബാങ്കുകൾക്ക് അവകാശംനൽകി. ഇപ്പോൾ ഇത്തരം 28 എ.ആർ.സി.കളുണ്ട്. കിട്ടാക്കടത്തിന്റെ വലുപ്പമനുസരിച്ച് എ.ആർ.സി.കൾക്ക് ഫീസ് ലഭിക്കും.

ഇതുപോലെ പീഡിതകമ്പനികളെ പൂട്ടുന്നതിനുള്ള നടപടി ലഘൂകരിക്കുന്നതിന് ഇൻസോൾവൻസി & ബാങ്ക്റപ്റ്റ്സി കോഡ് (പുതിയ പാപ്പർ നിയമം) പാസാക്കിയിട്ടുണ്ട്. ഡെറ്റ് ട്രിബ്യൂണലുകൾക്കും (ലോക് അദാലത്ത്)

**പൊതുമേഖലാ കമ്പനികൾ കാര്യക്ഷമമല്ലെന്ന പേരുപറഞ്ഞാണല്ലോ അവയെ കോർപ്പറേറ്റുകളെ ഏൽപ്പിച്ചുകൊടുക്കുന്നത്. ഇവിടെ കോർപ്പറേറ്റുകൾ നടത്തി പൊതുമുതൽ ദീവാളി കളിച്ച കമ്പനികളെ ഒരു പൊതുമേഖലാ ഇന്ത്യ ഡെറ്റ് റെസല്യൂഷൻ കമ്പനി ലാഭകരമാക്കി സ്വകാര്യമേഖലയ്ക്ക് വിൽക്കുമെന്നാണ് പറയുന്നത്.**




രൂപംനൽകിയിട്ടുണ്ട്.

## പിരിച്ചെടുത്ത കിട്ടാക്കടം

ഇവയുടെയൊന്നും പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമല്ല. എന്നാൽ, ഇത്തരത്തിൽ വളരെ ചെറിയ തുകയേ പിരിഞ്ഞുകിട്ടുന്നുള്ളൂ. 201213നും 201617നും ഇടയ്ക്ക് ഈ മൂന്നുസംവിധാനങ്ങൾ (സർഫാസി, ട്രിബ്യൂണൽ, ലോക് അദാലത്ത്) വഴി പിരിക്കാൻ 10.35 ലക്ഷം കോടി രൂപയുടെ കിട്ടാക്കടമാണ് ഏൽപ്പിച്ചത്. എന്നാൽ, പിരിക്കാൻ കഴിഞ്ഞത് കേവലം 1.36 ലക്ഷം കോടി രൂപമാത്രമാണ്. മൊത്തം കിട്ടാക്കടത്തിന്റെ 13 ശതമാനം. ഇങ്ങനെ പിരിക്കുന്ന തുകയുടെ തോതും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 201213ൽ 22 ശതമാനം പിരിക്കാൻ കഴിഞ്ഞെങ്കിൽ 201617ൽ ഇത് 10 ശതമാനമായി താഴ്ന്നു.

## പുതിയ ചീത്ത ബാങ്ക്

ഈ പശ്ചാത്തലത്തിലാണ് കേന്ദ്രസർക്കാർ കിട്ടാക്കടത്തിനുവേണ്ടി പുതിയൊരു കമ്പനിയെക്കുറിച്ച് ആലോചിക്കുന്നത്. നാഷണൽ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്" എന്നാണ് പുതിയ ബാങ്കിന്റെ പേര്. 500 കോടിയിൽക്കൂടുതൽ വരുന്ന കിട്ടാക്കടവായ്പകളേ പുതിയ ബാങ്ക് ഏറ്റെടുക്കൂ. ലീഡ് ബാങ്കുകളുമായി ചർച്ചചെയ്ത് ഇത്തരം വായ്പകൾ എത്ര താഴ്ന്നവിലയ്ക്ക് ഏറ്റെടുക്കുമെന്ന തീരുമാനിക്കും. ഇങ്ങനെ വായ്പയുടെ മൂല്യം കുറയ്ക്കുന്നതിന് ഹെയർകട്ട് അഥവാ തലമുടിവെട്ട് എന്നാണുവിളിക്കുന്നത്. ഈ വിലയുടെ 15 ശതമാനം പണമായി നൽകും. ബാക്കി സെക്യൂരിറ്റി റെസീപ്റ്റ് അല്ലെങ്കിൽ ബോണ്ടുകളായി നൽകും.

പുതിയ ബാങ്കിന് നൽകുന്ന 30,600 കോടി രൂപ സർക്കാർ ഗാരന്റി നൽകുന്നുണ്ട്. ഈ ഗാരന്റിയിൽ ബാങ്കുകൾക്ക് തത്കാലം കാശിനു പകരം ബോണ്ട് അല്ലെങ്കിൽ റസീപ്റ്റ് നൽകും. ബാങ്കുകൾക്ക് കണക്കുപ്രകാരം കാശുകിട്ടുകയും ചെയ്യും ഖജനാവിൽനിന്ന് ഒന്നും കൊടുക്കുകയുംവേണ്ടാ. ബാങ്കുകളുടെ ബാലൻസ് ഷീറ്റ് മിനുസപ്പെടും.

## സ്വകാര്യവൽക്കരണ അജണ്ട

ബാങ്കുകളുടെ ഓഹരികളിൽ ഒരുഭാഗം വിൽക്കുന്നതിനും രണ്ടുബാങ്കുകൾ പൂർണമായും സ്വകാര്യവത്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, ഇങ്ങനെ ബാങ്കുകളെ വിൽക്കുമ്പോൾ വാങ്ങാൻ മുതലാളിമാർ തയ്യാറാകേണ്ടേ? കിട്ടാക്കടം ഇല്ലാതാക്കിയാലേ വിൽപ്പന നടക്കൂ.

ഇതിനുള്ള മാർഗമായി കണ്ടിരിക്കുന്നത് ഒരു ചീത്തബാങ്ക് (ബാഡ് ബാങ്ക്) ഉണ്ടാക്കാനാണ്.

പുതിയ ബാങ്ക് നിഷ്ക്രിയാസ്തികളെ എന്തു ചെയ്യും? ഇത്തരം കമ്പനികൾ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യ ഡെറ്റ് റെസല്യൂഷൻ കമ്പനി എന്നൊരു മാനേജ്മെന്റ് സ്ഥാപനത്തിന് രൂപംനൽകുന്നുണ്ട്. ഈ കമ്പനികളുടെ 49 ശതമാനം ഓഹരി പൊതുമേഖലാബാങ്കുകൾക്കുതന്നെയായിരിക്കും. ഏറ്റവും മികച്ച മാനേജ്മെന്റ് വിദഗ്ധരായിരിക്കും ഈ കമ്പനിയെ പ്രവർത്തിപ്പിക്കുക. ഏറ്റെടുക്കുന്ന പീഡിതകമ്പനികളെ

പുനഃസംഘടിപ്പിച്ച് മറിച്ചുവിറ്റ് പണം അസറ്റ് കമ്പനിക്ക് നൽകും. ഇതാണ് പരിപാടി.

ഇത് വലിയൊരു തമാശയാണ്. പൊതുമേഖലാ കമ്പനികൾ കാര്യക്ഷമമല്ലെന്ന പേരുപറഞ്ഞാണല്ലോ അവയെ സ്വകാര്യവത്കരിക്കുന്നത്; കോർപ്പറേറ്റുകളെ ഏൽപ്പിച്ചുകൊടുക്കുന്നത്. ഇവിടെ കോർപ്പറേറ്റുകൾ നടത്തി പൊതുമുതൽ ദീവാളി കളിച്ച കമ്പനികളെ ഒരു പൊതുമേഖലാ ഇന്ത്യ ഡെറ്റ് റെസല്യൂഷൻ കമ്പനി ലാഭകരമാക്കി സ്വകാര്യമേഖലയ്ക്ക് വിൽക്കുമെന്നാണ് പറയുന്നത്. നടന്നതുതന്നെ.●

# അദാനിയുടെ ദിവസവരുമാനം 1000 കോടി

കോവിഡ് പ്രതിസന്ധിക്കിടയിലും ഇന്ത്യയിൽ ഈ വർഷം 179 പേർ കൂടി അതിസമ്പന്ന പട്ടികയിൽ ഇടം നേടി. ബി.ജെ.പി സർക്കാരിൽ ശക്തമായ സ്വാധീനമുള്ള അദാനി ഗ്രൂപ്പിന്റെ ഗൗതം അദാനി ഒറ്റവർഷം വാരിക്കൂട്ടിയത് 3,65,700 കോടി രൂപ. അതായത് പ്രതിദിനവരുമാനം 1000 കോടി.

ആയിരം കോടിക്കുമേൽ സമ്പാദ്യമുള്ള 1007 പേർ രാജ്യത്തുണ്ട്. ഇവരുടെ സമ്പാദ്യത്തിൽ ഒറ്റ വർഷം 51 ശതമാനം വർധനയുണ്ടായി. ഇവരിൽ 13 പേരുടെ സമ്പാദ്യം ലക്ഷം കോടിക്കു മുകളിൽ. ഇതിൽ എട്ടുപേർ പട്ടികയിൽ എത്തിയത് ഈ വർഷംമാത്രം. ഹുറൺ ഇന്ത്യയും ഐഐഎഫ്എൽവെൽത്തും ചേർന്നാണ് രാജ്യത്തെ അതിസമ്പന്നരുടെ കണക്ക് പുറത്തുവിട്ടത്.

പട്ടിക പ്രകാരം തുടർച്ചയായ പത്താംവർഷവും രാജ്യത്തെ അതിസമ്പന്നരിൽ മുന്നിൽ മുകേഷ് അംബാനി. സാമ്പാദ്യം 7,18,000 കോടി. 2020 ൽ മാത്രം സമ്പാദ്യത്തിൽ ഉണ്ടായ വർധന ഒമ്പത് ശതമാനം. രണ്ടാംസ്ഥാനത്ത് അദാനികുടുംബം. ആകെ സമ്പാദ്യം 1,40,200 കോടിയിൽ നിന്ന് 5,05,900 കോടിയായി. ഒറ്റവർഷം കൊണ്ട് സമ്പാദ്യത്തിൽ 261 ശതമാനം വർധന. ഇതോടെ അദാനി ഏഷ്യയിലെ രണ്ടാമത്തെ ശതകോടീശ്വരനായി.

രാജ്യത്ത് മൂന്നാംസ്ഥാനത്ത് എച്ച്സിഎൽ കമ്പനി ഉടമകളായ ശിവ് നാടാരും കുടുംബവും, സമ്പാദ്യം 2,36,600 കോടി (വർധന 67 ശതമാനം). അടുത്ത സ്ഥാനത്ത് ഹിന്ദുജഗ്രൂപ്പ് (2,20,000 കോടി, 53 ശതമാനം വർധന) പിന്നാലെ മിത്തൽ ഗ്രൂപ്പ് (1,74,400 കോടി, വർധന 187 ശതമാനം). ആറാം സ്ഥാനത്ത് വാക്സൻ കമ്പനി മേധാവി സൈറസ് പൂനാവാല എത്തി. (സമ്പാദ്യം 1,63,700 കോടി, വർധന 74 ശതമാനം). 2011 -ൽ രാജ്യത്ത് ശതകോടീശ്വരരുടെ എണ്ണം നൂറിൽ താഴെയെങ്കിൽ 2021 -ൽ 1007 ആയി കുതിച്ചെന്ന് റിപ്പോർട്ട് വെളിപ്പെടുത്തി. അടുത്ത അഞ്ചു വർഷം കൊണ്ട് 3000 പേരെങ്കിലും ഇന്ത്യയിൽ നിന്ന് ശതകോടീശ്വരപട്ടികയിൽ എത്തുമെന്ന് ഹുറൺ ഇന്ത്യമാനേജിംഗ് ഡയറക്ടർ അനസ് റഹ്മാൻ ജുനൈദ് ചൂണ്ടിക്കാട്ടി. പത്തുവർഷമായി ഇന്ത്യൻ ശതകോടീശ്വർ പ്രതിദിനം 2020 കോടി വീതം വരുമാനമുണ്ടാക്കുന്നു. സമ്പാദ്യം സ്വരൂപിക്കുന്നതിൽ രാജ്യത്തെ എക്കാലത്തെയും റെക്കോഡ് വേഗമാണിത്.

### അധിക നികുതി ചുമത്തണം; യെച്ചൂരി

അതിസമ്പന്നരിൽ നിന്ന് കൂടുതൽ നികുതി ഈടാക്കണമെന്ന് സിപിഐഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. രാജ്യത്ത് തൊഴിലില്ലായ്മ അതിദാരുണമായി തുടരുന്നു. പട്ടിണി പെരുകി. ദാരിദ്ര്യവും വിലക്കയറ്റവും പാവപ്പെട്ടവരുടെ ജീവിതം ദുരിതമാക്കി. എന്നാൽ, പണക്കാർ കൂടുതൽ പണക്കാരായി. പാവപ്പെട്ടവർക്കായി പദ്ധതികൾ ആവിഷ്ക്കരിക്കാൻ അതിസമ്പന്നരിൽ നിന്ന് കൂടുതൽ നികുതി ഈടാക്കണമെന്ന ആവശ്യം അതീവ ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്.

**1007 അതിസമ്പന്നരുടെ സമ്പാദ്യത്തിൽ 51 ശതമാനം വർധന**
**അദാനിഗ്രൂപ്പിന്റെ വരുമാനത്തിൽ 261 ശതമാനം വർധന.**
**രാജ്യത്തെ അതിസമ്പന്നരിൽ മുന്നിൽ മുകേഷ് അംബാനി.**

| ശതകോടീശ്വരൻമാർ | സമ്പാദ്യം | വർധന |
|---|---|---|
| മുകേഷ് അംബാനി | 7,18,000 കോടി | 9% |
| ഗൗതം അദാനി | 5,05,900 കോടി | 261% |
| ശിവ് നാടാർ | 2,36,600 കോടി | 67% |
| ഹിന്ദുജഗ്രൂപ്പ് | 2,20,000 കോടി | 53% |
| മിത്തൽ ഗ്രൂപ്പ് | 1,74,400 കോടി | 187% |
| സൈറസ് പൂനാവാല | 1,63,700 കോടി | 74% |



# എയർ ഇന്ത്യ ടാറ്റയ്ക്ക്



വ്യോമയാനമേഖലയിലെ ഏക പൊതുമേഖലാ സ്ഥാപനമായ എയർഇന്ത്യ കേന്ദ്രസർക്കാർ 18,000 കോടി രൂപയ്ക്ക് ടാറ്റയ്ക്ക് വിറ്റു. 100 ശതമാനം ഓഹരിയും ടാറ്റ സൺസിന് കൈമാറാൻ കേന്ദ്രമന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി തീരുമാനിച്ചു. എയർഇന്ത്യയുടെ കടം ടാറ്റ ഏറ്റെടുക്കുന്നുവെന്ന പേരിൽ 15,300 കോടി രൂപ തട്ടിക്കിഴിച്ചശേഷം സർക്കാരിനു പണമായി ലഭിക്കുക 2,700 കോടി മാത്രം.

ടാറ്റ രൂപം നൽകിയ 'ടാലസ് പ്രൈവറ്റ് ലിമിറ്റഡ്' ആണ് ചുളുവിലയ്ക്ക് എയർഇന്ത്യ വാങ്ങുന്നത്. കൈമാറ്റം ഡിസംബറിനകം പൂർത്തീകരിക്കും. താരതമ്യേന കുറഞ്ഞ നിരക്കിൽ സർവീസ് നടത്തുന്ന എയർഇന്ത്യ എക്സ്പ്രസും ഗ്രൗണ്ട് ഹാൻഡ്‌ലിങ് കമ്പനിയായ എയർഇന്ത്യ സാറ്റ്സിന്റെ 50 ശതമാനം ഓഹരിയും ടാറ്റയ്ക്ക് ലഭിക്കും.

സ്ഥലവും കെട്ടിടങ്ങളുമടക്കം എയർഇന്ത്യയുടെ 14,718 കോടിരൂപയുടെ ആസ്തി കേന്ദ്രസർക്കാർ രൂപീകരിച്ച എയർ ഇന്ത്യ അസറ്റ് ഹോൾഡിങ് കമ്പനിക്ക് കൈമാറും. ഒരു വർഷത്തേക്ക് നിലനിർത്തിയശേഷം ജീവനക്കാർക്ക് വിആർഎസ് നടപ്പാക്കും. 8084 സ്ഥിരം ജീവനക്കാരും 4001 കരാർ ജീവനക്കാരുമാണ് എയർഇന്ത്യയിലുള്ളത്.

സ്പൈസ് ജെറ്റ് ചെയർമാൻ അജയ് സിങ് നേതൃത്വം നൽകിയ കൺസോർഷ്യം 15,100 കോടിയാണ് ലേലത്തിൽ വാഗ്ദാനം ചെയ്തതെന്ന് സർക്കാർ അറിയിച്ചു. സർക്കാർ നിശ്ചയിച്ച റിസർവ് വില 12,906 കോടിയായിരുന്നു. നൂറ്റിരണ്ട് കേന്ദ്രത്തിലേക്ക് എയർഇന്ത്യ സർവീസുണ്ട്. ടാറ്റ ഗ്രൂപ്പ്, സിംഗപ്പൂർ എയർലൈൻസുമായി ചേർന്ന് 'വിസ്താര' വ്യോമയാന കമ്പനിയും നടത്തുന്നുണ്ട്. ജെആർഡി ടാറ്റ 1932ൽ സ്ഥാപിച്ച ടാറ്റ എയർലൈൻസ് 1946ൽ എയർ ഇന്ത്യയായി. 1953ൽ ദേശസാൽക്കരിച്ചതോടെ രാജ്യത്തിന്റെ പൊതുസ്വത്തായ കമ്പനിയാണ് ഇപ്പോൾ ടാറ്റയ്ക്ക് വിട്ടുകൊടുത്തത്.

## എയർ ഇന്ത്യ വിൽപ്പന: തട്ടിപ്പ് ന്യായങ്ങൾ

### 'ടാറ്റ'യ്ക്ക് ഓഹരി നിക്ഷേപമുള്ള എയർ ഏഷ്യയും വിസ്താര എയർലൈൻസും നഷ്ടത്തിൽ

എയർഇന്ത്യ സ്വകാര്യവൽക്കരണത്തെ ന്യായീകരിക്കാൻ കേന്ദ്രസർക്കാരും ഉദാരവൽക്കരണവാദികളും പറയുന്നതെല്ലാം അടിസ്ഥാനരഹിതം. നഷ്ടത്തിലുള്ള എയർഇന്ത്യയെ നികുതിപ്പണം ഉപയോഗിച്ച് സംരക്ഷിക്കേണ്ടതില്ലെന്നും സ്വകാര്യഗ്രൂപ്പ് ഇതിനെ ലാഭകരമായി നടത്തുമെന്നുമാണ് വാദം. എന്നാൽ, എയർഇന്ത്യയെ വാങ്ങുന്ന 'ടാറ്റ'യ്ക്ക് ഓഹരിനിക്ഷേപമുള്ള എയർ ഏഷ്യയും വിസ്താര എയർലൈൻസും നഷ്ടത്തിലാണ്. ടാറ്റ ഗ്രൂപ്പ് -സിംഗപ്പൂർ എയർ



ലൈൻസ് സംയുക്തസംരംഭമായ വിസ്താരയുടെ കടബാധ്യത 11,491 കോടി രൂപയാണ്. എയർ ഏഷ്യയുടെ 2020-21ലെ നഷ്ടം 1,532 കോടിയും.

# ഇനി എൽഐസി വിൽപ്പന
## കൂടുതൽ പൊതുമേഖലാ വിറ്റഴിക്കലിലേക്ക് കേന്ദ്രം




തുച്ഛവിലയ്ക്ക് എയർഇന്ത്യ ടാറ്റക്ക് വിറ്റതിന്റെ ആവേശത്തിൽ കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലിന് ഒരുങ്ങി മോദി സർക്കാർ. ഇൻഷുറൻസ് മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ എൽഐസിയുടെ ഓഹരി വിറ്റഴിക്കാനുള്ള പ്രക്രിയക്ക് വൈകാതെ തുടക്കമാകുമെന്ന് പൊതുമേഖലാ വിറ്റഴിക്കൽവകുപ്പ് സെക്രട്ടറി തുഹിൻ കാന്ത പാണ്ഡെ ദേശീയ മാധ്യമത്തോട് പറഞ്ഞു.
എൽഐസി ഓഹരികളുടെ പ്രാഥമിക വിൽപ്പന (ഐപിഒ) മാർച്ചോടെ സാധ്യമാകും. ഇതിന് മുന്നോടിയായുള്ള മൂല്യനിർണയം ഡിസംബറിൽ പൂർത്തിയാക്കും. 10 ശതമാനംവരെ ഓഹരി വിറ്റ് 90,000 കോടിസമാഹരിക്കാമെന്നാണ് നീക്കം. എയർഇന്ത്യ വിൽപ്പന മറ്റ് പൊതുമേഖലകളെക്കൂടി വിറ്റഴിക്കാനുള്ള ആത്മവിശ്വാസം പകർന്നു.ഉദ്യോഗസ്ഥർക്ക് വിൽപ്പനകാര്യത്തിൽ കൂടുതൽ വൈദഗ്ധ്യം ലഭിച്ചു.
മോദി സർക്കാർ സ്വകാര്യവൽക്കരണത്തിലേക്ക് പൂർണമായും മാറി. ബിസിനസ് സർക്കാരിന്റെ ബിസിനസല്ലെന്ന തത്വചിന്ത വേരൂന്നി പാണ്ഡെ പറഞ്ഞു.

# പ്രതിഷേധിക്കുക : സിഐടിയു

ദേശീയ ആസ്തികൾ കോർപറേറ്റ് യജമാനന്മാർക്ക് വിട്ടു കൊടുക്കുന്നതിന്റെ ഭാഗമായി ഏറ്റവും പുതിയ ഉദാഹരണമാണ് എയർഇന്ത്യ സ്വകാര്യവൽക്കരണമെന്ന് സിഐടിയു പ്രസ്താവനയിൽ പറഞ്ഞു. വാജ്പേയി സർക്കാർ തുടങ്ങിവച്ച ശ്രമമാണ് ഇപ്പോൾ പൂർത്തീകരിച്ചത്. ഏതാണ്ട് പൂർണമായും സൗജന്യമായാണ് ടാറ്റയ്ക്ക് എയർ ഇന്ത്യ നൽകുന്നത്. എയർ ഇന്ത്യക്ക് അടിസ്ഥാന സൗകര്യം സൃഷ്ടിക്കാൻ ലക്ഷക്കണക്കിന് കോടി രൂപയാണ് 1953ന് ശേഷം ചെലവിട്ടിട്ടുള്ളത്. 2009 2010 ന് ശേഷം മാത്രം 1,10,000 കോടി രൂപ കേന്ദ്രം നിക്ഷേപിച്ചു. ഇപ്പോൾ 18,000 കോടി രൂപ വിലയിട്ട് നൽകുമ്പോൾ കേന്ദ്രത്തിന് പണമായി ലഭിക്കുക വെറും 2700 കോടി രൂപ മാത്രമാണ്. പന്ത്രണ്ടായിരത്തിൽപ്പരം ജീവനക്കാരുടെ ഭാവി അനിശ്ചിതത്തിലായിരിക്കുകയാണ്. വിവേകശൂന്യമായ കേന്ദ്രത്തിന്റെ ഈ നടപടിയിൽ പ്രതിഷേധിക്കാൻ സിഐടിയു തൊഴിലാളിവർഗത്തോട് ആഹ്വാനം ചെയ്തു.

മുന്നൊരുക്കമില്ലാത്ത ലയനപ്രക്രിയയും വിദേശ കമ്പനികൾക്ക് നേട്ടമുണ്ടാക്കാൻ തയ്യാറെടുപ്പില്ലാതെ വിമാനങ്ങൾ വാങ്ങിക്കൂട്ടിയതും വഴിയാണ് എയർഇന്ത്യ പ്രതിസന്ധിയിലായത്. എന്നാൽ, മൂന്നുവർഷമായി പ്രവർത്തനലാഭമുണ്ടാക്കാൻ സാധിക്കുന്ന സാഹചര്യത്തിലേക്ക് എയർഇന്ത്യ എത്തിയെന്നത് ശ്രദ്ധേയമാണ്. ദേശതാൽപ്പര്യങ്ങൾക്കു വിരുദ്ധമായി രാജ്യത്തെയും വിദേശത്തെയും കോർപറേറ്റുകൾക്ക് ലാഭമുണ്ടാക്കാനുള്ള നീക്കമാണ് എയർഇന്ത്യയുടെ ഓഹരി വിൽപ്പനയെന്ന കാര്യം വ്യക്തമാണ്. രാജ്യസമ്പത്ത് വിറ്റഴിക്കാനുള്ള നീക്കത്തിനെതിരെ രാജ്യവ്യാപകമായി സംഘടിത പ്രക്ഷോഭത്തിനും സിഐടിയു ആഹ്വാനം ചെയ്തു.

## ഭാരത് ബന്ദ്

# ഇന്ത്യ നിശ്ചലമായി



കാർഷികമേഖലയെ കോർപറേറ്റുകൾക്ക് തീറെഴുതുന്ന മോദി സർക്കാരിനെതിരായി കർഷക സംഘടനകൾ ആഹ്വാനംചെയ്ത 10 മണിക്കൂർ ഭാരത് ബന്ദിൽ രാജ്യം നിശ്ചലം. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലടക്കം പ്രതിഷേധം ആളിക്കത്തി. കർഷകരുടെ അതിജീവന പോരാട്ടത്തെ ജനങ്ങൾ പൂർണമനസ്സോടെ ഏറ്റെടുത്തു. രാജ്യവ്യാപകമായി പതിനായിരത്തോളം കേന്ദ്രത്തിൽ ലക്ഷക്കണക്കിന് കർഷകരും തൊഴിലാളികളും സംഘടിച്ചു. പൊലീസിനെയും അർധസേനയെയും ഇറക്കി ബന്ദ് പരാജയപ്പെടുത്താനുള്ള ബിജെപി നീക്കം പാളി. കർഷകർക്ക് പിന്തുണയുമായി തൊഴിലാളികൾകൂടിയെത്തിയതോടെ പുതിയ ജനകീയ ഐക്യമുന്നണി രൂപപ്പെടുന്നതിന്റെ നാന്ദി കുറിക്കലായി ബന്ദ് മാറി.

'കാർഷികമേഖലയിൽ കോർപറേറ്റുകൾ കൈവയ്ക്കാതിരിക്കുക', 'മോഡി ഷാ രാജിവയ്ക്കുക' എന്നീ മുദ്രാവാക്യങ്ങളാണ് മുഖ്യമായും ഉയർന്നത്. രാവിലെ ആറുമുതൽ വൈകിട്ട് നാല് വരെയായിരുന്നു ബന്ദാഹ്വാനമെങ്കിലും കേരളമടക്കം പല സംസ്ഥാനങ്ങളിലും പ്രതിഷേധം കൂടുതൽ സമയം നീണ്ടു. ബിജെപി ഭരണസംസ്ഥാനങ്ങളിലും ഡൽഹിയിലും പൊലീസ് പ്രകോപനത്തിനിറങ്ങിയെങ്കിലും സമാധാനപരമായിരുന്നു ബന്ദ്. ഇടതുപക്ഷ പാർടികളും മറ്റ് പ്രതിപക്ഷ പാർടികളും യുവജന വിദ്യാർഥി മഹിളാ സംഘടനകളും ബന്ദിന് പിന്തുണ പ്രഖ്യാപിച്ചിരുന്നു. ബാങ്ക് ഇൻഷുറൻസ് തപാൽ തുടങ്ങി വിവിധ സേവനമേഖലകളിലെ ജീവനക്കാരും കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരും പൊതുമേഖലാ ജീവനക്കാരും ബന്ദിനെ അനുകൂലിച്ച് രംഗത്തുവന്നു.

പഞ്ചാബ്, ഹരിയാന, യുപി, രാജസ്ഥാൻ, കേരളം, ബംഗാൾ, ത്രിപുര, ബിഹാർ, തമിഴ്നാട്, ഒഡിഷ, ആന്ധ്ര, തെലങ്കാന, ജാർഖണ്ഡ്, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ബന്ദ് പൂർണമായിരുന്നു. പ്രധാന ദേശീയ സംസ്ഥാന പാതകളെല്ലാം കർഷകർ ഉപരോധിച്ചു. റെയിൽ ഗതാഗതവും തടഞ്ഞു. ആന്ധ്രയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിരുന്നു. ഡൽഹിയിൽ പാർലമെന്റ് സ്ട്രീറ്റിൽനിന്ന് ജന്ദർ മന്ദറിലേക്ക് കർഷകരും ട്രേഡ്യൂണിയൻ പ്രവർത്തകരും മാർച്ച് ചെയ്തു.

### കേരളത്തിൽ ഹർത്താൽ പൂർണം

കേരളത്തിലെ വ്യാപാര-വാണിജ്യ സ്ഥാപനങ്ങളും, കടകമ്പോളങ്ങളും അടഞ്ഞുകിടന്നു. കെഎസ്ആർടിസി ബസ് ഓടിയില്ല. ഓട്ടോറിക്ഷാ, ടാക്സി, ലോറി, ബസ് ഉൾപ്പെടെ മോട്ടോർ മേഖലയിൽ തൊഴിലാളികൾ പണിമുടക്കി. വ്യവസായ തൊഴിലാളികളും, ജീവനക്കാരും ബാങ്ക്, ഇൻഷുറൻസ്, കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാർ, തുറമുഖ തൊഴിലാളികൾ, വിമാനത്താവളങ്ങളിൽ ഗ്രൗണ്ട് ഹാൻഡ്ലിങ് തൊഴിലാളികൾ മത്സ്യബന്ധന വിതരണ മേഖല, തോട്ടം തൊഴിലാളികൾ കയർ, കശുവണ്ടി, കൈത്തറി, ബീഡി എന്നിങ്ങനെ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ജോലിയിൽ നിന്ന് വിട്ടുനിന്നു. കയറ്റിറക്ക് മേഖലയും നിർമ്മാണ മേഖലയും സ്കീം വർക്കർമാരും പണിമുടക്കി. പത്രപ്രവർത്തക യൂണിയന്റെ ആഹ്വാനപ്രകാരം മാധ്യമസ്ഥാപനങ്ങളിലെ ജീവനക്കാർ ഹർത്താലിന് പിന്തുണ അറിയിച്ച് മനുഷ്യശൃംഖലയിൽ അണിനിരന്നു. കിൻകോ, വല്ലാർപാടം, കണ്ടെയ്നർ ടെർമിനലുകൾ, സ്പെഷ്യൽ ഇക്കണോമിക് സോൺ, ലോജിസ്റ്റിക് മേഖലകളിലെല്ലാം തൊഴിലാളികൾ ജോലിക്ക് ഹാജരായില്ല.•

# കർഷക വേട്ട : കൊല നടത്തിയ മന്ത്രിപുത്രൻ അറസ്റ്റിൽ

ഉത്തർപ്രദേശിൽ ബിജെപി മന്ത്രിമാരെ തടയാനെത്തിയ പ്രക്ഷോഭകർക്കിടയിലേക്ക് കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് കുമാർ മിശ്രയുടെ മകൻ വാഹനം ഇടിച്ചുകയറ്റിയും വെടിയുതിർത്തും കർഷകരെ കൊലപ്പെടുത്തി. ലഖിംപുർ ഖേരി ജില്ലയിലെ തിക്കുണിയയിലാണ് കർഷകർക്കിടയിലേക്ക് കേന്ദ്രമന്ത്രിയുടെ മകൻ ആശിഷ് മിശ്രയും? ഗുണ്ടകളും വാഹനങ്ങൾ ഇടിച്ചുകയറ്റിയത്. കാറിടിച്ച് മൂന്നു കർഷകരും വെടിയേറ്റ് ഒരാളും കൊല്ലപ്പെട്ടു.

അപകടമുണ്ടാക്കിയ വാഹനങ്ങൾ തടയാൻ കർഷകർ ശ്രമിച്ചപ്പോഴാണ് ആശിഷ് കർഷകരുൾപ്പെടെ എട്ടുപേർ കൊല്ലപ്പെട്ടെന്ന് ലഖിംപുർ ഖേരി അഡീഷണൽ എസ്പി അരുൺ കുമാർ സിങ് പറഞ്ഞത്.

'സമരം ചെയ്യുന്ന കർഷകരെ പാഠം പഠിപ്പിക്കും. വെറും രണ്ടു മിനിറ്റ് കൊണ്ട് അവരെ ഞാൻ ശരിപ്പെടുത്തും' എന്ന് ആഴ്ചകൾക്കുമുമ്പ് ആഭ്യന്തര സഹമന്ത്രി അജയ് കുമാർ മിശ്ര ഭീഷണി മുഴക്കി. ഈ പ്രസ്താവനയ്ക്കെതിരെ കർഷകർ ശക്തമായപ്രതിഷേധത്തിലായിരുന്നു.

കർഷകർക്കു നേരെയുണ്ടായ നിഷ്ഠുരമായ അതിക്രമത്തെ സംയുക്ത കിസാൻ മോർച്ച അപലപിച്ചു.



മിശ്രയും ഗുണ്ടകളും വെടിയുതിർത്തത്. സംയുക്ത കിസാൻ മോർച്ച നേതാവ് തജിന്ദർ സിങ് വിർക്ക് ഉൾപ്പെടെ നിരവധിപേർക്ക് ഗുരുതര പരിക്കേറ്റു. സംഘർഷത്തിനിടയിൽ കാർ മറിഞ്ഞതിനെത്തുടർന്ന് മന്ത്രിയുടെ മകന്റെ കാറോടിച്ച ഡ്രൈവറും മരിച്ചു. നിരവധി വാഹനം അഗ്നിക്കിരയായി. നാല് കേന്ദ്രമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് രാജ്യവ്യാപകമായി കർഷകർ കലക്ടറേറ്റുകൾ വളഞ്ഞു.

കർഷകരുടെ ശക്തമായ പ്രക്ഷോഭങ്ങളെ തുടർന്ന് മന്ത്രി പുത്രൻ ആശീഷ് മിശ്രയെ യുപി പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി.

# പൻഡോറ തുറന്നിട്ട സാമ്പത്തിക തിരിമറിയുടെ സുനാമി

ലോകത്തിലെ സമ്പന്നരും അധികാരകേന്ദ്രങ്ങളിലെ പ്രധാനികളും ഭാഗമായ നിഴൽ സാമ്പത്തിക വ്യവസ്ഥയെ തുറന്നുകാട്ടി പൻഡോറ രേഖകൾ. ഇവരുടെ അനധികൃത സമ്പത്തിക ഇടപാടിന്റെ വിവരങ്ങളാണ് പൻഡോറ പെട്ടി തുറന്നപ്പോൾ പുറത്തുവന്നത്. പൻഡോറ രേഖകൾക്കായി ഇന്റർനാഷണൽ കൺസോർഷ്യം ഓഫ് ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ് (ഐസിഐജെ) നടത്തിയത് മാധ്യമപ്രവർത്തന ചരിത്രത്തിലെ ഏറ്റവും വലിയ അന്വേഷണം. 117 രാജ്യത്തെ 150 മാധ്യമസ്ഥാപനത്തിലെ 600 മാധ്യമ പ്രവർത്തകർ ഭാഗമായി.

രഹസ്യനിക്ഷേപം നടത്താൻ സഹായിക്കുന്ന വിദേശ രാജ്യങ്ങളിലെ 14 ധന, നിയമ സ്ഥാപനത്തിൽനിന്ന് ചോർത്തിയെടുത്ത അതീവ രഹസ്യസ്വഭാവമുള്ള 1.19 കോടി രേഖ ഒരു വർഷത്തോളമെടുത്ത് ഇതിനായി പരിശോധിച്ചു. 2.94 ടിബി ഡാറ്റ പരിശോധിക്കേണ്ടിവന്നു. 1996 മുതൽ 2020 വരെയുള്ള കാലഘട്ടത്തിലെ നിക്ഷേപങ്ങളുടെ രേഖകൾ പരിശോധിക്കാൻ മെഷീൻ ലേണിങ് സാങ്കേതികവിദ്യ അടക്കം ഉപയോഗിച്ചു. ഐസിഐജെ 2016ൽ പുറത്തുവിട്ട പനാമ രേഖകളും ഏറെ കോളിളക്കം സൃഷ്ടിച്ചു.

3926 കടലാസ് കമ്പനി ഉണ്ടാക്കാൻ ബാങ്കുകൾ സഹായം നൽകി. ഇതിനായി ഇടപെടൽ നടത്തിയത് മുൻ യുഎസ് അംബാസഡറാണ്. കടലാസ് കമ്പനി, ഫൗണ്ടേഷൻ, ട്രസ്റ്റുകൾ തുടങ്ങിയവ സൃഷ്ടിച്ചാണ് ഇടപാടുകൾ. റിയൽ എസ്റ്റേറ്റ്, യാച്ചുകൾ, ജെറ്റുകൾ, ലൈഫ് ഇൻഷുറൻസ് എന്നിവ വാങ്ങാനും നിക്ഷേപങ്ങൾ നടത്താനും ബാങ്ക് അക്കൗണ്ടുകൾക്കിടയിൽ പണം തിരിമറി നടത്തുന്നതിനും ഇവ ഉപയോഗിക്കും. തുടർന്ന് നിയമ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടെ തയ്യാറാക്കുന്ന സാമ്പത്തിക പദ്ധതികളിലൂടെ നികുതി വെട്ടിക്കും. കള്ളപ്പണം വെളുപ്പിക്കൽ ഉൾപ്പെടെയുള്ള സാമ്പത്തിക കുറ്റകൃത്യങ്ങളും നടന്നിട്ടുണ്ടെന്നും രേഖകളിൽ പറയുന്നു.

## 35 ലോക നേതാക്കൾ, 130 കോടീശ്വരന്മാർ

പൻഡോറ രേഖകളിൽ ഉൾപ്പെട്ടവരിൽ 336 പേർ രാഷ്ട്രീയ നേതാക്കളാണ്. 35 പേർ ലോക നേതാക്കൾ. 130 പേർ ഫോബ്സ് മാസികയുടെ ലോകത്തെ സമ്പന്നരുടെ പട്ടികയിൽ ഇടംപിടിച്ചവർ. സെലിബ്രറ്റികൾ, മതനേതാക്കൾ, രാജകുടുംബാംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങി അധോലോക മാഫിയ തലവന്മാർവരെ നീളുന്നതാണ് പട്ടിക. 200 രാജ്യത്തുനിന്നുള്ള 29,000 പേരുടെ അനധികൃത ഇടപാടുകളുണ്ട്.

ഇന്ത്യയിൽനിന്ന് ആറ് രാഷ്ട്രീയക്കാർ പട്ടികയിലുണ്ട്. അന്തരിച്ച കോൺഗ്രസ് നേതാവും കേന്ദ്രമന്ത്രിയുമായിരുന്ന സതീഷ് ശർമയുടെ പേര് മാത്രമാണ് പുറത്തുവന്നത്. സച്ചിൻ ടെൻഡുൽക്കർ, വ്യവസായികളായ അനിൽ അംബാനി, വിനോദ് അദാനി, കിരൺ മജുംദാർ ഷാ, സമീർ ഥാപ്പർ, പൂർവി മോദി, 2ജി അഴിമതിയുടെ ഭാഗമായ നീരാ റാഡിയ, അധോലോക കുറ്റവാളി ഇക്ബാൽ മിർച്ചി, നടൻ ജാക്കി ഷെറോഫ് എന്നിവരാണ് ഇന്ത്യയിൽനിന്നുള്ളത്. റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ, ബ്രിട്ടന്റെ മുൻ പ്രധാനമന്ത്രി ടോണി ബ്ലെയർ, അന്താരാഷ്ട്ര കുറ്റവാളി റാഫേൽ അമാറ്റോ തുടങ്ങി വലിയനിരയാണ് പട്ടികയിലുള്ളത്.

## ലണ്ടൻ നികുതി വെട്ടിപ്പ് കേന്ദ്രം

റിപ്പോർട്ടിൽ പ്രതിപാദിക്കപ്പെട്ടവരിൽ ഭൂരിഭാഗവും നികുതി വെട്ടിക്കാൻ ലണ്ടൻ കേന്ദ്രമാക്കിയെന്ന് വ്യക്തമായതോടെ കള്ളപ്പണം വെളുപ്പിക്കൽ നിയമം കർക്കശമാക്കണമെന്ന ആവശ്യം ബ്രിട്ടനിൽ ശക്തമാകുന്നു. വിവിധ രാജ്യങ്ങളിലെ പ്രമുഖരുടെ നികുതിവെട്ടിപ്പ് വിവരമടങ്ങിയ 1.2 കോടി ഫയലുകളാണ് പൻഡോറ റിപ്പോർട്ടായി പുറത്തുവന്നത്. ഇതിൽ ജോർദാൻ ഭരണാധികാരി അബ്ദുള്ള രണ്ടാമൻ, അസർബായിജാൻ പ്രസിഡന്റ് ഇൽഹം അലിയെവ്, പാകിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ അടുത്തയാളുകൾ തുടങ്ങി നിരവധിപേർക്ക് ലണ്ടനിൽ നിക്ഷേപമുണ്ടെന്ന വിവരമുണ്ട്.

# കേരള സർക്കാർ അപേക്ഷകളിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നു

പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ, സേവനങ്ങൾ നൽകാനുള്ള നടപടിക്രമങ്ങൾ സർക്കാർ ലഘൂകരിക്കുന്നു. അപേക്ഷാഫീസ് ഒഴിവാക്കുന്നതാണ്. ഫോറങ്ങൾ ലളിതമാക്കി ഒരു പേജിലായി മാറ്റും. എന്നാൽ ബിസിനസ്, വാണിജ്യ ആവശ്യങ്ങൾക്കുള്ള അപേക്ഷാഫീസ് തുടർന്നും ഉണ്ടാകും.

ഒരിക്കൽ നൽകിയ സർട്ടിഫിക്കറ്റുകൾ മറ്റു സർക്കാർ ഓഫീസുകളിലെ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. കാലയളവ് ബന്ധപ്പെട്ട വകുപ്പുകൾക്ക് തീരുമാനിക്കാം. ഏറ്റവും കുറഞ്ഞത് ഒരു വർഷമായിരിക്കണം. ഒരു പ്രത്യേക ഉദ്ദേശ്യത്തിന് മാത്രമാണ് സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഇനി മുതൽ രേഖപ്പെടുത്തുകയില്ല.

സേവനങ്ങൾ ലഭ്യമാക്കുന്നതിന് രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ / നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

ഇ.ഡബ്ല്യൂ.എസ്. സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, എസ്.സി എസ്.ടി. വിഭാഗങ്ങൾക്ക് നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവക്ക് നിലവിലുള്ള രീതി തുടരും.

ഓൺലൈനായോ നേരിട്ടോ സ്വീകരിക്കുന്ന അപേക്ഷകളിൽ പരമാവധി അഞ്ച് പ്രവൃത്തി ദിനത്തിനുള്ളിൽ തീരുമാനം എടുക്കണം.

## നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

കേരളത്തിൽ ജനിച്ചവർക്ക് ജനന സർട്ടിഫിക്കറ്റോ അഞ്ചു വർഷം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചതിന്റെ രേഖയോ സത്യപ്രസ്താവനയോ ഉണ്ടെങ്കിൽ അവരെ നേറ്റീവായി പരിഗണിക്കും. കേരളത്തിനുപുറത്ത് ജനിച്ചവർക്ക് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ തന്നെ നൽകും.

## റസിഡൻസ് സർട്ടിഫിക്കറ്റ്

റസിഡൻസ് സർട്ടിഫിക്കറ്റിന് പകരമായി ആധാർ കാർഡ്, ഏറ്റവും പുതിയ ഇലക്ട്രിസിറ്റി ബിൽ, കുടിവെള്ള ബിൽ, ടെലിഫോൺ ബിൽ, കെട്ടിട നികുതി രസീത് എന്നിവയിലേതെങ്കിലും ഹാജരാക്കിയാൽ മതി. ഇവ ഇല്ലാത്തവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാം.



## മൈനോറിറ്റി സർട്ടിഫിക്കറ്റ്

എസ്എസ്എൽസി ബുക്ക്/ വിദ്യാഭ്യാസ രേഖയിൽ മതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മൈനോറിറ്റി സർട്ടിഫിക്കറ്റ് ആവശ്യമില്ല. അല്ലാത്തപക്ഷം വില്ലേജ് ഓഫീസർ / തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് വേണം. അപേക്ഷകൻ സത്യവാങ്മൂലം നൽകണം.

## ലൈഫ് സർട്ടിഫിക്കറ്റ്

ലൈഫ് സർട്ടിഫിക്കറ്റിന് കേന്ദ്രസർക്കാർ പെൻഷൻകാർക്ക് ഏർപ്പെടുത്തിയിട്ടുള്ള 'ജീവൻ പ്രമാൺ' എന്ന ബയോമെട്രിക് ഡിജിറ്റൽ സംവിധാനം ഉപയോഗിക്കാം. ഇത് കേരള ട്രഷറിയിലും ബാങ്കുകളിലും ലഭ്യമാണ്.

വൺ ആൻറ് സെയിം സർട്ടിഫിക്കറ്റിന് വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയാൽ മതി.

## ബന്ധുത്വ സർട്ടിഫിക്കറ്റ്

റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ആധാർ, ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതിലെങ്കിലും ബന്ധുത്വം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ വില്ലേജ് ഓഫീസറോ തഹസിൽദാറോ നൽകുന്ന ബന്ധുത്വ സർട്ടിഫിക്കറ്റ് ആവശ്യമില്ല. അപേക്ഷകന്റെ റേഷൻ കാർഡിൽ കുടുംബാംഗങ്ങളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ റേഷൻ കാർഡ് തന്നെ കുടുംബാംഗത്വ സർട്ടിഫിക്കറ്റിന് പകരം സ്വീകരിക്കാം. അല്ലാത്ത പക്ഷം മാത്രം വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

## തിരിച്ചറിയൽ സർട്ടിഫിക്കറ്റ്

തിരിച്ചറിയൽ രേഖയില്ലാത്ത പൗരന്മാർക്ക് ഗസറ്റഡ് ഓഫീസർ നൽകുന്ന അപേക്ഷകന്റെ ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കും.

### നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ

# ദേശീയ ആസ്തികളുടെ കൊള്ളയടിക്ക് ഒത്താശ ചെയ്യുന്ന ഗൂഢപദ്ധതി

**തപൻ സെൻ**



മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന അടിസ്ഥാന സൗകര്യമേഖല ഉൾപ്പെടെ ലക്ഷക്കണക്കിന് കോടി രൂപ വില മതിപ്പുള്ള രാജ്യത്തിന്റെ ആസ്തികൾ തദ്ദേശീയ/വിദേശീയ കുത്തകകൾക്ക് ചുളുവിലയ്ക്ക് കൈമാറാനുള്ള ഗൂഢപദ്ധതിയായ നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈനിനെ സിഐടിയു അപലപിച്ചു. അന്തർദേശീയ ധനമൂലധനത്തിന്റെ തിട്ടൂരപ്രകാരം നടപ്പിലാക്കുന്ന ഈ അഴിമതിയുടെ പൈപ്പ് ലൈൻ രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് വിനാശകരവും തൊഴിലാളികൾക്കും അധ്വാനിക്കുന്ന ഇതര വിഭാഗങ്ങൾക്കും വലിയ ദുരിതങ്ങൾ വരുത്തി വയ്ക്കുമെന്നതിൽ സംശയമില്ല.

**യാതൊരു മുതൽ മുടക്കുമില്ലാതെ കോർപറേറ്റ് യജമാനന്മാർക്ക് വരുമാനം ഉണ്ടാക്കുന്നതിനാണ് വിനാശകരമായ NMP പദ്ധതി നടപ്പിലാക്കുന്നത്.**

പദ്ധതിയുടെ മറവിൽ 26,300 കി.മീ. ദേശിയ പാത 1.6 ലക്ഷം കോടി രൂപക്കും 400 റെയിൽവേ സ്റ്റേഷനുകളും, 150 ട്രെയിനുകളും 1.5 ലക്ഷം കോടി രൂപക്കും, 42,300 കി.മീ. വൈദ്യുതി പ്രസരണ ലൈനുകൾ 2.67 ലക്ഷം കോടി രൂപയ്ക്കും, 8000 കി.മീ. ദേശീയ പൈപ്പ് ലൈൻ 2.24 ലക്ഷം കോടി രൂപയ്ക്കും, BSNL/MTNL ടവറുകൾ 0.39 ലക്ഷം കോടി രൂപയ്ക്കും 160 കൽക്കരി ഖനികൾ 0.32 ലക്ഷം കോടി രൂപയ്ക്കും, രണ്ട് സ്റ്റേഡിയങ്ങൾ 0.11 ലക്ഷം കോടി രൂപയ്ക്കും കൈമാറ്റം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സ്വകാര്യ കോർപറേറ്റുകൾക്ക് എളുപ്പത്തിൽ കൈക്കലാക്കുന്നതിനായി ആസ്തികളുടെ യഥാർഥ മൂല്യത്തെ അപേക്ഷിച്ച് വളരെ താഴ്ന്ന വിലയാണ് അവയ്ക്ക് ബോധപൂർവം നിശ്ചയിച്ചിരിക്കുന്നത്.

കേന്ദ്ര ധനമന്ത്രിയും നീതി ആയോഗും അവകാശപ്പെടുന്നതുപോലെ രാജ്യത്ത് അടിസ്ഥാന സൗകര്യ മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്താനല്ല മറിച്ച് യാതൊരു മുതൽമുടക്കുമില്ലാതെ കോർപറേറ്റ് യജമാനന്മാർക്ക് വരുമാനം ഉണ്ടാക്കുന്നതിനാണ് വിനാശകരമായ NMP പദ്ധതി നടപ്പിലാക്കുന്നത്. ഇത് രാജ്യത്തിന്റെ ആസ്തികളുടെ കൊള്ളയടിയല്ലാതെ മറ്റൊന്നുമല്ല.




രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നിക്ഷേപം നടത്താൻ തയ്യാറാകാത്ത അധികാര കേന്ദ്രങ്ങളിൽ സ്വാധീനമുള്ള വിദേശ സ്വകാര്യ കോർപറേറ്റുകൾക്ക് NMP യിലൂടെ അവയ്ക്ക് കൈമാറുന്ന രാജ്യത്തിന്റെ ആസ്തികളെ ചൂഷണം ചെയ്ത് വലിയ ലാഭം കൊയ്യാനുള്ള അവസരം ഒരുക്കി കൊടുക്കുകയാണ്. തുടക്കത്തിൽ പദ്ധതിയുടെ ഭാഗമാകാൻ മടിച്ചുനിൽക്കുന്ന കോർപറേറ്റുകളെ ആകർഷിക്കുന്നതിനായി കൂടുതൽ ഇളവുകളുടെ പ്രഖ്യാപനങ്ങൾ വരുംനാളുകളിൽ ഉണ്ടാകും.

**അന്തർദേശീയ ധനമൂലധനത്തിന്റെ തിട്ടൂരപ്രകാരം നടപ്പിലാക്കുന്നതാണ് അഴിമതയുടെ ഈ പൈപ്പ് ലൈൻ**

ഈ ദേശവിരുദ്ധ നടപടിയെ ശക്തിയായി അപലപിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ ഒത്താശയോടെ രാജ്യത്തിനകത്തും പുറത്തുമുള്ള കോർപറേറ്റുകൾ ദേശീയ ആസ്തികളെ കൊള്ളയടിക്കുന്നതിനെ തടയുന്നതിനായി പടപൊരുതാൻ സിഐടിയു ആഹ്വാനം ചെയ്തു.

# ലോക ചരിത്രത്തിൽ തൊഴിലാളി പ്രസ്ഥാനം



**ബൂർഷ്വാ വിപ്ലവത്തിന്റെ സാഹചര്യത്തിൽ തൊഴിലാളി വർഗത്തിന്റെ പങ്കിനെപ്പറ്റി ലെനിൻ പക്ഷവും മെൻഷെവിക്കുകളും രണ്ട് വ്യത്യസ്ത നിലപാടിലായിരുന്നു. റഷ്യയിൽ മുതലാളിത്തവും തൊഴിലാളി പ്രസ്ഥാനവും ക്രമേണ വളർന്നുവരുന്നതോടെ മെല്ലെ പരിഷ്കരണ പ്രക്രിയയിലൂടെ സോഷ്യലിസം വരുമെന്ന നിലപാടായിരുന്നു മെൻഷെവിക്കുകൾക്ക് ഉണ്ടായിരുന്നത്. തൊഴിലാളി കർഷക ജനസാമാന്യവുമായി സഖ്യമുണ്ടാക്കി കൊണ്ട് വിപ്ലവ നേതൃത്വത്തിനായി പൊരുതണമെന്നും അവരുടെ പൊതുലക്ഷ്യം ബൂർഷ്വാ വിപ്ലവത്തെ തൊഴിലാളിവർഗ വിപ്ലവമായി വളർത്തുകഎന്നതായിരിക്കണമെന്നും ലെനിനിസ്റ്റുകൾ വാദിച്ചു. 1905-ലെ വിപ്ലവം പരസ്പരവിരുദ്ധമായ ഈ സിദ്ധാന്തങ്ങളുടെ പ്രയോഗമായിരുന്നു.**



**എൻ. പത്മലോചനൻ**

ഇന്ന് തൊഴിലുള്ളവർ നാളെ തൊഴിലില്ലാത്തവരാകുമ്പോൾ അവൻ പട്ടിണിക്കാരനാകുന്നു. ആരാണ് അവന് തൊഴിലുറപ്പ് നൽകുന്നത് ? ഒരു കാരണം കൊണ്ടോ അല്ലെങ്കിൽ ഒരു കാരണവും കൂടാതെയും തൊഴിൽ നൽകിയ പ്രഭുവിന് അവനെ നാളെ തൊഴിലിൽ നിന്നും പിരിച്ചുവിടാം. അല്ലെങ്കിൽ അവന്റെ മേസ്തിരി അവനെ പിരിച്ചുവിടും.

ഓരോ വലിയ നഗരങ്ങളിലും തൊഴിലെടുക്കുന്നവർ തിങ്ങിപ്പാർക്കുന്ന ഒന്നോ അതിലധികമോ ചേരികളുള്ള ഇംഗ്ലണ്ടിലെ എല്ലാ പട്ടണങ്ങൾക്കും സമീപത്തും കോളനികൾ ഉണ്ടായിരുന്നു.

ഇംഗ്ലണ്ടിലെ യഥാർഥ സ്ഥിതി തന്നെയാണ് മാഞ്ചസ്റ്ററിലും ബർമിങ്ഹാമിലും മറ്റ് പ്രധാന നഗരങ്ങളിലും ഉണ്ടായിരുന്നത്. അപരിഷ്കൃത സ്വഭാവവും മൃഗീയതയും കാട്ടാളത്തവും നിലനിന്നിരുന്നു. നിയമത്തിന്റെ പരിരക്ഷയിൽ തന്നെയാണ് എല്ലാ കൊടുക്കൽ വാങ്ങലുകളിലും കൊള്ള നടക്കുന്നത്. വല്ലപ്പോഴും ലഭിക്കുന്ന ജോലിയും കൂലിയുമാണ് ജീവനെയും ആത്മാവിനേയും നിലനിർത്തുന്നത്. ജോലി കിട്ടാത്ത സ്ഥിതി തുടരുമ്പോൾ മോഷണമാണ് പ്രധാന ജീവിതോപാധി. പോലീസിനെ ഭയമില്ല. ഭയന്നാൽ പട്ടിണിയും മരണവുമാണ് ശേഷിക്കുന്ന സ്ഥിതി. ശാന്തമായി എതിർപ്പിന് ഇരയാകാതെയുമാണ് മോഷണം നടത്തുന്നതെങ്കിൽ പോലീസും കണ്ണടയ്ക്കും.

> **“എല്ലാം രാജ്യങ്ങളുടെയും ചരിത്രം വ്യക്തമാക്കുന്നത് തൊഴിലാളിവർഗത്തിന് അതിന്റെ മാത്രമായ പരിശ്രമം കൊണ്ട് ട്രേഡ് യൂണിയൻ ബോധം വികസിപ്പിക്കാൻ മാത്രമേ കഴിയൂ. അതായത് യൂണിയനുകളിൽ ഒന്നിച്ച് അണിനിരക്കേണ്ടതിന്റെയും തൊഴിലുടമകൾക്കെതിരായ പോരാട്ടത്തിന്റെയും ആവശ്യമായ തൊഴിൽനിയമങ്ങൾ അംഗീകരിക്കുന്നതിന് സർക്കാരിനെ നിർബന്ധിക്കേണ്ടതിന്റെയും മറ്റും ആവശ്യകതക്ക് മാത്രമേ യൂണിയനുകൾക്ക് സ്വയം ബോധ്യമാകൂ. എന്നാൽ സ്വത്തുടമ വർഗത്തിന്റെ അഭ്യസ്തവിദ്യരായ പ്രതിനിധികൾ/ബുദ്ധിജീവികൾ രൂപപ്പെടുത്തിയ ദാർശനികവും ചരിത്രപരവും സാമ്പത്തിക ശാസ്ത്രപരവുമായ സിദ്ധാന്തങ്ങളിൽ നിന്നും വളർത്തിക്കൊണ്ടുവന്നതാണ് സോഷ്യലിസമെന്ന സിദ്ധാന്തം.**

എംഗൽസ് പറയുന്നത് “തന്റെ ചുരുങ്ങിയ കാലത്തെ ഇംഗ്ലണ്ടിലെ ജീവിതത്തിനിടയിൽ ചുരുങ്ങിയത് 30 പേരെയെങ്കിലും പ്രതിരോധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മരണത്തിന് വിധേയരായിട്ടുണ്ട്. ഈ സത്യാവസ്ഥയെ പറ്റി എന്തെങ്കിലും പറയാൻ ബൂർഷ്വാസി തയ്യാറാകുന്നില്ല. ദൈവ നിശ്ചയപ്രകാരമുള്ള ദുരിതമായി ഈ സ്ഥിതിയെ കണ്ടാൽ മതിയെന്നാണ് അവരുടെ വാദം. എംഗൽസിന്റെ ഇംഗ്ലണ്ടിനെ പറ്റിയുള്ള വിലയിരുത്തൽ സമയത്തും യൂറോപ്പിലെ സ്ഥിതിയും വ്യത്യസ്തമല്ലായിരുന്നു.

കത്തോലിക്കാ യൂണിയനുകളുടെ മുഖരക്ഷക്ക് വേണ്ടി ട്രേഡ് യൂണിയൻ അംഗീകാരം, കൂട്ടായ വിലപേശൽ, ഫാക്ടറി ഇൻസ്പെക്ഷൻ, എട്ടുമണിക്കൂർ ജോലി, സ്ത്രീകൾക്കായുള്ള നിയമനിർമ്മാണം എന്നിവയെല്ലാം ആവശ്യപ്പെട്ടിരുന്നു. പക്ഷേ ഇവയെല്ലാം മുതലുടമകളുടെ സഹകരണത്തോടു കൂടി നേടിയെടുക്കാം എന്നായിരുന്നു കത്തോലിക്കാ സഭയുടെ പ്രതീക്ഷ. ട്രേഡ് യൂണിയനുകൾക്ക് എതിരായിരുന്നു ബൂർഷ്വാ തൊഴിലുടമകൾ. ഇത്തരത്തിലുള്ള വികലമായ ബൂർഷ്വാ യൂണിയനുകളെപ്പോലും വച്ചു പൊറുപ്പിച്ചിരുന്നില്ല.

കത്തോലിക്ക സഭയും തൊഴിലുടമകളും വ്യത്യസ്തർ ആയിരുന്നില്ല. സിദ്ധാന്തപരമായി പണിമുടക്കുകൾക്ക് എതിരായിരുന്നിട്ടും കത്തോലിക്കാ യൂണിയനുകൾക്കും ക്രമേണ പണിമുടക്കേണ്ടതായിട്ട് വന്നു. എന്നാലും പൊതുവിൽ ഈ യൂണിയനുകൾ തൊഴിലാളി പ്രസ്ഥാനത്തെ ശിഥിലമാക്കിയിരുന്നു. രാഷ്ട്രീയ മണ്ഡലത്തിലും സാമ്പത്തിക ആവശ്യങ്ങളിലും തൊഴിലാളികളെ അവർ ദുർബലപ്പെടുത്തിയിരുന്നു.

കത്തോലിക്ക ഇതര രാജ്യങ്ങളിലും, പ്രത്യേകിച്ച് ജനസംഖ്യയിൽ ഏകദേശം 23 ശതമാനം മാത്രം കത്തോലിക്കരുള്ള അമേരിക്കയിൽ തങ്ങളുടേത് മാത്രമായ യൂണിയൻ ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ പോലും 1890കൾക്ക് മുമ്പുതന്നെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ അവിടെയും സ്വാധീനിക്കാൻ നീക്കം നടത്തിയിരുന്നു.

തൊഴിലാളികൾ ചേർന്ന് രൂപീകരിക്കുന്ന വിശാലമായ വർഗ സംഘടനകളാണ് ട്രേഡ് യൂണിയനുകൾ. അവയ്ക്ക് മതപരമായ വിശ്വാസത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കാനാവില്ല. അവ പ്രസ്ഥാനത്തിൽ ഭിന്നിപ്പിന് ഇടമൊരുക്കും. തൊഴിലാളി പ്രസ്ഥാനത്തെ ആക്രമിക്കാൻ ശ്രമിക്കുന്നവർക്കോ മറ്റു വിധത്തിൽ പിന്തിരിപ്പൻ രാഷ്ട്രീയ പ്രവർത്തനങ്ങൾ തുടരുന്നവരോ ആയ സഭയക്കും പുരോഹിതന്മാർക്കും എതിരായി ട്രേഡ് യൂണിയനുകൾ നിലപാട് സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഏറ്റവുമധികം മതാധിഷ്ടിതമായ രാജ്യങ്ങളിൽ പോലും പലപ്പോഴും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് പിന്തിരിപ്പൻ പൗരോഹിത്യ ശക്തികളുമായി ഉശിരൻ സംഘർഷങ്ങളിൽ ഏർപ്പെടേണ്ടതായി വന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ എല്ലാ വിഭാഗത്തിലും പെട്ട അംഗങ്ങളിൽ നിന്നുമുള്ള പിന്തുണ പൊതുവിൽ യൂണിയനുകൾക്ക് ലഭിക്കാറുണ്ട്.

ഒന്നാം ഇന്റർനാഷണലിന്റെ 1866ലെ ജനീവ കോൺഗ്രസിൽ കാറൽ മാർക്സ് ഈ സങ്കീർണമായ പ്രശ്നത്തെ സംബന്ധിച്ച് ലോക തൊഴിലാളികൾക്ക് വ്യക്തമായ മാർഗനിർദേശം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത കോൺഗ്രസിലെ ഫ്രഞ്ച് പ്രതിനിധികൾ പൗരോഹിത്യത്തിന് എതിരായി, ഇന്റർനാഷണൽ പ്രഖ്യാപനം നടത്തണമെന്ന ആവശ്യം പ്രമേയരൂപത്തിൽ അവതരിപ്പിച്ചു. എന്നാൽ ആ നിർദേശം തൊഴിലാളികളിൽ ഭിന്നിപ്പ് ഉണ്ടാക്കുമെന്നതിനാൽ മാർക്സ് അതിനെ നഖശിഖാന്തം എതിർത്തു.

**സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിൽ മാർക്സിന്റെ വിപ്ലവ സിദ്ധാന്തങ്ങളുടെയും പരിപാടിയുടെയും അവിതർക്കിതമായ, യുക്തമായ സിദ്ധാന്തം അവതരിപ്പിച്ചുകൊണ്ട് 1902-ൽ ലെനിൻ എഴുതിയ സുപ്രസിദ്ധ കൃതിയാണ് 'എന്തുചെയ്യണം?' 1902-ൽ ലണ്ടനിൽ വച്ചായിരുന്നു പാർടിയിലെ വിപ്ലവകാരികളും തിരുത്തൽവാദികളും തമ്മിലുള്ള ആദ്യത്തെ മൗലികമായ ഏറ്റുമുട്ടൽ നടന്നത്. സോഷ്യൽ ഡെമോക്രാറ്റിക് പാർടിയുടെ രണ്ടാം കോൺഗ്രസായിരുന്നു അത്. ലെനിനെ അനുകൂലിക്കുന്നവർക്കായിരുന്നു പൊതുവിൽ ഭൂരിപക്ഷം.**




ഫ്രഞ്ച് പദ്ധതി കോൺഗ്രസ് പരിഗണിച്ചതേയില്ല. എല്ലാ വിഭാഗത്തിലുംപെട്ട തൊഴിലാളികൾക്ക് ബാധകമായ വിധത്തിലുള്ള ട്രേഡ് യൂണിയൻ ബോധം എന്ന നിലയിൽ പിൽക്കാലത്ത് അറിയപ്പെട്ട തത്വത്തിന്റെ ആരംഭം അഥവാ ശക്തമായ ആവർത്തിച്ചുറപ്പിക്കൽ ഇതായിരുന്നു. എല്ലാ രാജ്യങ്ങളിലും തൊഴിലാളി പ്രസ്ഥാനം ഈ തത്വം പിന്തുടർന്നു. വിഭാഗീയാടിസ്ഥാനത്തിൽ അല്ലാതെ ട്രേഡ് യൂണിയനുകൾ കെട്ടിപ്പടുത്തു. ശക്തമായ മതഭക്തിയുള്ള തൊഴിലാളികൾക്കിടയിൽ പോലും ക്രിസ്റ്റ്യൻ യൂണിയനുകൾക്ക് കാര്യമായ വേരോട്ടം ഉണ്ടാക്കാൻ കഴിയാതിരുന്നതിന്റെ മുഖ്യ കാരണം ഇതാണ്.

## മാർക്സിസ്റ്റ് തത്വങ്ങൾ പുനസ്ഥാപിക്കുന്നതിനുള്ള ലെനിന്റെ പരിശ്രമം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രണ്ടാം ഇന്റർനാഷണലിനെ പറ്റി ബൂർഷ്വാസികളെയും ട്രേഡ് യൂണിയൻ ബ്യൂറോക്രാറ്റുകളെയും 'ബേൺസ്റ്റീൻ' തിരുത്തൽവാദത്തിന്റെ വിഷം ശക്തമായി ബാധിച്ചു. മുതലാളിത്തം ദീർഘമാന്ദ്യത്തിൽ നിന്ന് ശക്തമായി മുന്നേറിയതിനെ തുടർന്നുണ്ടായ അഭിവൃദ്ധി സൃഷ്ടിച്ച വ്യാമോഹം, മാർക്സിസം പഴഞ്ചനായി കഴിഞ്ഞുവെന്നും മാർക്സിന്റെ സാമ്പത്തിക ശാസ്ത്രം പുരാവസ്തു ആയെന്നും വർഗസമരത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ തത്വത്തിന്റെ പ്രസക്തി ഇല്ലാതായെന്നും മുതലാളിത്തത്തെ വിപ്ലവപരമായി തകർക്കുന്നതിനെ അല്ലമറിച്ച് ആ വ്യവസ്ഥിതിയെ സോഷ്യലിസമായി ക്രമേണ പരിഷ്കരിക്കുന്നതിനെയാണ് തൊഴിലാളികൾ തങ്ങളുടെ മോചനമായി കാണേണ്ടത് എന്നുള്ള നിഗമനങ്ങളാണ് ബേൺസ്റ്റീൻ തിരുത്തൽവാദികൾ മുന്നോട്ടുവച്ചത്. പ്രത്യയശാസ്ത്രപരമായി അവർ സാമ്രാജ്യത്തിന് അടിപ്പെട്ടിരുന്നു.

ഈ ആശയങ്ങൾ മറ്റെല്ലാ രാജ്യങ്ങളുമെന്നപോലെ റഷ്യയിലെയും തൊഴിലാളി പ്രസ്ഥാനത്തിൽ നുഴഞ്ഞു കയറിയിരുന്നു. ഈ പരിഷ്കരണ വാദത്തിനെതിരെ ലെനിൻ ശക്തമായ വെല്ലുവിളി ഉയർത്തി. സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിൽ മാർക്സിന്റെ വിപ്ലവ സിദ്ധാന്തങ്ങളുടെയും പരിപാടിയുടെയും അവിതർക്കിതമായ, യുക്തമായ സിദ്ധാന്തം അവതരിപ്പിച്ചുകൊണ്ട് 1902ൽ ലെനിൻ എഴുതിയ സുപ്രസിദ്ധ കൃതിയാണ് 'എന്തുചെയ്യണം?' 1902-ൽ ലണ്ടനിൽ വച്ചായിരുന്നു പാർടിയിലെ വിപ്ലവകാരികളും തിരുത്തൽവാദികളും തമ്മിലുള്ള ആദ്യത്തെ മൗലികമായ ഏറ്റുമുട്ടൽ നടന്നത്. സോഷ്യൽ ഡെമോക്രാറ്റിക് പാർടിയുടെ രണ്ടാം കോൺഗ്രസായിരുന്നു അത്. ലെനിനെ അനുകൂലിക്കുന്നവർക്കായിരുന്നു പൊതുവിൽ ഭൂരിപക്ഷം.

റഷ്യ അക്കാലത്ത് ബൂർഷ്വാ വിപ്ലവത്തിന്റെ വക്കിലാണെന്ന് ലെനിൻ പക്ഷക്കാരും മെൻഷെവിക്കുകളും സമ്മതിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ തൊഴിലാളിവർഗത്തിന്റെ പങ്കിനെപ്പറ്റി ലെനിൻ പക്ഷവും മെൻഷെവിക്കുകളും രണ്ട് വ്യത്യസ്ത നിലപാടിലായിരുന്നു. റഷ്യയിൽ മുതലാളിത്തവും തൊഴിലാളി പ്രസ്ഥാനവും ക്രമേണ വളർന്നുവരുന്നതോടെ മെല്ലെ പരിഷ്കരണ പ്രക്രിയയിലൂടെ സോഷ്യലിസം വരുമെന്ന നിലപാടായിരുന്നു മെൻഷെവിക്കുകൾക്ക് ഉണ്ടായിരുന്നത്. തൊഴിലാളി കർഷക ജനസാമാന്യവുമായി സഖ്യമുണ്ടാക്കി കൊണ്ട് വിപ്ലവ നേതൃത്വത്തിനായി പൊരുതണമെന്നും അവരുടെ പൊതുലക്ഷ്യം ബൂർഷ്വാ വിപ്ലവത്തെ തൊഴിലാളിവർഗ വിപ്ലവമായി വളർത്തുക എന്നതായിരിക്കണമെന്നും ലെനിനിസ്റ്റുകൾ (യുവാവായ ജോസഫ് സ്റ്റാലിനും അവരിൽ ഒരാളായിരുന്നു) വാദിച്ചു. 1905-ലെ വിപ്ലവം പരസ്പര വിരുദ്ധമായ ഈ സിദ്ധാന്തങ്ങളുടെ പ്രയോഗമായിരുന്നു.

### ലെനിന്റെ ആശയങ്ങൾ ഉൾക്കൊള്ളുന്ന പുതിയ പാർടിയും രാഷ്ട്രീയബോധമുള്ള ട്രേഡ് യൂണിയനുകളും

മറ്റു രാജ്യങ്ങളിലെ തങ്ങളുടെ രാഷ്ട്രീയ സഹോദരന്മാരെ പോലെ മെൻഷെവിക്കുകളും തൊഴിലാളി വർഗത്തിനെ ബൂർഷ്വാസിക്കു കിഴ്പ്പെട്ട് നിൽക്കുക എന്ന പങ്ക് മാത്രമേ നിർവഹിക്കാനുള്ളു എന്ന തങ്ങളുടെ അവസരവാദപരമായ ധാരണ പ്രകാരം കെട്ടുറപ്പില്ലാത്തതും വിശാലവും നിശ്ചിത രൂപമില്ലാത്തതുമായ ഒരു പാർടി കെട്ടിപ്പടുക്കണമെന്നും അവർ വാദിച്ചു. അത്തരം പാർടിയിൽ ശക്തമായ നേതൃത്വവും ശരിയായ അച്ചടക്കവും അസാധ്യമാണെന്ന് ലെനിൻ വാദിച്ചു. ബൂർഷ്വാസിയുമായി ഏറ്റുമുട്ടാൻ അത്തരം പാർടിക്ക് കെൽപ്പുണ്ടാവില്ല. പ്രത്യേകിച്ച് സാറിസ്റ്റ് വ്യവസ്ഥ അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോൾ. പാർടി അംഗങ്ങൾ പാർടി കാമ്പയിനുകൾക്ക് പിന്തുണ നൽകുന്നവർ മാത്രമായാൽ പോരെന്നും പാർടി അച്ചടക്കം പാലിക്കുന്നവരും സമരങ്ങളിൽ ശക്തമായി പങ്കെടുക്കുന്നവരും യോഗങ്ങളിൽ കൃത്യമായി ഹാജരാകുന്നവരുമായിരിക്കണമെന്നും ലെനിൻ വാദിച്ചു. രാഷ്ട്രീയമായോ വ്യാവസായികമായോ തൊഴിലാളിവർഗ സംഘടന രൂപീകരിക്കാനുള്ള ഏതു നീക്കത്തെയും സാറിസ്റ്റ് ഏകാധിപത്യ വാഴ്ച നിഷ്ഠൂരമായി അടിച്ചമർത്തുമെന്നും ചൂണ്ടിക്കാട്ടി.

ബോൾഷെവിക്കുകളുടെ വിപ്ലവ പരിപാടി നടപ്പിലാക്കാൻ പുതിയ പാർടി ആവശ്യമായിരുന്നു. റഷ്യയിലെ ആദ്യകാല മാർക്സിസ്റ്റ് നേതാവായിരുന്ന പ്ലഖ്നോവിനും ആ നിലപാട് തന്നെയായിരുന്നു. സംവാദങ്ങളിലൂടെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ ലെനിൻ അഗാധമായി സിദ്ധാന്തവൽക്കരിച്ചു. എന്തുചെയ്യണം എന്ന കൃതിയിൽ അദ്ദേഹം അതാണ് ചൂണ്ടിക്കാട്ടിയത്.

അതോടൊപ്പം "ഇടതുപക്ഷം, കമ്യൂണിസം ഒരു ബാലാരിഷ്ടത" അദ്ദേഹത്തിന്റെ മറ്റൊരു കൃതിയായിരുന്നു. പാർടിയുമായിട്ടുള്ള നേരിട്ടുള്ള ബന്ധം വേണ്ട, എന്നാൽ അതിനോട് നിഷ്പക്ഷതയോ ഉദാസീനതയോ പാടില്ല. യൂണിയനുകളും പാർടിയും ഏകാധിപത്യ വാഴ്ചക്കെതിരെ ശക്തമായി സമരം ചെയ്യണം. തൊഴിലാളിവർഗത്തിന്റെ മുന്നണിപ്പടയായ കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിലായിരിക്കണം വിപ്ലവം നയിക്കേണ്ടത്.

'1905-ലെ വിപ്ലവം' എന്ന ലെനിന്റെ പ്രസിദ്ധമായ കൃതിയിൽ തൊഴിലാളി പ്രസ്ഥാനത്തിൽ വിപ്ലവകാരികളായ ബുദ്ധിജീവികളുടെ പങ്കിനെക്കുറിച്ചുള്ള വാദം അവതരിപ്പിച്ചത് ഇപ്രകാരമാണ് "എല്ലാം രാജ്യങ്ങളുടെയും ചരിത്രം വ്യക്തമാക്കുന്നത് തൊഴിലാളിവർഗത്തിന് അതിന്റെ മാത്രമായ പരിശ്രമം കൊണ്ട് ട്രേഡ് യൂണിയൻ ബോധം വികസിപ്പിക്കാൻ മാത്രമേ കഴിയൂ. അതായത് യൂണിയനുകളിൽ ഒന്നിച്ച് അണിനിരക്കേണ്ടതിന്റെയും തൊഴിലുടമകൾക്കെതിരായ പോരാട്ടത്തിന്റെയും ആവശ്യമായ തൊഴിൽനിയമങ്ങൾ അംഗീകരിക്കുന്നതിന് സർക്കാരിനെ നിർബന്ധിക്കേണ്ടതിന്റെയും മറ്റും ആവശ്യകതക്ക് മാത്രമേ യൂണിയനുകൾക്ക് സ്വയം ബോധ്യമാകൂ. എന്നാൽ സ്വത്തുടമ വർഗത്തിന്റെ അഭ്യസ്തവിദ്യരായ പ്രതിനിധികൾ/ബുദ്ധിജീവികൾ രൂപപ്പെടുത്തിയ ദാർശനികവും ചരിത്രപരവും സാമ്പത്തിക ശാസ്ത്രപരവുമായ സിദ്ധാന്തങ്ങളിൽ നിന്നും വളർത്തിക്കൊണ്ടു വന്നതാണ് സോഷ്യലിസമെന്ന സിദ്ധാന്തം. ആധുനിക ശാസ്ത്രീയ സോഷ്യലിസത്തിന്റെ സ്ഥാപകരായ മാർക്സും എംഗൽസും തന്നെ ബൂർഷ്വാ ബുദ്ധിജീവി വിഭാഗത്തിൽപ്പെട്ടവരാണ്. (തുടരും)

# ജിഎസ്ടി വിവാദം : കേന്ദ്ര നികുതി കുറയ്ക്കൽ ഒഴിവാക്കാൻ

**കേന്ദ്രം നികുതി കുറയ്ക്കുകയും സംസ്ഥാനങ്ങളുടെ നിലനിൽപ്പിനെ ഇല്ലാതാക്കുന്ന ജിഎസ്ടി വാദം ഉപേക്ഷിക്കുകയുമാണ് വേണ്ടത്.**



പെട്രോളിനും ഡീസലിനും കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന വലിയ നികുതി ഭാരം ചർച്ചയാകാതിരിക്കാനാണ് ജിഎസ്ടി വിവാദം ഉയർത്തുന്നത്.

ബി.ജെ.പി കേന്ദ്രത്തിൽ അധികാരത്തിലെത്തിയപ്പോൾ പെട്രോൾ, ഡീസൽ എന്നിവയയിൽ നിന്നുള്ള വാർഷിക നികുതി വരുമാനം 78,000 കോടി രൂപയായിരുന്നു. 2020-21 ൽ 2.23 ലക്ഷം കോടിയായി. 2014 മുതൽ 15 ലക്ഷം കോടി രൂപയാണ് പെട്രോൾ, ഡീസൽ നികുതിയിലൂടെ ജനങ്ങളെ പിഴിഞ്ഞത്.

ഡീസൽ 50 രൂപയ്ക്കും പെട്രോൾ 55 രൂപയ്ക്കും ലഭ്യമാക്കുമെന്നായിരുന്നു തെരഞ്ഞെടുപ്പുകാലത്ത് ബി.ജെ.പി വാഗ്ദാനം. തിരുവനന്തപുരത്ത് ഡിസൽ ലിറ്ററിന് 95.30 രൂപയും പെട്രോൾ ലിറ്ററിന് 103.40 രൂപയുമായി. 201314 ൽ ബി.ജെ.പി അധികാരത്തിൽ വരുമ്പോൾ 108 ഡോളറായിരുന്നു ക്രൂഡോയിലിന്റെ വില. ഇത് 48 ഡോളർ വരെ താഴ്ന്നു. ക്രൂഡോയിൽ സംസ്കരിക്കുന്നതിനുള്ള ഉത്പാദന ചെലവിൽ നാമമാത്രമായ വർധനയേയുള്ളു. എണ്ണകമ്പനികളുടെ ലാഭനിരക്കിൽ മാറ്റമുണ്ടായിട്ടില്ല.

വിലക്കയറ്റത്തിനു കാരണമായ വർധന കേന്ദ്ര നികുതികളിൽ മാത്രമാണുണ്ടായത്. സംസ്ഥാനങ്ങൾ നികുതി ഉയർത്തിയിട്ടില്ല. കേരളത്തിൽ യുഡിഎഫ് സർക്കാരും തമിഴ്നാട്ടിൽ എഐഎഡിഎംകെയും ചെറിയതോതിൽ നടത്തിയ നികുതി വർധന പിന്നീട് പിൻവലിച്ചു. എന്നാൽ, ബിജെപി അധികാരത്തിൽ വരുമ്പോൾ കേന്ദ്ര നികുതി പെട്രോൾ ലിറ്ററിനു 9.48 രൂപയായിരുന്നു. ഇപ്പോൾ 32.98 രൂപയായി. മൂന്നര മടങ്ങ് വർധിപ്പിച്ചു. ഡീസലിന് ലിറ്ററിന് 3.56 രൂപയായിരുന്നത് 31.83 ആയി. ഒമ്പത് മടങ്ങ് വർധന. ഇതിൽ നാമമാത്ര ഭാഗമാണ് സംസ്ഥാനങ്ങൾക്ക് വിഭജിക്കുന്നത്.

കവർന്നെടുക്കുന്ന പണം കോർപ്പറേറ്റുകൾക്കാണ് നൽകുന്നത്. മൂന്നുവർഷം മുമ്പ് ഒന്നര ലക്ഷം കോടിയുടെ കോർപ്പറേറ്റ് നികുതിയിളവ് നൽകി. കോർപ്പറേറ്റുകൾ കൊള്ളയടിച്ചതിന്റെ കിട്ടാക്കടം എഴുതിത്തള്ളാൻ 10 ലക്ഷം കോടി രൂപ ബാങ്കുകൾക്ക് നൽകി. ഈ കൊള്ളയാണ് അവസാനിപ്പിക്കേണ്ടത്. കേന്ദ്രം നികുതി കുറയ്ക്കുകയും സംസ്ഥാനങ്ങളുടെ നിലനിൽപ്പിനെ ഇല്ലാതാക്കുന്ന ജിഎസ്ടി വാദം ഉപേക്ഷിക്കുകയുമാണ് വേണ്ടത്.

### ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 101-ാം സ്ഥാനത്ത്

# വിശപ്പ് സൂചികയിലും കൂപ്പ് കുത്തി ഇന്ത്യ

**ലോക പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം**

| വർഷം | റാങ്ക് | പരിഗണിച്ച രാജ്യങ്ങൾ |
|---|---|---|
| 2021 | 101 | 116 |
| 2020 | 94 | 107 |
| 2019 | 102 | 117 |
| 2018 | 103 | 119 |
| 2017 | 100 | 119 |
| 2016 | 97 | 118 |
| 2015 | 93 | 117 |
| 2010 | 67 | 84 |
| 2006 | 96 | 119 |

അയർലന്റിലെ Concern World Wide, ജർമ്മനിയിലെ Welt Hunger Hilf എന്നീ സന്നദ്ധ സംഘടനകൾ സംയുക്തമായി പ്രസിദ്ധീകരിച്ച 116 രാജ്യങ്ങളുടെ 2021ലെ ആഗോള പട്ടിണി സൂചികയുടെ പട്ടികയിൽ ഇന്ത്യ 101ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2020-ലെ 94-ാം സ്ഥാനത്തു നിന്നാണ് ഈ വലിയ വീഴ്ച സംഭവിച്ചത്. കഴിഞ്ഞവർഷം ഇന്ത്യ 94ാം സ്ഥാനത്തായിരുന്നു.

മ്യാൻമർ (17), ബംഗ്ലാദേശ്, നേപ്പാൾ (രണ്ട് രാജ്യങ്ങളും 76ാം സ്ഥാനത്ത്), പാകിസ്ഥാൻ (91) എന്നീ അയൽരാജ്യങ്ങൾ ഇന്ത്യയേക്കാൾ മെച്ചപ്പെട്ട സ്ഥാനങ്ങളിലാണ്.

പട്ടികയിൽ ഇന്ത്യക്ക് പുറകിലുള്ളത് 15 രാജ്യങ്ങൾ മാത്രമാണ്. അവയിലൊന്ന് അഫ്ഗാനിസ്ഥാനാണ്. മറ്റൊന്ന് ഹെയ്ത്തി എന്ന കരീബിയൻ രാജ്യം. ബാക്കിയുള്ളവയെല്ലാം പാപ്പുവ ന്യൂഗിനി, കോംഗോ, ചാഡ്, യമൻ, സോമാലിയ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളാണ്. ഇവയെല്ലാം തന്നെ ആഭ്യന്തര യുദ്ധം, ഭരണ അട്ടിമറി, പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ഫലമായി അതിദാരിദ്ര്യത്തെ നേരിടുന്ന രാജ്യങ്ങളുമാണ്.

| | |
|---|---|
| 97 | Angola |
| 98 | Rwanda |
| 99 | Djibouti |
| 99 | Lesotho |
| 101 | India |
| 102 | Papua New Guinea |
| 103 | Afghanistan |
| 103 | Nigeria |
| 105 | Congo (Republic of) |
| 106 | Mozambique |

ഇന്ത്യയുടെ പട്ടിണിയുടെ സ്ഥിതി "ആശങ്കാജനകം" എന്നാണ് പട്ടികയോടൊപ്പം പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. പോഷകാഹാരകുറവ്, 5 വയസിന് താഴെയുള്ള കുട്ടികളുടെ ഭാരക്കുറവ്, ഉയരക്കുറവ്, അവർക്കിടയിലെ മരണനിരക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ് പട്ടിണി സൂചിക കണക്കാക്കുന്നത്. വിശപ്പ് ഗുരുതരമായ 31 രാജ്യങ്ങളുടെ പട്ടികയിലും ഇന്ത്യ ഉണ്ട്.

ചൈന, കുവൈറ്റ്, ബ്രസീൽ ഉൾപ്പെടെയുള്ള 18 രാജ്യങ്ങളാണ് പട്ടികയിൽ ഉയർന്ന സ്ഥാനം നേടിയിരിക്കുന്നത്. ഈ രാജ്യങ്ങളിലെ ആഗോള പട്ടിണി സൂചിക നിരക്ക് അഞ്ചാണ്. നിലവിലെ സ്ഥിതി തുടർന്നാൽ 2030-നകം പട്ടിണി കുറയ്ക്കാൻ സാധിക്കാത്ത പട്ടികയിൽ 47 രാജ്യങ്ങളുണ്ട്.

## രാജ്യത്ത് ധാന്യം കെട്ടിക്കിടക്കുന്നു, ജനം പട്ടിണിയിൽ: യെച്ചൂരി



ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ ഗോഡൗണുകളിൽ കെട്ടിക്കിടന്ന് നശിക്കുമ്പോഴാണ് രാജ്യത്ത് പട്ടിണി പെരുകുന്നതെന്ന് സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. 2014-ൽ നരേന്ദ്ര മോദി പ്രധാനമന്ത്രിയായപ്പോൾ ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 55-ാം സ്ഥാനത്തായിരുന്നു. 2020-ൽ 94-ാം സ്ഥാനമായി. ഇപ്പോൾ 116 രാജ്യങ്ങളിൽ 101-ാം സ്ഥാനത്തും. ലജ്ജാകരമാണിത്. പട്ടിണിയിൽ കഴിയുന്ന എല്ലാവർക്കും സൗജന്യമായി ഭക്ഷ്യധാന്യം വിതരണം ചെയ്യണം യെച്ചൂരി ട്വീറ്റ് ചെയ്തു.

# സമരഭേരി മുഴക്കി സിവിൽ സർവീസ് മേഖല

എം.എ. അജിത്കുമാർ

കോവിഡ് 19 സൃഷ്ടിച്ച സാമൂഹ്യ സാമ്പത്തിക ആരോഗ്യ പ്രതിസന്ധിയെപ്പോലും നവലിബറൽ നയങ്ങൾ ഒളിപ്പിച്ചു കടത്തുന്നതിനുള്ള അവസരമാക്കിമാറ്റുകയാണ് കേന്ദ്രസർക്കാർ. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന, തന്ത്രപ്രധാന മേഖലകളിലടക്കമുള്ള വിദേശമൂലധന നിക്ഷേപം, ബാങ്കിംഗ് ഇൻഷുറൻസ് മേഖലകളുടെ സ്വകാര്യവൽക്കരണം തുടങ്ങിയ നടപടികൾക്കൊപ്പം തൊഴിലാളികളുടെ പരിമിതമായ അവകാശങ്ങൾ പോലും കവർന്നെടുത്ത് അവരെ മുതലാളിമാരുടെ കൂലി അടിമകളാക്കുന്ന 4 ലേബർ കോഡുകൾ, കർഷകരെ അവരുടെ കൃഷിയിടങ്ങളിൽ നിന്ന് ആട്ടിയോടിക്കാനിടയാക്കുന്ന 3 കാർഷിക പരിഷ്ക്കരണ നിയമങ്ങൾ, ഓർഡനൻസ് ഫാക്ടറി തൊഴിലാളികളുടെ പണിമുടക്ക് നിരോധിക്കാൻ കൊണ്ടുവന്ന എസ്സൻഷ്യൽ ഡിഫൻസ് സർവ്വീസ് ആക്ട് തുടങ്ങി നിരവധി പ്രതിലോമ നിയമങ്ങൾ പാസാക്കിയത് കോവിഡ്കാലത്താണ്. പാർലമെന്റിനെപ്പോലും നോക്കുകുത്തിയാക്കി സംസ്ഥാനങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന അധികാരങ്ങൾ കവർന്നെടുത്ത് രാജ്യത്താകെ വർഗ്ഗീയ വിഭജനങ്ങളും അവകാശനിഷേധവും നടത്തി മുന്നോട്ടുപോകുന്ന കേന്ദ്രസർക്കാർ സിവിൽ സർവ്വീസിനെ ശിഥിലമാക്കുന്ന നടപടികളും ശക്തിപ്പെടുത്തിയിരിക്കുകയാണ്.

ഏറ്റവും മികച്ച സാമൂഹ്യസുരക്ഷാപദ്ധതിയായി ഗണിക്കാവുന്ന നിർവചിക്കപ്പെട്ട പെൻഷൻ കവർന്നെടുത്ത് പങ്കാളിത്തപെൻഷൻ നടപ്പിലാക്കിയതോടെ സിവിൽ സർവ്വീസ് അനാകർഷകമായി. നിയമന നിരോധനമേർപ്പെടുത്തിയും തസ്തികകൾ വെട്ടിക്കുറച്ചും കരാർ കാഷ്വൽ നിയമനങ്ങൾ വ്യാപകമാക്കിയും കേന്ദ്രസർക്കാർ സിവിൽ സർവ്വീസിനെ കൂടുതൽ ദുർബലമാക്കി. കേന്ദ്രസർക്കാരിന്റെ ചുവട്പിടിച്ച് സംസ്ഥാന സർക്കാരുകളും വിനാശകരമായ നവലിബറൽ നയങ്ങളുടെ ഉപാസകരായി മാറിയതോടെ സംസ്ഥാന സിവിൽ സർവ്വീസുകളും തകർച്ചയിലായി.

കോവിഡ്കാല സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പ്രതിമാസ വേതനത്തിൽ വെട്ടിക്കുറവ് വരുത്തിയും, ഒന്നര വർഷക്കാലത്തേക്ക് ക്ഷാമബത്ത മരവിപ്പിച്ചും കേന്ദ്രവും ഭൂരിപക്ഷം സംസ്ഥാനങ്ങളും ഏകപക്ഷീയ നടപടികളുമായി മുന്നോട്ടുപോയി. കാലാവധികഴിഞ്ഞ് ക്ഷാമബത്ത പുന:സ്ഥാപിച്ചപ്പോൾ കുടിശ്ശിക നൽകാൻ തയ്യാറായില്ല. കേന്ദ്ര സർവ്വീസിൽ മാത്രം 8.9 ലക്ഷം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതിനുപുറമെ റെയിൽവേയിൽ 2.98 ലക്ഷം ഒഴിവുള്ളതായിട്ടാണ് കഴിഞ്ഞവർഷം പാർലമെന്റിൽ സർക്കാർ അറിയിച്ചത്. എന്നിട്ടും



**നിലനിൽപ്പിനായി നടത്തുന്ന പ്രക്ഷോഭ ത്തിൽ വിജയമുറപ്പാക്കാൻ സമൂഹത്തിന്റെ പിന്തുണ അനിവാര്യമാണ്. സ്വന്തം തൊഴിൽപര മായ ഉത്തരവാദിത്വം കാര്യക്ഷമതയോടെ നിർവ ഹിച്ച് വിശ്വാസമാർജ്ജിച്ചെടുക്കുകയാണ് സമൂഹ പിന്തുണ നേടിയെടുക്കാനുള്ള ഏകമാർഗ്ഗം. അവകാശ സമരങ്ങളിൽ എക്കാലവും സിവിൽ സർവ്വീസിന് കരുത്തായി തീർന്നിട്ടുള്ളതും സമൂഹ പിന്തുണയാണ്. ഈ വസ്തുത തിരിച്ചറിഞ്ഞാണ് സംസ്ഥാന സിവിൽ സർവ്വീസിലെ മഹാഭൂരിപക്ഷ ത്തെ അണിനിരത്തി പ്രക്ഷോഭം നയിക്കാൻ കേരള എൻ.ജി.ഒ.യൂണിയൻ തീരുമാനിച്ചത്.**

നിയമന നടപടികളൊന്നും സ്വീകരിക്കുന്നില്ല. അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതരെക്കൂടി വഞ്ചിക്കുന്ന സമീപനമാണ് ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കർണ്ണാടകം, ആന്ധ്ര, തെലുങ്കാന, പഞ്ചാബ്, മഹാരാഷ്ട്ര, മധ്യ പ്രദേശ് തുടങ്ങിയ സംസ്ഥാന സർക്കാരുകളും സിവിൽ സർവ്വീസിനെ അസ്ഥിരീകരിക്കുന്ന നട പടികളാണ് സ്വീകരിക്കുന്നത്.

വലതുപക്ഷ സർക്കാരുകളിൽ നിന്ന് വ്യ ത്യസ്തമായി വികസന ക്ഷേമരംഗങ്ങളിൽ ജന പക്ഷനയം ഉയർത്തിപ്പിടിക്കുന്ന സർക്കാരാണ് കേരളത്തിലേത്. പ്രതിസന്ധികളെ അതിജീവിച്ച് കഴിഞ്ഞ 5 വർഷവും സംസ്ഥാനത്തെ നല്ലനി ലയിൽ മുന്നോട്ടു നയിക്കാൻ ഇടതുപക്ഷ സർ ക്കാരിനായി. കഴിഞ്ഞകാല നേട്ടങ്ങൾ സംരക്ഷി ച്ചും പുതിയകാല വെല്ലുവിളികളെ നേരിടാൻ പര്യാപ്തമായ പദ്ധതികൾ ആവിഷ്ക്കരിച്ചും മുന്നോട്ടുപോകാനാണ് പുതിയ സർക്കാർ പരി ശ്രമിക്കുന്നത്. മഹാമാരിയും കേന്ദ്രസർക്കാരും സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ നടുവി ലൂടെയാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. എങ്കിലും പ്രതിസന്ധികൾക്കുമുന്നിൽ പതറാതെ അർഹമായവർക്കെല്ലാം കരുതലുറപ്പുവരുത്തി, വികസന പ്രവർത്തനങ്ങളിൽ കാലവിളംബം വരുത്താതെ സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നു. ജനപക്ഷ നയങ്ങളുടെ നടത്തിപ്പിൽ സിവിൽ സർവ്വീസിനുള്ള പങ്ക് അംഗീകരിച്ചാണ് സർക്കാരിന്റെ ഓരോ ഇടപെടലും. കഴിഞ്ഞ 5 വർഷവും സിവിൽ സർവ്വീസിന്റെ സംരക്ഷണം ഏറ്റെടുത്താണ് ഇടതുപക്ഷ സർക്കാർ നില കൊണ്ടത്. സർക്കാർ നയങ്ങളുടെ നടത്തിപ്പിൽ കാര്യക്ഷമതയോടെ ഇടപെട്ട സിവിൽ സർ വ്വീസ് നാട് പ്രതിസന്ധിയിലായ ഘട്ടങ്ങളിൽ സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിച്ചു. പുതിയ സർക്കാരും സിവിൽ സർവ്വീസിനെ വി ശ്വാസത്തിലെടുത്താണ് മുന്നോട്ട് പോകുന്നതെ ന്ന് ആദ്യ നാളുകളിൽ തന്നെ വ്യക്തമായി. നൂറ് ദിവസത്തിനുള്ളിൽ ആയിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഒഴിവുവന്ന മുഴുവൻ തസ്തികയിലേക്കും പി.എസ്.സി. വഴി നിയമനം നൽകി. ജീവനക്കാർക്കും പെൻഷൻകാർക്കും ഒരുപോലെ പ്രയോജനകരമായ മെഡിസെപ്പ് നടപ്പിലാക്കുന്നതിലെ സാങ്കേതികവും നിയമ പരവുമായ തടസ്സങ്ങൾ പരിഹരിച്ചു. വേതന പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹ രിക്കാൻ അനോമലി റെക്ടിഫിക്കേഷൻ കമ്മി റ്റിയെ നിയോഗിച്ചു. സേവന പരിഷ്ക്കരണം സംബന്ധിച്ച ശമ്പളകമ്മീഷൻ ശുപാർശകൾ ജീവനക്കാരുമായി ചർച്ചചെയ്ത് മാത്രമേ നടപ്പി ലാക്കുകയുള്ളൂവെന്ന് വ്യക്തമാക്കി. നാലാം ഭരണപരിഷ്ക്കാര കമ്മീഷൻ സിവിൽ സർവ്വീസ് പരിഷ്ക്കരണം സംബന്ധിച്ച് സമർപ്പിച്ച നിർ ദ്ദേശങ്ങൾ ചർച്ചചെയ്ത് നടപ്പാക്കേണ്ടതുണ്ട്. പങ്കാളിത്തപെൻഷൻ പുന:പരിശോധനാസമി തി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ തുടർ നടപടികൾ കാലവിളംബം കൂടാതെ സ്വീകരി ക്കേണ്ടിയിരിക്കുന്നു. സിവിൽ സർവ്വീസിന്റെ പ്ര വർത്തനങ്ങൾ കൂടുതൽ ജനോന്മുഖമാക്കുന്ന തിനുള്ള ഇടപെടലുകൾ ആരംഭിച്ചുകഴിഞ്ഞു. സർവ്വീസിന്റെ സേവനക്ഷമത ഉയർത്താനും, സു താര്യത ഉറപ്പാക്കാനും ഇലക്ട്രോണിക് ഫയൽ സംവിധാനം സാർവ്വത്രികമാക്കണം. ഹാജർ ഉറ പ്പുവരുത്തുന്നതിനായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എല്ലായിടത്തും വ്യാപിപ്പിയ്ക്കണം. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടു ത്താൻ സർക്കാർ അതിവേഗം നടപടികൾ സ്വീ കരിച്ചു വരികയാണ്. സർക്കാർ സേവനങ്ങൾ അർഹരായവരുടെ അടുക്കലെത്തിക്കുന്നതിനാ യി വാതിൽപ്പടി സേവനം ഉറപ്പാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. ഈ സം രംഭത്തിന്റെ വിജയത്തിന് സിവിൽ സർവ്വീസിന്റെ കാര്യക്ഷമത അത്യന്താപേക്ഷിതമാണ്.

സമൂഹം വളരെയേറെ പുരോഗമിച്ചെങ്കിലും ജനസംഖ്യയുടെ പകുതിയിലേറെവരുന്ന സ്ത്രീ കൾക്ക് ഇനിയും തുല്യത ഉറപ്പുവരുത്താനായിട്ടി

ല്ല. സ്ത്രീകളെ അടിമകളായി മാത്രം പരിഗണിച്ചിരുന്ന ഫ്യൂഡൽ മൂല്യസങ്കല്പങ്ങളുടെ സ്ഥാനത്ത് നവോത്ഥാനത്തിന്റെയും ജനാധിപത്യമുന്നേറ്റത്തിന്റെയും കാലമായപ്പോൾ സ്ത്രീ ജീവിതങ്ങൾ കുറെക്കൂടി മെച്ചപെട്ടു. എന്നാൽ കമ്പോളവൽക്കരണം പിടിമുറുക്കിയതോടെ സ്ത്രീകൾ കേവലം കച്ചവട വസ്തു എന്നനിലയിലേക്ക് തരം താഴ്ത്തപ്പെട്ടു. രാജ്യത്ത് സ്ത്രീകൾക്കെതിരായ പീഠനങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരികയാണ്.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിലും അവരെ ശാക്തീകരിക്കുന്നതിലും മാതൃകാപരമായ നിലപാടാണ് കേരളം സ്വീകരിച്ചുപോന്നിട്ടുള്ളത്. പ്രാദേശിക സർക്കാരുകളിലെ 50% സ്ത്രീപങ്കാളിത്തം, സുശക്തമായ കുടുംബശ്രീ സംവിധാനം, ജനപക്ഷ സർക്കാരിന്റെ ജൻഡർ ബഡ്ജറ്റിംഗ് അടക്കമുള്ള ഭരണനടപടികൾ, ഇടതുപുരോഗമന പ്രസ്ഥാനങ്ങളുടെ സ്വാധീനം ഇവയെല്ലാമാണ് കേരളത്തിൽ സ്ത്രീ ശാക്തീകരണം സാധ്യമാക്കിയത്. എന്നാൽ കേരളത്തിന്റെ പ്രബുദ്ധതയ്ക്ക് കളങ്കം ചാർത്തും വിധം സ്ത്രീകൾക്കെതിരായ കടന്നാക്രമണങ്ങൾ സംഭവിക്കുന്നു. സ്ത്രീധന പീഡനങ്ങൾ, ഗാർഹിക അതിക്രമം, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങി സ്ത്രീകൾക്കെതിരായി നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ജാഗ്രത്തായതും വിട്ടുവീഴ്ചയില്ലാത്തതുമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സംസ്ഥാന സർക്കാർ ഈ രംഗത്ത് ഫലപ്രദമായി ഇടപെടുന്നുണ്ട് എങ്കിലും സമൂഹത്തിന്റെ ബോധനിലവാരത്തിലും മനോഭാവത്തിലും കാതലായ മാറ്റമുണ്ടാകേണ്ടതുണ്ട്. സമൂഹമൊന്നായും സ്ത്രീപക്ഷ നിലപാട് ഉയർത്തിപ്പിടിക്കുകയാണ് വേണ്ടത്.

സാധാരണക്കാരും, പാർശ്വവൽക്കരിക്കപ്പെട്ടവരും തൊഴിലെടുത്ത് ജീവിക്കുന്നവരുമായ സാമാന്യ ജനങ്ങളുടെ ജീവിതത്തിനും ജീവനോപാധികൾക്കും നേരെ രൂക്ഷമായ കടന്നാക്രമണമാണ് കമ്പോളശക്തികൾ അഴിച്ചുവിടുന്നത്. സർക്കാരുകൾകൂടി അവരുടെ പക്ഷം ചേരുമ്പോൾ കരുത്തുറ്റ പ്രക്ഷോഭങ്ങളിലൂടെ ഈ നയങ്ങളെ ചെറുത്തു തോൽപ്പിക്കുകയാണ് ഏക പോംവഴി. ജനപക്ഷ ബദൽ നയങ്ങളുയർത്തുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ പിന്തുണയ്ക്കുകയെന്നതും നവലിബറൽ നയങ്ങൾക്കെതിരായ പ്രക്ഷോഭത്തിന്റെ ഭാഗമാണ്.

നിലനിൽപ്പിലായി നടത്തുന്ന പ്രക്ഷോഭത്തിൽ വിജയമുറപ്പാക്കാൻ സമൂഹത്തിന്റെ പിന്തുണ അനിവാര്യമാണ്. സ്വന്തം തൊഴിൽപരമായ ഉത്തരവാദിത്വം കാര്യക്ഷമതയോടെ നിർവഹിച്ച് വിശ്വാസമാർജ്ജിച്ചെടുക്കുകയാണ് സമൂഹ പിന്തുണ നേടിയെടുക്കാനുള്ള ഏക മാർഗ്ഗം. അവകാശ സമരങ്ങളിൽ എക്കാലവും സിവിൽ സർവ്വീസിന് കരുത്തായി തീർന്നിട്ടുള്ളതും സമൂഹ പിന്തുണയാണ്. ഈ വസ്തുത തിരിച്ചറിഞ്ഞാണ് സംസ്ഥാന സിവിൽ സർവ്വീസിലെ മഹാഭൂരിപക്ഷത്തെ അണിനിരത്തി പ്രക്ഷോഭം നയിക്കാൻ കേരള എൻ.ജി.ഒ.യൂണിയൻ തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ അണിനിരക്കുക, സംസ്ഥാന സർക്കാരിന്റെ ജനപക്ഷ ബദൽ നയങ്ങൾ ശക്തിപ്പെടുത്തുക,പി.എഫ്.ആർ.ഡി.എ. നിയമം പിൻവലിക്കുക; പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതി റിപ്പോർട്ടിൽ തുടർ നടപടികൾ സ്വീകരിക്കുക, ജനോൻമുഖ സിവിൽസർവീസ് യാഥാർഥ്യമാക്കുക. സ്ത്രീപക്ഷ നിലപാട് ഉയർത്തിപ്പിടിക്കുക. എന്നീ മുദ്രാവാക്യങ്ങൾ ഉന്നയിച്ചാണ് സംസ്ഥാനത്തെ ആയിരത്തി ആറ് കേന്ദ്രങ്ങളിൽ 2021 സെപ്റ്റംബർ 15 ന് പ്രാദേശിക ധർണ്ണയും, സ്ഥാപനങ്ങളിൽ പ്രകടനവും സംഘടിപ്പിച്ചത്. ഒരു ലക്ഷത്തിലേറെ ജീവനക്കാരെ അണിനിരത്തിയ ഈ പ്രക്ഷോഭത്തിന് മുന്നോടിയായി സർക്കാർ ഓഫീസുകളും പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് അതിവിപുലമായ പ്രചാരണം സംഘടിപ്പിച്ചു. നവ മാധ്യമങ്ങൾ വഴിയും ആകർഷകമായ പ്രചാരണം നടത്തി. ജീവനക്കാരെയാകെ നേരിൽ കണ്ട് പ്രക്ഷോഭ മുദ്രാവാക്യങ്ങൾ വിശദീകരിച്ചു. ധർണ്ണയുടെ വിജയത്തിന് വനിതകൾ പ്രത്യേകമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ആശയ പ്രചാരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി സംഘടനയുടെ ഫെയ്സ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് 4 ദിവസം നീണ്ട പ്രഭാഷണപരമ്പര സംഘടിപ്പിച്ചു. സിവിൽ സർവ്വീസിൽ സമീപകാലത്ത് ദൃശ്യമാകാത്തവിധം വിപുലവും ആവേശകരമായ പ്രവർത്തനങ്ങളാണ് പ്രക്ഷോഭത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ചത്. പ്രവർത്തനങ്ങളിലെ ആവേശം പങ്കാളിത്തത്തിലും പ്രതിഫലിച്ചു. സംസ്ഥാന സിവിൽ സർവ്വീസിന്റെ ചരിത്രത്തിലെ ആവേശോജ്ജ്വലവും അവിസ്മരണീയവുമായ പ്രക്ഷോഭമായി പ്രാദേശിക ധർണകൾ മാറി.●

# ക്ഷേമനിധി നേടാൻ ചെത്തുതൊഴിലാളികൾ നടത്തിയ പ്രക്ഷോഭസമരങ്ങൾ



**കെ.എം. സുധാകരൻ**

വ്യവസായ തൊഴിലാളികൾക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും എന്തുകൊണ്ട് ചെത്ത് തൊഴിലാളികൾക്കും ലഭിച്ചുകൂട എന്ന ചിന്തയാണ് ചെത്തുതൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പിഎഫും ലഭിക്കുന്നതിന് കാരണമായത്.

കേരള സംസ്ഥാന ചെത്തു തൊഴിലാളി ഫെഡറേഷന്റെ എക്സിക്യൂട്ടീവിൽ ഈ ആവശ്യം ഉന്നയിച്ച് മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യമുയർന്നെങ്കിലും വിഷയം മാറ്റിവയ്ക്കുകയാണുണ്ടായത്.

സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവന്നിരുന്ന മറ്റൊരു സംഘടനയായ എഐടിയുസിയുടെ നേതൃത്വത്തിലുള്ള തിരുകൊച്ചി ചെത്തുതൊഴിലാളി ഫെഡറേഷനിൽ ആയിരുന്നു ഞാൻ ഉൾപ്പെടെ കേരള സംസ്ഥാന ചെത്തുതൊഴിലാളി ഫെഡറേഷനിലെ പ്രവർത്തകർ. ആശയപരമായ തർക്കം മൂർഛിച്ചാണ് മറ്റൊരു സംഘടന രൂപീകരിക്കാനിടയാക്കിയത്. വർഗ സഹകരണത്തിന്റെ പാതയാണ് തിരുകൊച്ചി ചെത്തുതൊഴിലാളി ഫെഡറേഷൻ നേതൃത്വം സ്വീകരിച്ചിരുന്നത്. അതിനോട് യോജിപ്പില്ലാത്തവരും വർഗസമരത്തിന്റെ പാത അംഗീകരിക്കുന്നവരുമാണ് പുതിയ സംഘടനക്ക് രൂപം നൽകിയത്. രണ്ടാമത് കൂടിയ എക്സിക്യൂട്ടീവിൽ ചെത്തുതൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും വേണമെന്ന ആവശ്യം അംഗീകരിച്ചു. അടുത്ത വർഷത്തേക്കുള്ള അടിയന്തരാവശ്യ മെമ്മോറാണ്ടത്തിൽ ഈ ആവശ്യം ഉൾപ്പെടുത്താൻ നിശ്ചയിച്ചു. ആവശ്യം അംഗീകരിച്ചു കിട്ടാൻ ശക്തമായ സമരങ്ങൾ നടന്നു.

ചെത്തുതൊഴിലാളികൾക്ക് 1967-68 വർഷം മുതൽ ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും അംഗീകരിച്ചു നടപ്പാക്കാൻ സമ്മതിച്ചുകൊണ്ടാണ് ഒത്തുതീർപ്പുണ്ടായത്. ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും 1968 മാർച്ച് 15 മുതൽ നടപ്പിൽ വരുത്താനും തീരുമാനിച്ചു.

നേടിയെടുത്ത കാര്യങ്ങൾ സംരക്ഷിക്കാൻ ഒരു നിയമം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ഇത് സർക്കാരിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു. ഇഎംഎസ് സർക്കാരിൽ മത്തായി മാഞ്ഞൂരാനായിരുന്നു തൊഴിൽ മന്ത്രി.

അധികം വൈകാതെ കേരള നിയമസഭയിൽ ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും സംരക്ഷിച്ചുകൊണ്ട് ബിൽ അവതരിപ്പിച്ചു. കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമം എന്ന പേരിലാണ് ബിൽ അവതരിപ്പിച്ചത്. 1970 ജനുവരി മുതൽ നിയമം പ്രാബല്യത്തിലായി. സ. മത്തായി മാഞ്ഞൂരാൻ അവതരിപ്പിച്ച ബിൽ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് നേടിയത് സംരക്ഷിക്കുക മാത്രമായിരുന്നില്ല, ഈ വ്യവസായത്തിലെ എല്ലാ വിഭാഗം തൊഴിലാകളികൾക്കും ക്ഷേമനിധി നിയമം ബാധകമാക്കികൊണ്ടുള്ള സമഗ്രമായ വ്യവസ്ഥാൾ ഉൾക്കൊള്ളുന്നമായിരുന്നു. ഇതാണ് ഈ നിയമത്തിന്റെ പശ്ചാത്തലം. ഇതിനു ശേഷമാണ് കേരളത്തിൽ എല്ലാവിഭാഗം തൊഴിലാളികളും ക്ഷേമനിധി എന്ന ആവശ്യം ഉന്നയിക്കാൻ തുടങ്ങിയത്.

സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് പകരം ആദ്യമായി തൊഴിലാളി പ്രതിനിധി (19ാമത്) ആയത് ഐഎൻടിയുസി നേതാവ് രാഘവൻ പുഴക്കടവിൽ ആണ് 25ാമത് ചെയർമാനായത് കെ എം സുധാകരൻ സിഐടിയു (01/11/2006 മുതൽ 26/06/2011).

തുടർന്ന് മിനിമം പെൻഷൻ 1000 രൂപ എന്നത് 2000 ആയി ഉയർത്തി. കുടുംബ പെൻഷൻ 1100ഉം 1200ഉം 3000വും, സർവീസിലിരിക്കേ മരണപ്പെടുന്നവരുടെ പെൺമക്കൾക്ക് (രണ്ടുപേർക്ക്) വിവാഹ സഹായം രണ്ടുലക്ഷം രൂപ, തൊഴിലാളികൾക്കും തൊഴിലാളികളുടെ പെൺമക്കൾക്കുമുള്ള വിവാഹ ധനസഹായം 40,000 രൂപ, കൂടുതൽ സർവീസുള്ള തൊഴിലാളികൾക്കുള്ള ആനുകൂല്യം ജില്ല അടിസ്ഥാനത്തിൽ പനതെങ്ങ് 50,000 രൂപ, തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കി. എല്ലാ തൊഴിലാളികളെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമാക്കി. അപകട ഇൻഷുറൻസ് പദ്ധതി നടപ്പാക്കി. 2009ൽ ആദ്യമായി ചെയർമാനായ അവസരത്തിൽ തൊഴിലാളികളുടെ പെൻഷൻ 500 രൂപയായി വർധിപ്പിച്ചിരുന്നു.തൊഴിലാളി സമൂഹത്തിനായി വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞുവെന്നത് അഭിമാനാർഹമായ കാര്യമാണ്.

അസംഘടിതരായ ഒട്ടേറെ തൊഴിൽ വിഭാഗങ്ങൾക്ക് ക്ഷേമനിധി നടപ്പിലാക്കുവാൻ പ്രചോദനമായ ശ്രദ്ധേയമായ ചുവട് വയ്പായിരുന്നു ചെത്ത് തൊഴിലാളി ക്ഷേമനിധി എന്ന് പറയാം. •

# സൗജന്യ ചികിത്സ കേരളം ഒന്നാമത്



കേരളത്തിന്റെ ആരോഗ്യ മികവിന് വീണ്ടും കേന്ദ്രപുരസ്കാരം. സൗജന്യ ചികിത്സ നൽകുന്ന രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനമായി കേരളം. ആരോഗ്യമന്ഥൻ 3.0 പദ്ധതിയിലാണ് ഈ അംഗീകാരം. ഇതുൾപ്പെടെ സംസ്ഥാനത്തിന് മൂന്ന് ദേശീയ പുരസ്കാരം കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യ പ്രഖ്യാപിച്ചു.

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യയോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) യിൽ കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവർഡ് കോട്ടയം മെഡിക്കൽ കോളേജിന് ലഭിച്ചു. ഒരു വർഷം കൂടുതൽ എബിപിഎം ജെഎവൈ കാസ്പ് കാർഡ് പുതുക്കിയതിന് പ്രധാൻ മന്ത്രി ആരോഗ്യമിത്രയ്ക്കുള്ള അവാർഡ് ആലപ്പുഴ വണ്ടാനം ടിഡി മെഡിക്കൽ കോളേജിലെ എ അശ്വതി അർഹയായി. പൊതുജനാരോഗ്യ സംരക്ഷണത്തിൽ കേരളത്തിന്റെ ജാഗ്രതയ്ക്കുള്ള അംഗികാരമാണ് പുരസ്കാരങ്ങളെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

മൂന്നു വർഷത്തിനിടെ രണ്ടു കോടി സൗജന്യ ചികിത്സയാണ് പദ്ധതിയിൽ രാജ്യത്ത് ആകെ നടപ്പാക്കിയത്. ഇതിൽ 27.5 ലക്ഷം (മൊത്തം ചികിത്സയുടെ 13.66 ശതമാനം) കേരളത്തിലാണ്.

കാസ്പ് നടത്തിപ്പിന് കേരളം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് (എസ്എച്ച്എ) രൂപം നൽകിയിരുന്നു. സ്വാകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സ ഏകോപിപ്പിക്കുന്നതിൽ എസ്എച്ച്എ വലിയ പങ്കു വഹിച്ചു. കാസ്പ് ഗുണഭോക്താവ് അല്ലാത്ത, സർക്കാർ ആശുപത്രിയില നിന്ന് റഫർ ചെയ്യ കോവിഡ് രോഗികൾക്കും സ്വാകര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കി.

കാസ്പിൽ വർഷം ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപയുടെ ചികിത്സയും കാരുണ്യ ബെനവലന്റ് ഫണ്ടിൽ (കെബിഎഫ്) ആജീവനാന്തം രണ്ട് ലക്ഷം രൂപയുടെ ചികിത്സയും ലഭ്യമാകും. കാസ്പിൽ ഉൾപ്പെടാത്ത മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങളും കെബിഎഫിന് അർഹരാണ്. സംസ്ഥാനത്ത് ഈ പദ്ധതി ആനുകൂല്യം 192 സർക്കാർ ആശുപത്രികളിലും 569 സ്വകാര്യ ആശുപത്രികളിലും ലഭ്യമാണ്.

# കോവിഡ് മരണം: ബിപിഎൽ കുടുംബങ്ങൾക്ക് മാസം 5000 രൂപ

കോവിഡ് ബാധിച്ച് മരിക്കുന്ന വ്യക്തികളുടെ കുടുംബങ്ങൾക്ക് നിലവിലെ സഹായങ്ങൾക്ക് പുറമെ സമാശ്വാസ ധനസഹായം അനുവദിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. മരിച്ച വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബിപിഎൽ കുടുംബങ്ങൾക്കാണ് ഇത് ലഭിക്കുക. മാസം 5000 രൂപ വീതം മൂന്ന് വർഷത്തേക്ക് നൽകും.

# ആഗോള സമ്പദ് വളർച്ച പരുങ്ങലിൽ : ഐഎംഎഫ്




ഒക്ടോബർ 12-ാം തീയതി ഐഎംഎഫ് അവരുടെ World Economic Outlook 2021 റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. കോവിഡിന്റെ ഡെൽറ്റ പോലെയുള്ള പുതിയ വകഭേദങ്ങൾ പടരുന്ന സാഹചര്യത്തിൽ ആഗോള സാമ്പത്തിക വളർച്ചയിൽ അനിശ്ചിതത്വങ്ങൾ നിലനിൽക്കുന്നതായി റിപ്പോർട്ട് പറയുന്നു.

നാനാതരം വെല്ലുവിളികളാണ് ആഗോള സമ്പദ് രംഗം നേരിടുന്നത്. തീരെ താണ തൊഴിൽ വളർച്ച, ഉയരുന്ന വിലക്കയറ്റം, ഭക്ഷ്യക്ഷാമം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. ഈ സാഹചര്യം നയപരമായ പുതിയ തീരുമാനങ്ങൾ എടുക്കാനും കഴിയാത്ത അവസ്ഥ സൃഷ്ടിക്കുന്നുമുണ്ട്.

ആഗോള സമ്പദ് രംഗം 2021-ൽ 5.9 ശതമാനവും 2022-ൽ 4.0 ശതമാനവും വളർച്ച നേടുമെന്നാണ് റിപ്പോർട്ട് കണക്കാക്കുന്നത്. ഈ റിപ്പോർട്ടിൽ 2021-ലെ വളർച്ച ജൂലൈയിൽ കണക്കാക്കിയതിനേക്കാൾ 0.1 ശതമാനം കുറവായിരിക്കുമെന്നാണ് ഐഎംഎഫ് കണക്കാക്കുന്നത്. അവികസിത രാജ്യങ്ങളിൽ വാക്സിനേഷൻ പുരോഗമിക്കാത്തതും വികസിത രാജ്യങ്ങളിൽ ചരക്കുകളുടെ സംഭരണവും ഉൽപ്പാദനവും വിതരണവും പൂർവസ്ഥിതി പ്രാപിക്കാത്തതുമൂലമാണ് ഐഎംഎഫ് വളർച്ചയുടെ തോത് കുറയുമെന്ന പറയുന്നത്.

അമേരിക്കയിലും, വികസ്വര രാജ്യങ്ങളിലും വിലക്കയറ്റം വർധിക്കുകയാണ്. ചരക്കുകളുടെ സപ്ലൈയിലും ഡിമാന്റിലും ഉള്ള അസന്തുലിതാവസ്ഥ സാമ്പത്തിക വളർച്ചയ്ക്ക് ഭീഷണിയാണ്. ആവശ്യക്കാർ വർധിക്കുന്നുണ്ടെങ്കിലും ചരക്കുകളുടെ ലഭ്യത പഴയ നിലവാരത്തിലേക്ക് ഉയരുന്നില്ല. യൂറോപ്പിന്റെയും അമേരിക്കയുടെയും സാമ്പത്തിക വളർച്ചയും പ്രതീക്ഷിച്ച നിലവാരത്തിലേക്കെത്തിയില്ല എന്നാണ് ഐഎംഎഫ് വിലയിരുത്തുന്നത്. ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. അസംസ്കൃത വസ്തുക്കളുടെ ക്ഷാമം കാരണം ജർമ്മനിയിലെ ഉൽപ്പാദന മേഖല പ്രതിസന്ധിയിലാണ്. ജർമ്മനിയിൽ നടപ്പാക്കിയ കോവിഡ് പ്രതിരോധ നടപടികൾ സാമ്പത്തിക വീണ്ടെടുപ്പിനെ സാരമായി ബാധിച്ചു.

## ഊർജ പ്രതിസന്ധി

'ദി ഇക്കണോമിസ്റ്റ്' മാഗസിന്റെ ഒക്ടോബർ ലക്കത്തിലെ പ്രധാന ലേഖനം ലോകം നേരിടുന്ന ഊർജ പ്രതിസന്ധിയെക്കുറിച്ചാണ്. 'The Energy Shock' എന്നാണ് മാഗസിന്റെ കവറിൽ കൊടുത്തിരിക്കുന്നത്. മേയ് 2021-ന് ശേഷം എണ്ണവില 90 ശതമാനം വർധിച്ചു. കൽക്കരിയുടെ വിലയും കുതിച്ചുയരുകയാണ്. ഊർജ്ജ മേഖലയിലുള്ള ഈ വിലക്കയറ്റവും ആഗോള സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കും.

# കേരള സംസ്ഥാന വിദേശമദ്യവ്യവസായ തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) 70-ാം സംസ്ഥാന സമ്മേളനം

യൂണിയന്റെ 70-ാം സംസ്ഥാന സമ്മേളനം എറണാകുളത്ത് ജി. കൃഷ്ണൻകുട്ടി ഹാളിൽ (വൈ.എം.സി.എ. ഹാൾ) ഒക്ടോബർ 2 ന് എം.എം.. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. 14 ഭാരവാഹികളും തെരഞ്ഞെടുക്കപ്പെട്ട 146 പ്രതിനി ധികളും സമ്മേളനത്തിൽ പങ്കെടുത്തു. ഇതിൽ 52 പേർ വനിതകളായിരുന്നു.

പ്രസിഡന്റ് എം.എം. വർഗ്ഗീസ് സമ്മേളനത്തിന്റെ തുടക്കമായി സമ്മേളന നഗറിൽ പതാക ഉയർത്തി. പുഷ്പാർച്ചനയ്ക്കുശേഷം ഹാളിൽ പ്രതിനിധി സമ്മേ ളനം ആരംഭിച്ചു. അജണ്ട അംഗീകരിച്ചശേഷം കെ.വി. പ്രതിഭ രക്തസാക്ഷി പ്രമേ യവും, പി.ആർ. രാജശേഖരൻ അനുശോചനപ്രമേയവും അവതരിപ്പിച്ചു.

സ്വാഗതസംഘം സെക്രട്ടറി കെ.വി. രാമചന്ദ്രൻ സ്വാഗതം ആശംസിച്ചു. തുടർന്ന് സമ്മേളനം സി.ഐ.ടി.യു. ദേശീയ സ്കെട്ടറി കെ. ചന്ദ്രൻ പിള്ള ഉൽഘാടനം ചെയ്തു. ഇന്ത്യയിൽ തൊഴിലാളിവർഗ്ഗം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും, എൽ.ഡി.എഫ്. ഗവൺമെന്റ് തൊഴിലാളികൾക്കും ജനങ്ങൾക്കും അനുകൂലമായി എടുക്കുന്ന നിലപാടുകളും വിശദീകരിച്ചു. വിശേഷിച്ചും യൂണിയനിലെ ലേബലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി യൂണിയന്റെ നിരന്തരമായ ഇടപെടലുകളും അതിന് അനു കൂലമായി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തൊഴിലാളി വർഗത്തിനനുകൂലമായി എടുത്ത നിലപാടുകളും വിശദീകരിച്ചു. തുടർന്ന് യൂണിയന്റെ സ്ഥാപകനേതാവ് കെ.എം. സുധാകരനെ ആദരിക്കുന്ന ചടങ്ങും ഉണ്ടായി. ജനറൽ സെക്രട്ടറി സി.കെ. മണിശങ്കർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഖജാൻജി എം.ജി. അജയൻ കണക്ക് അവതരിപ്പിച്ചു. റിപ്പോർട്ടിന്മേൽ എല്ലാ ജില്ലകളിൽ നിന്നുമായി 18 പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.



കെ.എസ്. സുനിൽകുമാർ



എസ്. ജയകുമാർ

ലേബലിംഗ് തൊഴിലാളികളെ അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെ ടുത്തണമെന്നും, സ്പെഷ്യൽ റൂൾസ് നടപ്പിലാക്കി എൽ.ഡി.സി. യു.ഡി.സി എന്ന നിലയിൽ അബ്കാരി തൊഴിലാളികൾക്ക് ശമ്പളം ലഭ്യമാക്കാൻ നടപടിയുണ്ടാകണമെന്നും, യു.ഡി.എഫ്. സർക്കാർ നിർത്തലാക്കിയ 10% ഷോപ്പുകൾ പുനസ്ഥാപിക്കുക, കോവിഡ് രോഗം വന്നവർക്ക് കെ.എസ്.ബി.സി.യും കൺസ്യൂമർഫെഡും, ധനസഹായം നൽകുക, ലേബർ കോഡുകൾ നാലും കേന്ദ്ര സർക്കാർ പിൻവലിക്കുക, പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധന പിൻവലിക്കുക എന്നീആ വശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രമേയങ്ങളും പാസാക്കി. ജനറൽ സെക്രട്ടറി സി.കെ. മണിശങ്കർ മറുപടി പറഞ്ഞു. കെ.എസ്. സുനിൽകുമാറിനെ പ്രസിഡന്റായും എസ്. ജയകുമാറിനെ ജനറൽ സെക്രട്ടറിയായും എം.ജി. അജയനെ ഖജാൻജിയായും സമ്മേളനം തെരഞ്ഞെടുത്തു.



# മത്സ്യഫെഡ് എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം




കാട്ടാക്കട ശശി നഗറിൽ പി പി ചിത്തരഞ്ജൻ എംഎൽഎ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എഫ് നഹാസ് അധ്യക്ഷനായി. മുൻപ്രസിഡന്റ് വി സുരേഷ്, മുൻ ജനറൽ സെക്രട്ടറി എസ് ജ്യോതികുമാർ എന്നിവരെ ആദരിച്ചു.

പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്ന കേന്ദ്ര സർക്കാർ നയം തിരുത്തുക, ഇന്ധന വില വർധനവ് പിൻവലിക്കുക, മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണയ്ക്കും ഡീസലിനും സബ്സിഡി അനുവദിക്കുക, വർഷങ്ങളായി ജോലിനോക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക എന്നീ ആവശ്യങ്ങൾ സമ്മേളനം മുന്നോട്ടുവച്ചു.

മത്സ്യഫെഡ് എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റായി എഫ് നഹാസിനെയും ജനറൽ സെക്രട്ടറിയായി ഡി ലാലാജിയെയും തെരഞ്ഞെടുത്തു. ആർ ഹരിദാസാണ് ട്രഷറർ. വൈസ് പ്രസിഡന്റുമാരായി അപർണ രാധാകൃഷ്ണൻ, യു ഹരികുമാർ, ബാലകൃഷ്ണൻ നായർ, ബിനു കുര്യാക്കോസ് എന്നിവരും സെക്രട്ടറിമാരായി എച്ച് ഷരീഫ്, മംഗളാനന്ദൻ, ടി വി അനിൽകുമാർ, മുഹമ്മദ് അസ്ലം, എസ് ജെ ഷൈജു എന്നിവരും ഉൾപ്പെടെ 37 അംഗ സംസ്ഥാന കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.



എഫ് നഹാസ്



ഡി ലാലാജി

# കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ ആർടിസാൻസ് പ്രതിഷേധ ധർണ നടത്തി

നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കേന്ദ്ര ഗവൺമെന്റ് നൽകുക, ഗ്രാറ്റുവിറ്റി പുനസ്ഥാപിക്കുക, നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം തടയുക, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർധനവ് പിൻവലിക്കുക, പൊതുമേഖല സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക, തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾ പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള ആർടിസാൻസ് യൂണിയൻ (സിഐടിയു) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് രണ്ടായിരത്തിലധികം കേന്ദ്രങ്ങളിൽ നടന്നു. കേന്ദ്ര ഗവൺമെന്റ് ഓഫീസുകളിലും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലുമാണ് തൊഴിലാളികൾ സമരം നടത്തിയത്. തിരുവനന്തപുരം ജനറൽ പോസ്റ്റ് ഓഫീസിന് മുന്നിൽസിഐടിയു ജില്ലാ സെക്രട്ടറി സ. ജൻബാബുവും ആർഎംഎസിന് മുന്നിൽ യൂണിയൻ ജനറൽ സെക്രട്ടറി സ. നെടുവത്തൂർ സുന്ദരേശനും ഉദ്ഘാടനം ചെയ്തു.

# ദേശാഭിമാനി ന്യൂസ് പേപ്പർ എംപ്ലോയീസ് സംസ്ഥാന സമ്മേളനം

മാധ്യമ മേഖലയിലെ തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനുള്ള വേജ് ബോർഡ് പുനഃസ്ഥാപിക്കണമെന്ന് ദേശാഭിമാനി ന്യൂസ് പേപ്പർ എംപ്ലോയീസ് യൂണിയൻ (സിഐടിയു) സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. തൊഴിലാളി വിരുദ്ധമായ നാല് ലേബർ കോഡുകൾ പിൻവലിക്കുക, കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിച്ച് കർഷക പ്രക്ഷോഭം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുക തുടങ്ങിയ പ്രമേയങ്ങളും അംഗീകരിച്ചു.



എം പ്രമോദ് കുമാർ ഗോപൻ നമ്പാട്ട്

പ്രതിനിധി സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റും ദേശാഭിമാനി ജനറൽ മാനേജരുമായ കെ ജെ തോമസ് ഉദ്ഘാടനം ചെയ്തു. ഗോപൻ നമ്പാട്ട് അധ്യക്ഷനായി. സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി പി കെ മുകുന്ദൻ, ദേശാഭിമാനി സീനിയർ ന്യൂസ് എഡിറ്റർ കെ പ്രേമനാഥ് എന്നിവർ സംസാരിച്ചു. എം പ്രമോദ് കുമാർ സ്വാഗതവും ടി കെ പ്രകാശൻ നന്ദിയും പറഞ്ഞു.




തൊഴിൽനിയമ ഭേദഗതികളും നവലിബറൽ നയങ്ങളും വിഷയത്തിൽ നടത്തിയ വെർച്വൽ സെമിനാർ സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

സിഐടിയു അഖിലേന്ത്യാ സെക്രട്ടറി കെ. ചന്ദ്രൻപിള്ള, മാധ്യമ പ്രവർത്തകൻ ഡോ. അരുൺകുമാർ, ദേശാഭിമാനി ചീഫ് ന്യൂസ് എഡിറ്റർ മനോഹരൻ മൊറായി, ദില്ലി യൂണിയൻ ഓഫ് ജേർണലിസ്റ്റ് സെക്രട്ടറി ഡോ. എ.എം. ജിഗീഷ്, കെ.യു.ഡബ്ല്യു.ജെ സംസ്ഥാന പ്രസിഡന്റ് കെ.പി. റെജി എന്നിവർ സംസാരിച്ചു.

ദേശാഭിമാനി ന്യൂസ് പേപ്പർ എംപ്ലോയീസ് യൂണിയൻ(സിഐടിയു) സംസ്ഥാന പ്രസിഡന്റായി എം പ്രമോദ് കുമാറിനെയും ജനറൽ സെക്രട്ടറിയായി ഗോപൻ നമ്പാട്ടിനെയും തെരഞ്ഞെടുത്തു . ടോം പനയ്ക്കൽ, സി മോഹനൻ (വൈസ് പ്രസിഡന്റുമാർ), യശോദ പ്രിയദർശിനി ( ട്രഷറർ), കെ മധു, അബ്ദുറഹ്മാൻ കൂരി (സെക്രട്ടറിമാർ), എ റിദീഷ് , മെൽവിൻ കെ ജോർജ്, കെ കെ സോമൻ, ജേക്കബ് കുര്യൻ, പി അനിൽകുമാർ, കെ എസ് പ്രദീപ് ( സെക്രട്ടറിയറ്റ് അംഗങ്ങൾ).



WFTU സ്ഥാപക ദിനത്തിൽ സിഐടിയു പാളയത്ത് സംഘടിപ്പിച്ച സാർവദേശീയ പ്രക്ഷോഭദിനം സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു